LIBRARY ARCHIVES Kerala Legislative Assembly

VI. റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ

ശ്രീ. ജോർജ്ജ് ജെ. മാത്യു: പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ആറാമത്തെയും ഏഴാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. പഴയ നയപ്രഖ്യാപനത്തിന്റെ ആവർത്തനം മാത്രമാണ് ഇത്. പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കി എന്നു മാത്രമേ ഇതിനെ സംബന്ധിച്ച് പറയാൻ കഴിയൂ. അതിവേഗ സർക്കാരാണെന്നാണ് ഈ സർക്കാരിനെ പറയുന്നത്. തിരുത്ത് ആവശ്യമാണ്. വേഗത്തിൽ തീരുമാനങ്ങൾ എടുക്കുകയും അതിനേക്കാൾ വേഗത്തിൽ പിൻവലിക്കുകയും ചെയ്യുന്ന അതിവേഗ പിൻവലിക്കൽ സർക്കാരാണ് ഉമ്മൻ ചാണ്ടി സർക്കാർ. നിരവധി ഉദാഹരണങ്ങളുണ്ട്. കരിമണൽ ഖനനത്തെ സംബന്ധിച്ച് തീരുമാനമെടുത്തു. ഉടൻ പിൻവലിച്ചു. മദ്യനയത്തിൽ അതിവേഗത്തിൽ തീരുമാനമെടുത്തു. അതിവേഗത്തിൽ പിൻവലിച്ചു. ലോട്ടറിയുടെ കാര്യത്തിൽ അതിവേഗം തീരുമാനമെടുത്തു. അതിവേഗം പിൻവലിച്ചു. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസി മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമെന്ന് പറഞ്ഞു. ആ തീരുമാനവും മുഖ്യമന്ത്രി വിഴുങ്ങി. വളരെ വേഗത്തിൽ പിൻവലിച്ചു. അതുപോലെ തന്നെ പീഡനങ്ങളെ സംബന്ധിച്ചും ഒരുപാട് ചർച്ചകൾ ഈ സഭയിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായി. അതിനെ സംബന്ധിച്ച് പറയാനുള്ളത് യു.ഡി.എഫ്.-ന്റെ കാലത്തല്ലേ എല്ലാ പീഡനങ്ങളും ഉണ്ടായിട്ടുള്ളത്? സൂര്യനെല്ലി പീഡനം നിങ്ങളുടെ കാലത്തല്ലേ ഉണ്ടായിട്ടുള്ളത്? വിതുര പെൺവാണിഭം നിങ്ങളുടെ കാലത്തല്ലേ ഉണ്ടായിട്ടുള്ളത്? കോഴിക്കോട് ഐസ്ക്രീം പാർലർ പെൺവാണിഭം നിങ്ങളുടെ കാലത്തല്ലേ ഉണ്ടായിട്ടുള്ളത്? തോപ്പുംപടി പെൺവാണിഭം നിങ്ങളുടെ കാലഘട്ടത്തിലല്ലേ ഉണ്ടായിട്ടുള്ളത്? കവിയൂർ പീഡനവും, കിളിരൂർ പീഡനവും നിങ്ങളുടെ കാലഘട്ടത്തിലല്ലേ ഉണ്ടായത്? കുപ്രസിദ്ധമായ തങ്കമണി സംഭവം നിങ്ങളുടെ കാലത്തല്ലേ ഉണ്ടായത്? ഡി.വൈ.എസ്.പി.-യെ പിറന്ന വേഷത്തിൽ സി.ഐ.-ക്ക് സല്യൂട്ട് ചെയ്യേണ്ടിവന്നത് നിങ്ങളുടെ കാലഘട്ടത്തിലല്ലേ? പെൺവാണിഭങ്ങളുടെ പേറ്റന്റാണ് യു.ഡി.എഫ്.-നുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? മന്ത്രിമാരടക്കം ഇത്തരം പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. ഇത്തരത്തിലുള്ള പെൺവാണിഭ പ്രവർത്തനങ്ങൾക്ക് മന്ത്രിമാരടക്കം കൂട്ടുനിൽക്കുന്നതു

കൊണ്ടാണ് യു.ഡി.എഫ്. ഭരിക്കുന്ന അവസരങ്ങളിലെല്ലാംതന്നെ കേരളത്തിൽ പെൺവാണിഭങ്ങളുണ്ടാകുന്നുണ്ട്. സമയപരിമിതികൊണ്ട് ഞാൻ വിശദാംശങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ സി.പി.ഐ.-യെ വിമർശിക്കുവാൻ ചില ആളുകൾക്ക് പ്രത്യേക താൽപ്പര്യമുണ്ട്. മലപ്പുറം ജില്ലയിലെ ഒരു സംഭവത്തെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. †മലപ്പുറം ജില്ലയിൽ ഒരു പാവപ്പെട്ട വീട്ടിലെ ജീവിക്കാൻ നിവൃത്തിയില്ലാത്ത ചെറു ബാലനെ സഖാവ് എൻ.ഇ. ബലറാം പാർട്ടി സെക്രട്ടറി ആയിരുന്ന അവസരത്തിൽ തിരുവനന്തപുരത്ത് കൊണ്ടുവന്ന് പാർട്ടി ഓഫീസിൽ നിർത്തി പഠിക്കുവാൻ ഫീസ് കൊടുത്തു. ആഹാരം കൊടുത്തു. പൈസ കൊടുത്ത് അദ്ദേഹം ആ കുട്ടിയെ പഠിപ്പിച്ച് എൽ.എൽ.ബി. പാസാക്കി. അദ്ദേഹത്തെ എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന ഭാരവാഹിയാക്കി. മീശ മുളയ്ക്കാത്ത ആ പയ്യനെ ചെറു പ്രായത്തിൽ മലപ്പുറത്ത് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയാക്കി പക്ഷെ രക്തത്തിൽ സ്വാഭാവ ദൂഷ്യം അലിഞ്ഞു ചേർത്തിട്ടുള്ള ആ മാന്യ ദേഹം ക്രമ വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ, അനാശാസ്യ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് എൻ. ഇ. ബലറാം തിരുവനന്തപുരത്തുനിന്ന് കാറിൽ മലപ്പുറത്ത് ചെന്ന് ചെരുപ്പൂരി ഈ മാന്യദേഹത്തിന്റെ ചെവിക്കുറ്റിക്ക് അടിച്ചിട്ട് തിരിച്ചു പോന്ന സാഹചര്യം ഉണ്ടായി. രണ്ടുപേരെയാണ് ശ്രീ. എൻ. ഇ. ബലറാം അങ്ങനെ ചെരിപ്പൂരി അടിച്ചിട്ടുള്ളത്. ഒന്ന് സി.ഐ.എ. ചാരനായ സുബ്രമണ്യ സ്വാമിയേയും പിന്നെ ഈ മാന്യ ദേഹത്തേയുമാണ്. അദ്ദേഹമാണ് സി.പി.ഐ.-യെ ഇപ്പോൾ വിമർശിക്കുന്നത്. അദ്ദേഹം സി.പി.ഐ.-യെ ചീങ്കണ്ണിയോട് ഉപമിക്കുകയാണ്; അദ്ദേഹം ഒരു കാര്യം മറന്നുപോയി. കാഴ്ചബംഗ്ലാവിൽ മറ്റൊരു ജീവി കൂടിയുണ്ട്. കാണ്ടാമൃഗമാണത്. വളർത്തി വലുതാക്കിയ സ്വന്തം പാർട്ടിയെ വഞ്ചിച്ചിട്ടുപോയ അദ്ദേഹത്തിന്റെ തൊലിക്കട്ടി കാണ്ടാമൃഗത്തേക്കാൾ കടുപ്പമേറിയതാണെന്ന് പറയാതിരിക്കാൻ കഴിയില്ല. പല നാറിയ കഥകളും പറയാനുണ്ട്. പക്ഷേ പറയുന്നില്ല. ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. സഖാവ് എൻ. ഇ. ബലറാം ചെയ്തതുപോലെ ചെയ്യാനറിയാവുന്ന ആളുകൾ സി.പി.ഐ.-യിൽ ഉണ്ട് എന്ന കാര്യം ആ മാന്യദേഹം മറക്കാതിരിക്കുന്നത് നല്ലതാണെന്നു മാത്രമേ സൂചിപ്പിക്കുന്നുള്ളു. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കെ. പി. രാജേന്ദ്രനെ വെല്ലുവിളിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ ഞങ്ങൾ എതിർത്തില്ല. ഞങ്ങൾ അതിനെതിരായ നിലപാട് സ്വീകരിച്ചില്ല. ഞങ്ങൾ അതിനോട് സഹകരിച്ചു. ഞാൻ ആ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത ഒരാളാണ്. പക്ഷേ ഞങ്ങൾ എന്താണ് എതിർക്കുന്നത്? ധൂർത്തിനെയാണ് എതിർക്കുന്നത്. ജനസമ്പർക്ക പരിപാടിയുടെ പേരിൽ നടക്കുന്ന വെട്ടിപ്പിനേയും ധൂർത്തിനേയും മറ്റു തരത്തിലുള്ള പ്രചരണങ്ങളേയുമാണ് ഞങ്ങൾ എതിർക്കുന്നത്. കോടിക്കണക്കിന് രൂപ ഇതിനുവേണ്ടി ചെലവഴിച്ചു. ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. എന്റെ കയ്യിലുള്ള ബുക്കിൽ നിരവധി ഫോട്ടോകൾ ഉണ്ട്. ഇതെല്ലാം

† ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യപ്പെട്ടതില്ല.
(vide file No. 76/EB/2005/Leg. dt. 5-2-05)

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ സർക്കാരിന് ഭൂഷണമാണോയെന്ന് മനസ്സിലാക്കുന്നത് നല്ലതായിരിക്കും. ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ ഭാര്യയും മകനും ഉൾപ്പെടെയുള്ള ഫോട്ടോ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതൊക്കെ ധൂർത്താണ്. അങ്ങ് ഇതെല്ലാം നേരിട്ട് ചെയ്യുന്നതാണെന്നു ഞാൻ പറയുന്നില്ല. പക്ഷേ ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാൻ അങ്ങേയ്ക്ക് കഴിയണം. അങ്ങയെക്കുറിച്ച് അങ്ങയുടെ അനുയായികൾ എന്തെല്ലാമാണ് പറഞ്ഞു നടക്കുന്നത്? അതു ശ്രദ്ധിക്കുന്നുണ്ടോ? എന്തെല്ലാമാണ് അനൗൺസ് ചെയ്യുന്നത്. ശ്രീ. എ. കെ. ആന്റണിയെ ഇരുത്തികൊണ്ടാണ് പറയുന്നത്. 'ലോകം കണ്ട ഏറ്റവും വലിയ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി' അനൗൺസ്മെന്റുകളാണ്. 'മുഖ്യമന്ത്രിക്ക് വിശ്രമമില്ല. കീറിയ മുണ്ടും കുഴിഞ്ഞ കണ്ണും ഒട്ടിയ കവിളും ഒട്ടിയ വയറുമായി ഇതാ പാവങ്ങളുടെ പടത്തലവൻ ആഹാരംപോലും കഴിക്കാതെ പാവങ്ങളുടെ കണ്ണീരൊപ്പാനായി ജില്ലകളിൽ വരുന്നു.' അതാണ് അനൗൺസ്മെന്റ് അങ്ങയെക്കുറിച്ച് അനുയായികൾ പറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാര്യങ്ങൾ ഒന്നു പരിശോധിക്കാൻ, ഇത് നിയന്ത്രിക്കാൻ അങ്ങ് തയ്യാറായില്ലെങ്കിൽ ഇതിനെക്കാൾ വലിയ വിമർശനങ്ങൾ അങ്ങേയ്ക്ക് നേരിടേണ്ടിവരും. കൊല്ലത്തു നടന്ന ജനസമ്പർക്ക പരിപാടിയിൽ ഞാൻ രണ്ടു പ്രധാനപ്പെട്ട ആവശ്യങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഒന്ന്, എന്റെ നിയോജകമണ്ഡലത്തിൽ ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കുന്നതിനു വേണ്ടി ഒരു എം. ആർ.എസ്. അനുവദിച്ചു. അതിന് സ്വന്തമായി സ്ഥലമില്ല. കെട്ടിടമില്ല. അതിനുവേണ്ടി കുളത്തൂപ്പുഴയിൽ സ്ഥലവും കെട്ടിടവും അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തു. അദ്ദേഹം എന്നോട് പറഞ്ഞു, ഞാൻ ഇത് അനുവദിച്ചിരിക്കുന്നു എന്ന്. ഞാൻ സന്തോഷിച്ചു. പക്ഷേ അടുത്ത ദിവസം അറിഞ്ഞത് അനുവദിച്ചത് പുനലൂരിൽ അല്ല, പത്തനാപുരം നിയോജക മണ്ഡലത്തിലാണെന്നാണ്. ഇതുപോലെയാണ് തീരുമാനം. ഞാൻ മറ്റൊരു കാര്യം പറഞ്ഞു. പുനലൂരിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന ആളുകളെ ബലം പ്രയോഗിച്ച് അവിടെ നിന്നും ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, അവരെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ അങ്ങ് മുൻകൈ എടുക്കണമെന്ന് പറഞ്ഞു. അദ്ദേഹം കളക്ടറെ ചുമതലപ്പെടുത്തി. പക്ഷേ ഇതുവരെ കളക്ടർ മീറ്റിംഗ് വിളിച്ചില്ല. രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ഉന്നയിച്ച വിഷയത്തിൽ എനിക്കുണ്ടായ അനുഭവം ഇതാണ്. അതുകൊണ്ട് സ്വാഭാവികമായും ഈ കാര്യങ്ങളെ സംബന്ധിച്ച് പറയേണ്ടിവരും. ഇവിടെ ബഹുജന സമ്പർക്ക പരിപാടി വൻ വിജയമായിരുന്നു. 100 ശതമാനം വിജയമായിരുന്നു. നൂറിൽ നൂറുമാർക്ക് എന്നുള്ള തരത്തിൽ വാദ കോലാഹലങ്ങൾ ഉയർത്തുമ്പോൾ ഇതിന്റെ റിസൽട്ട് പല കാര്യങ്ങളിലും സീറോ ആയിരുന്നു എന്നുള്ള കാര്യങ്ങൾ മനസ്സിലാക്കിയില്ലെങ്കിൽ ഇതുപോലുള്ള കാര്യങ്ങൾ ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കേണ്ടിവരും എന്നു മാത്രമെ സൂചിപ്പിക്കുന്നുള്ളൂ. ഒരു നയവുമില്ലാതെ ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നായർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. സ്വാതന്ത്ര്യത്തിനുശേഷം 57-മത്തെ പ്രസംഗമാണ് ഗവർണ്ണർ നിയമസഭയിൽ നടത്തിയിരിക്കുന്നത്. പുരോഗമനപരവും ആശ്വാസപ്രദവുമായ നിരവധി കാര്യങ്ങൾ ഇതിനകത്ത് അടങ്ങിയിട്ടുണ്ട് എന്ന് നമുക്കറിയാം. പക്ഷേ ഇത് എത്രമാത്രം പ്രായോഗികമായ തരത്തിൽ എത്രമാത്രം യാഥാർത്ഥ്യമായിയെന്ന് പരിശോധിക്കുമ്പോഴാണ് നമുക്ക് നിരാശ തോന്നുന്നത്. സ്വാതന്ത്ര്യാനന്തര ഭാരത ഭരണം ആരംഭിക്കുന്നത് ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നീ മൂന്നു മഹത്തായ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ്. വർഷങ്ങൾ കഴിയുന്തോറും ജനാധിപത്യ സംവിധാനത്തിന് പാളിച്ചകൾ പറ്റികൊണ്ടിരിക്കുകയാണ്. സംഘടിത വർഗ്ഗങ്ങൾ നേട്ടങ്ങൾ ബലമായി പിടിച്ചുപറ്റുന്നു, അസംഘടിതർ ദാരിദ്ര്യത്തിൽ മുങ്ങിത്താഴുന്നു. തൊഴിലില്ലാതെ, കയറിക്കിടക്കാൻ ഇടമില്ലാതെ ലക്ഷങ്ങൾ തെരുവുകൾതോറും അലയുന്നു. ഒരുപിടിയാളുകൾ പൊതുമുതൽ കയ്യേറി സ്വന്തമാക്കി പ്രഭുക്കന്മാരായി വാഴുന്നു. ഒരു ന്യൂനപക്ഷം ഖജനാവ് കയ്യടക്കുന്നു. ഒരു വലിയ വിഭാഗം ഭക്ഷണവും ചികിത്സയും കിട്ടാതെ വിഷമിക്കുന്നു. പാവങ്ങളെ കൈ പിടിച്ചു ഉയർത്താൻ നമ്മൾ പദ്ധതികൾ ആസൂത്രണം ചെയ്യാറുണ്ട്. പക്ഷേ ഇടത്തരക്കാർ കൊഴുക്കുന്നു. "കോരന് പിന്നെയും കുമ്പിളിൽ തന്നെ കഞ്ഞി" ഇതല്ലേ നമ്മുടെ അവസ്ഥ? കഴിഞ്ഞ 57 വർഷങ്ങളായി പ്രഖ്യാപനത്തിലും പ്രസംഗത്തിലും മാത്രം ഒതുക്കി നിർത്തിയ ഒരുവിഭാഗം ഈ രാജ്യത്തുണ്ട്. കാർഷിക രംഗവുമായി ബന്ധപ്പെട്ട കൃഷിക്കാരും കർഷകത്തൊഴിലാളികളുമാണ് ആ വിഭാഗം. അവർക്കുവേണ്ടി ഗവർണ്ണറുടെ ഇപ്പോഴത്തെ പ്രസംഗത്തിൽ പ്രഖ്യാപനങ്ങൾ വളരെയുണ്ട്. ഹൈടെക് കൃഷിരീതി, മണ്ണ് പരിശോധനാ ലാബുകൾ, മാർക്കറ്റിംഗ് ബിൽ, ഹോർട്ടിക്കൾച്ചർ മിഷൻ, അഗ്രി എക്സ്പോർട്ട് സോൺ, ഓർഗാനിക് ഫാമിംഗ് പോളിസി, ലൈവ്സ്റ്റോക്ക് പ്രോഡക്ട് ഇൻവെസ്റ്റിഗേഷൻ ലബോറട്ടറി, മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം തുടങ്ങിയ നിരവധി കാര്യങ്ങളുണ്ട്. എന്നാൽ എന്താണ് കാർഷികരംഗത്തെ അടിസ്ഥാനപരമായ പ്രശ്നമെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അവയ്ക്ക് എന്ത് പരിഹാരമാണ് വേണ്ടതെന്ന് നമ്മൾ ആലോചിച്ചിട്ടുണ്ടോ? കൃഷിക്കാർക്ക് സമയാസമയങ്ങളിൽ ജോലിക്ക് ആളിനെ കിട്ടണം. അതുപോലെ അവന് താങ്ങാവുന്ന കൂലി വ്യവസ്ഥയുണ്ടാകണം. തൊഴിലാളിക്ക് ജീവിതനിലവാരം സാമാന്യമായി നിലനിർത്തിക്കൊണ്ടുപോകാനുള്ള വേതനം ലഭിക്കണം. കൃഷിക്കാർക്ക് താങ്ങാവുന്ന കൂലി വ്യവസ്ഥ, തൊഴിലാളിക്ക് മര്യാദയ്ക്ക് ജീവിക്കാനുള്ള വേതനം ഇതെങ്ങനെ പൊരുത്തപ്പെടും? ഈ പൊരുത്തം കൈവരിക്കുന്നതുവരെ ഉൽപ്പാദനരംഗവും മുരടിച്ചു തന്നെ നിൽക്കും. ഈ പ്രശ്നം പരിഹരിക്കേണ്ടതല്ലേ? സംഘടിച്ച് കൈ ചുരുട്ടി മുദ്രാവാക്യം വിളിച്ചാലോ പാക്കേജ് പ്രഖ്യാപിച്ചാലോ സെമിനാറുകൾ സംഘടിപ്പിച്ചാലോ കൂട്ടുകൃഷിക്ക് ശ്രമിച്ചാലോ ഈ പ്രശ്നത്തിന് പരിഹാരമാകുകയില്ല എന്നാണ് എനിക്ക് പറയാനുള്ളത്. കൃഷിക്കാരന് താങ്ങാവുന്ന കൂലിയും തൊഴിലാളിക്ക് ലഭിക്കേണ്ട വേതനവും തമ്മിലുള്ള വ്യത്യാസം നികത്താൻ സർക്കാർ മുന്നോട്ടുവരണം. എങ്കിൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകൂ. അതെങ്ങനെ സാധിക്കും? നിശ്ചയദാർഢ്യത്തോടെ കർമ്മപഥത്തിലിറങ്ങാൻ ഗവൺമെന്റ് സജ്ജമാകണം. അതിന് മനഃകരുത്തും ഇച്ഛാശക്തിയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗതമായി നാം വച്ചു പുലർത്തുന്ന പല ധാരണകളും സങ്കൽപ്പങ്ങളും മാറ്റേണ്ടതാണ്. സർവ്വീസിൽ ഒരാളിനെ നിയമിച്ചുകഴിഞ്ഞാൽ അയാൾക്ക് പ്രതിമാസ ശമ്പളവും അലവൻസും നൽകാം. പലതരം ലീവുകളും അനുഭവിക്കാനുള്ള അവസരവും കാലാകാലങ്ങളിൽ പ്രൊമോഷനും ശമ്പളവർദ്ധനവും ഉണ്ട്. മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് എന്ന അനുഗ്രഹവും അനുവദനീയമാണ്. ലീവെടുത്ത് ഗൾഫിൽ പോയി ലക്ഷങ്ങൾ സമ്പാദിച്ച് മടങ്ങിവരുമ്പോൾ അയാളുടെ ലീൻ സുരക്ഷിതമായിരിക്കും. കൈക്കൂലിയും അഴിമതിയും നടത്താം. ജോലിയുടെ ക്വാളിറ്റിയിലോ ക്വാണ്ടിറ്റിയിലോ നിഷ്ക്കർഷതയില്ല. പെൻഷൻ ആനുകൂല്യങ്ങൾ വേറെയും. ഇതെല്ലാം ഒരു ജീവനക്കാരന്റെ അവകാശങ്ങളായി അംഗീകരിക്കാൻ പതിറ്റാണ്ടുകളായി നമ്മൾ സമൂഹത്തെ പാകപ്പെടുത്തിയെടുത്തുകഴിഞ്ഞു. അതേ സമയം കായികാദ്ധ്വാനം കൊണ്ട് നിശ്ചിത ജോലി നിശ്ചിത സമയത്തു ചെയ്തുതീർക്കുന്ന തൊഴിലാളിക്ക് ഖജനാവിൽ നിന്നും പരിമിതമായ തുക നൽകണമെന്നു പറയുമ്പോൾ നമ്മുടെ നെറ്റി ചുളിയും. പുതിയ നൂറ്റാണ്ട് അങ്ങനെ നെറ്റി ചുളിക്കാനുള്ളതല്ല. ഖജനാവിന്റെ വാതിലുകൾ ബുദ്ധിജീവികൾക്കുവേണ്ടി മാത്രമല്ല, അദ്ധ്വാനവർഗ്ഗത്തിന്റെ മുന്നിലും തുറന്നു വയ്ക്കാൻ തയ്യാറാകണം. അതിർത്തി സംരക്ഷണ സേനയെപ്പോലെ തന്നെ ചിട്ടയും ശിക്ഷണബോധവുമുള്ള ഒരു കാർഷിക സംരക്ഷണ സേനയെ സംഘടിപ്പിച്ചെടുക്കണം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്ന് അദ്ധ്വാനശേഷിയുള്ള 30 വയസ്സിൽ താഴെ പ്രായമുള്ള യുവതീ യുവാക്കന്മാരെ ഈ സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്യണം. ഓരോ തദ്ദേശസ്വയംഭരണ യൂണിറ്റിലും കുറഞ്ഞത് അഞ്ചു കേന്ദ്രങ്ങളിലായി ആണും പെണ്ണും അടങ്ങുന്ന 20 അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകൾ ഉണ്ടാകണം. ഓരോ ഗ്രൂപ്പിന്റെയും ചുമതല സാമൂഹ്യ പ്രതിബദ്ധതയുള്ള ഓരോ ഉദ്യോഗസ്ഥനെ ഏൽപ്പിക്കുക. ഒരു കുടുംബത്തിൽ നിന്ന് ഓരാളെന്ന ക്രമത്തിൽ ഒരു ലക്ഷം കുടുംബങ്ങളെ പ്രതിനിധീകരിച്ച് ഒരു ലക്ഷം സേനാംഗങ്ങളെ പരീക്ഷണാർത്ഥം തെരഞ്ഞെടുക്കുക. തന്റെ ചുമതലയിലുള്ള 20 അംഗങ്ങൾക്ക് പ്രതിമാസം 20 ദിവസമെങ്കിലും ജോലി സമ്പാദിച്ചുകൊടുക്കുക എന്നുള്ളതാണ് ഉദ്യോഗസ്ഥന്റെ ചുമതല. അത് കൃഷിപ്പണിയാകാം, ചുമട്ടുജോലിയാകാം, കോൺട്രാക്റ്റ് രംഗത്തെ പണിയാകാം, വീട്ടുജോലിയാകാം, തെങ്ങുകയറ്റമാകാം അങ്ങനെ എന്തെങ്കിലും ജോലി ഏർപ്പാടാക്കിയാൽമതി. ക്ലീൻ കേരളയിലും ഇവർക്ക് പണി ഒപ്പിക്കാം. ഇന്ന് നമ്മുടെ നാട്ടിൽ ഒരു തെങ്ങിൽ കയറുന്നതിന് പത്ത് രൂപയാണ് ഒരാൾക്ക് കൂലി. കിഴക്കൻ പ്രദേശങ്ങളിലെ തെങ്ങുകളിലാണെങ്കിൽ മണ്ഡരിബാധിച്ച് തേങ്ങ കോഴിമുട്ടയുടെ വലിപ്പത്തിലുള്ളതാണ്. ഒരു തെങ്ങിൽ നിന്ന് ഒന്നോ രണ്ടോ തേങ്ങ കിട്ടും. തേങ്ങയിടുന്നതിന് 10 രൂപ കൊടുത്ത് ജോലി ചെയ്യിക്കേണ്ട ഒരവസ്ഥയാണ് ഇന്ന് കിഴക്കൻ പ്രദേശങ്ങളിൽ ഉള്ളത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്റെ നിർദ്ദേശം സഹായകമാവുമെന്നാണ് എനിക്ക് തോന്നുന്നത്. ജോലിക്കാരെ ആവശ്യമുള്ളവർ ഗ്രൂപ്പ് ലീഡറെ സമീപിക്കണം. ഒരു ജോലിക്കാരന് ഒരു ദിവസം 75 രൂപാ കണക്കാക്കി പണം ഏൽപ്പിക്കണം. 75 രൂപ സമ്പാദിക്കുന്ന ഓരോരുത്തർക്കും സർക്കാർ 75 രൂപ കൂടി നൽകണം. അങ്ങനെ 20 ദിവസത്തെ കൂലിക്ക് പ്രതിമാസം 3,000 രൂപാ വീതം ഓരോരുത്തർക്കും ലഭിക്കും. ബാക്കി വരുന്ന ദിവസങ്ങളിൽ ജോലി ചെയ്യുന്ന പണം സ്വന്തമായി

സമ്പാദിക്കാൻ കഴിയും. മാസത്തിൽ ഒരു ഞായറാഴ്ച ഗ്രൂപ്പ് അംഗങ്ങളെ സംഘടിപ്പിച്ച് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും പെരുമാറ്റ ചട്ടങ്ങളും ഇവരെ പരിശീലിപ്പിക്കാൻ പരിശ്രമിക്കണം. ഓരോരുത്തരിൽ നിന്നും ഓരോ ചെറിയ തുക പിടിച്ച് അത്രയും കൂടി സർക്കാർ മുടക്കി ഇവർക്കുവേണ്ടി മെഡിക്കൽ ഇൻഷ്വറൻസ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിജയപ്രദമായി നടത്താൻ കഴിയണം. ദിവസം 75 രൂപാ വീതം ഉടമയിൽ നിന്നും വാങ്ങി, 20 ദിവസത്തെ ജോലിക്ക് സർക്കാർ എങ്ങിനെ 3000 രൂപ ശമ്പളം കൊടുക്കുമെന്ന് ന്യായമായും സംശയമുണ്ടാകാം. ഒരു ലക്ഷം ആളുകൾക്ക് പ്രതിമാസം മൂവായിരം രൂപ വച്ച് ഒരു മാസത്തെ ശമ്പളത്തിന് 30 കോടി രൂപ വേണ്ടിവരും. ഒരു വർഷത്തേയ്ക്ക് 360 കോടി രൂപ. ഇതിൽ 150 കോടി രൂപ തൊഴിലാളികളുടെ കൂലിയിനത്തിൽ ലഭിക്കും. 150 കോടി രൂപ സർക്കാർ കണ്ടെത്തണം. ഓരോ വർഷവും ബഡ്ജറ്റ് അവതരിപ്പിച്ചു തയ്യാറാക്കുമ്പോൾ വരുമാനത്തിന്റെ 30 ശതമാനം ഇതിനുവേണ്ടി മാറ്റിവച്ചാൽ പ്രശ്നം പരിഹരിക്കാനാകും. ഇതൊരു പ്രോജക്ടായി രൂപം കൊടുത്ത് കേന്ദ്രത്തിനെ സമീപിച്ചാൽ അൻപതോ അറുപതോ ശതമാനം കേന്ദ്രത്തിൽ നിന്ന് ലഭിച്ചുവെന്നും വരാം. ദാരിദ്ര്യ നിർമ്മാർജനത്തിനു ചെലവഴിക്കുന്ന കോടികൾ ശരിയായി ചാനലൈസ് ചെയ്താൽ സർക്കാരിനു മിച്ചമുണ്ടാക്കാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. 360 കോടി രൂപ സമൂഹത്തിൽ നിന്നു തന്നെ കറങ്ങും. മുതലാളിമാരുടെ പണപ്പെട്ടിയിൽ നിശ്ചലമായി ഒതുങ്ങുകയില്ല. അതിന്റെ പരോക്ഷമായ പ്രയോജനം മറ്റു പതിനായിരങ്ങൾക്കുകൂടി കിട്ടും. തരിശുഭൂമികൾ കൃഷിഭൂമികളായി മാറും. ഉൽപ്പാദനം ഇരട്ടിയായോ അനേകം മടങ്ങായോ വർദ്ധിക്കും. അതിന്റെ മേൽ ഉണ്ടാകുന്ന നികുതിപ്പണം സംസ്ഥാന ട്രഷറികളെ പരിപോഷിപ്പിക്കും. കർഷക സംരക്ഷണ കുടുംബാംഗങ്ങൾ വർണ്ണരഹിതമായ ഒരു ജനതയായി വളരും. കുട്ടികൾക്ക് സാമാന്യ വിദ്യാഭ്യാസം തികച്ചും സൗജന്യമായിരിക്കണം. മിടുക്കന്മാരായ കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകി ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കണം. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ വർഗ്ഗീയ ശക്തികൾ നീരാളിപ്പിടുത്തം മുറുക്കുമ്പോൾ അതിനെതിരെയുള്ള ഒരു മറുമരുന്നായി ഈ സംരംഭം കാലക്രമേണ നമുക്കനുഭവപ്പെടും. ഇനിയുള്ള കാലഘട്ടത്തിൽ പ്രഖ്യാപനങ്ങൾ കൊണ്ടും പ്രസംഗങ്ങൾ കൊണ്ടും ജനതയെ വിരട്ടാതെ, ക്രിയാത്മകമായ പ്രവർത്തനങ്ങൾ കൊണ്ട് കർഷകരുടെ ജീവിതം ധന്യമാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ അടുത്ത പരാമർശം ശബരിമലയെപ്പറ്റിയായിരുന്നു. ശബരിമല ഒരു തീർത്ഥാടനകേന്ദ്രമാണ്. ലോകത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായി അതു മാറിക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിനു തീർത്ഥാടകരാണ് ഇന്ത്യയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അവിടെ വന്നുകൊണ്ടിരിക്കുന്നത്. കൂടുതൽ വനഭൂമി ഇല്ലാതെ തന്നെ ഈ തീർത്ഥാടനം സുഖകരമാക്കാം . ശബരിമല തീർത്ഥാടന കാലത്തെ മാലിന്യങ്ങൾ ഭയാനകമാണ്. ശബരിമല മുതൽ അമ്പലപ്പുഴ വരെയുള്ള പമ്പയുടെ ഇരു തീരങ്ങളിലെ ജനങ്ങൾ മാലിന്യങ്ങൾ കൊണ്ട് ഭയാനകമായ അവസ്ഥയിലാണ് കഴിഞ്ഞുകൂടുന്നത്. ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധക്കാണിച്ചാൽ ഈ മാലിന്യ കേന്ദ്രീകരണം ഒഴിവാക്കാൻ കഴിയുന്നതാണ്. എന്തിലും ഏതിലും ഒരു വ്യാപാര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മനോഭാവം വച്ചു പുലർത്തുന്നതു ശരിയല്ല. പമ്പാനദിയുടെ വടക്കുഭാഗത്തെ വ്യാപാര സ്ഥാപനങ്ങൾ ഒഴിവാക്കിയാൽ ഈ മലിനീകരണം വലിയ തോതിൽ ഒഴിവാക്കാനാകും. പമ്പയുടെ വടക്കുഭാഗത്തെ താമസം ഒഴിവാക്കണം. വിവിധ ഭാഗങ്ങളിൽ 250 മീറ്റർ അകലത്തിൽ കഞ്ഞിവീഴ്ത്തൽ കേന്ദ്രങ്ങൾ ഉണ്ടാക്കുക. പേപ്പർ കപ്പുകളിൽ മാത്രം കഞ്ഞി വിതരണം ചെയ്യുക. അതിനു ചെറിയ ചാർജ്ജ് മാത്രം ഈടാക്കുക. സ്ഥിര താമസക്കാരെ ഒഴിവാക്കിയാൽ തന്നെ മാലിന്യ കേന്ദ്രീകരണം തടയാൻ കഴിയും. ഒരു തീർത്ഥാടകനെയും 12 മണിക്കൂറിൽ കൂടുതൽ അവിടെ തങ്ങാൻ അനുവദിക്കരുത്. മരക്കൂട്ടം മുതൽ ഫലവത്തായ ക്യൂ സംവിധാനം ഒരുക്കുക. ക്യൂ പാലിക്കാൻ നിർബന്ധിതരാക്കണം. ദർശനം കഴിഞ്ഞ് ക്യൂ പാലിച്ചുകൊണ്ടു തന്നെ ആളുകളെ മരക്കൂട്ടത്തിനപ്പുറം എത്തിക്കാനും നമുക്കു കഴിയണം. ശബരിമലയുമായി അടുത്ത ബന്ധവും പരിചയവുമുള്ള ആളുകളുടെ അഭിപ്രായം കൂടി കണക്കിലെടുത്തുവേണം തീരുമാനം കൈക്കൊള്ളാൻ. മറ്റു ചില സംരംഭങ്ങൾകൂടി ഒരുക്കിയാൽ പിൽഗ്രിം ടൂറിസത്തിൽ നിന്നു തന്നെ വളരെയധികം നേട്ടങ്ങൾ കൊയ്യാൻ നമുക്കു കഴിയും. അടുത്തതായി എനിക്കു പറയാനുള്ളത് സെൽഫ് ഫൈനാൻസിംഗ് വിദ്യാഭ്യാസത്തെ കുറിച്ചാണ്. എല്ലാ ഗവൺമെന്റ് പോളിടെക്നിക്കുകൾക്കും എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം വാങ്ങുമെന്നാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ അദ്ദേഹം പരാമർശിച്ചത്. അതു സംബന്ധമായ ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ചങ്ങനാശ്ശേരിയിൽ നിന്നും കോട്ടയത്തേയ്ക്കു പോകുമ്പോൾ കോടിമത എന്ന സ്ഥലത്തിന്റെ വലതുഭാഗത്തു കോൺക്രീറ്റു തൂണുകൾ ഉയർന്നു നിൽക്കുന്നതു കാണാം. മാർഗ്രിഗോറിയോസ് എൻജിനീയറിംഗ് കോളേജ് പണിയുവാനുള്ള തൂണുകളാണവ. എം.ജി. യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്ത ഈ കോളേജിന്, പണികൾ ആരംഭിച്ചിട്ടില്ലാത്ത ഈ കോളേജിന്, എ.ഐ.സി.ടി.ഇ. എങ്ങനെ അംഗീകാരം കൊടുത്തുവെന്ന് ഗവൺമെന്റ് അന്വേഷിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു വർഷം കഴിഞ്ഞപ്പോൾ, ആ കുട്ടികൾക്ക് പരീക്ഷ എഴുതാൻ കഴിയാതെ വന്നപ്പോൾ, അവർ ഹൈക്കോടതിയെ സമീപിച്ചു. അവർക്ക് വേറെ ഏതെങ്കിലും കോളേജിൽ വച്ചു പരീക്ഷ എഴുതാനുള്ള അവകാശം കൊടുക്കണമെന്ന് കോടതിക്കു വിധിക്കേണ്ടിവന്നു. ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ ഈ രംഗത്തുണ്ടാകാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സ്വാശ്രയ കോളേജുകളോടുള്ള ഗവൺമെന്റിന്റെ സമീപനം പുനഃപരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. യൂണിവേഴ്സിറ്റികൾ നടത്തുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു പോലെയാണെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. യൂണിവേഴ്സിറ്റികൾ നടത്തുന്ന സ്ഥാപനങ്ങളിൽ മെറിറ്റടിസ്ഥാനത്തിൽ മാത്രമാണ് കുട്ടികളെ സെലക്ടു ചെയ്യുന്നത്. കമ്മ്യൂണൽ റൊട്ടേഷൻ കൃത്യമായും പാലിക്കുന്നുണ്ട്. ഡൊണേഷൻ വാങ്ങാറില്ല. ഫീസ് ന്യായമായി മാത്രം വാങ്ങുന്നു. ഈ പണം മുഴുവൻ ഗവൺമെന്റിനു പ്രയോജനപ്പെടുന്നു. യൂണിവേഴ്സിറ്റികൾ ഗവൺമെന്റ് സ്ഥാപനങ്ങളാണ്. ഇതു ഗവൺമെൻറു സ്ഥാപനങ്ങളാണോ അല്ലയോ എന്നു ഒരു ഗവൺമെന്റിനു തന്നെ അറിയാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ആർക്കാണ് അറിയാൻ

കഴിയുന്നത് എന്നു ഞാൻ ചോദിച്ചു പോകുകയാണ്. അതേ സമയം സ്വകാര്യ സ്ഥാപനങ്ങളാണെങ്കിൽ മെറിറ്റ് കൃത്യമായി നോക്കാറില്ല. കമ്മ്യൂണൽ റൊട്ടേഷനിൽ വെള്ളം ചേർക്കാറുണ്ട്. ഡൊണേഷൻ സ്വീകരിക്കും. മാനേജുമെന്റിനു ഇഷ്ടംപോലെ ഫീസ് വാങ്ങാം. ആ പണം മുഴുവൻ അവരുടെ സൗകര്യത്തിന് ഉപയോഗിക്കുകയും ചെയ്യാം. ഇവ രണ്ടും ഒരേ രീതിയിലാണ് എന്നു റിപ്പോർട്ടു ചെയ്യുന്ന ഉദ്യോഗസ്ഥരെ സൂക്ഷിക്കണം എന്നാണ് എനിക്കു പറയാനുള്ളത്. യൂണിവേഴ്സിറ്റി നടത്തുന്ന സെൽഫ് ഫൈനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവൺമെന്റിന്റേതു തന്നെയാണെന്നുള്ള ബോധം ഗവൺമെന്റിനുണ്ടാകണം. ആ രീതിയിൽ നിയമനിർമ്മാണത്തിൽ ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ വരുത്തുകയും വേണം. കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഇവിടെ ജാതി സംഘടനകൾ സമൂഹത്തിലെ ശക്തികേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. കേരള രാഷ്ട്രീയത്തെ തന്നെ ഒരു പരിധിവരെ നിയന്ത്രിക്കാനും ഇവർക്ക് കഴിയുന്നുണ്ട്. ചിലപ്പോഴൊക്കെ സാധാരണ ജനങ്ങളുടെ സമാധാന ജീവിതത്തിന് ഇവരൊരു ഭീക്ഷണിയായി തീരുകയും ചെയ്യാറുണ്ട്. കേരളത്തിലെ രാഷ്ടീയ പ്രസ്ഥാനങ്ങളുടെ ഭാവനാരഹിതമായ പ്രവർത്തനങ്ങളാണ് ഈ വർഗ്ഗീയ ശക്തികൾക്ക് പ്രചോദനം പകർന്നത്. ഈ നിയമ സഭയുടെ അടുത്ത കാലത്തെ നടപടികൾ പരിശോധിച്ചാൽ തന്നെ നമുക്കതു മനസ്സിലാകും. ദേശീയ പ്രശ്നങ്ങളെ മാറ്റി വച്ചിട്ട്, സങ്കുചിതമായ പാർട്ടി താൽപ്പര്യങ്ങളും വ്യക്തി താൽപ്പര്യങ്ങളും മാത്രമാണ് ചർച്ച ചെയ്യുന്നത്. ഗവൺമെന്റ് കൊണ്ടു വരുന്ന ഏതു നല്ല നടപടികളേയും എതിർക്കുക എന്നുള്ള ഒരു സ്വഭാവ വിശേഷമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നത്. രാജ്യത്തെ കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും പ്രശ്നങ്ങളെക്കുറിച്ച് കാര്യമായി ചർച്ച ചെയ്യാൻ നമുക്കു കഴിയുന്നില്ല. അസംബ്ലിയിൽ ദീർഘകാലം ഒരു മെമ്പറായിരുന്ന എനിക്ക് കശുവണ്ടി വ്യവസായത്തെക്കുറിച്ചും പാരമ്പര്യ വ്യവസായങ്ങളെക്കുറിച്ചും ഗവൺമെന്റ് കൂടെക്കൂടെ ചർച്ച ചെയ്യുന്നതു കാണുമ്പോൾ ലജ്ജ തോന്നാറുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് റോഡിന്റെ ഇരുവശങ്ങളിലും അക്കേഷ്യാ മരങ്ങൾ വച്ചു പിടിപ്പിച്ച ഗവൺമെന്റ് , റോഡുകളുടെ ഇരുവശങ്ങളിലും കശുവണ്ടി മരങ്ങൾ നട്ടു പിടിപ്പിച്ചിരുന്നെങ്കിൽ ഈ രാജ്യത്തെ വലിയൊരു പ്രശ്നം പരിഹരിക്കാൻ സാധിക്കുമായിരുന്നില്ലേ എന്നു ചോദിച്ചു പോകുകയാണ്. ഇത്തരം കാര്യങ്ങളിൽ ഭാവനാസമ്പന്നമായ ഒരു മനോഭാവം ഗവൺമെന്റിനുണ്ടാകണം എന്നാണ് എനിക്കു പറയാനുള്ളത്. മതേതരത്വം ഇന്ത്യയുടെ ജീവശ്വാസമാണ്. അതിൽ മാലിന്യം കലരുന്നത് അപകടകരമാണ്. ഗവൺമെന്റ് മതേതരത്വത്തിന്റെ പ്രതീകം തന്നെയായിരിക്കണം. നിർഭാഗ്യവശാൽ സർക്കാർ തന്നെയല്ലേ ഈ രാജ്യത്ത് ജാതി പരിഗണനയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്ക്ുന്നത് എന്ന് എനിക്ക് തോന്നിപ്പോകാറുണ്ട്. ഒരു കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ അവിടെയൊരു അപേക്ഷാ ഫാറം പൂരിപ്പിച്ചുകൊടുക്കണം. അതിനകത്തു കുട്ടിയുടേയും രക്ഷാകർത്താവിന്റെയും പേര്, അഡ്രസ്സ്, ജനനതീയതി ഇതൊക്കെ പൂരിപ്പിക്കണം. അതുകഴിഞ്ഞാൽ മതം, ജാതി, ഉപജാതി ഇതെല്ലാം രേഖപ്പെടുത്തിയെങ്കിൽ മാത്രമെ ആ അപേക്ഷ സ്വീകരിക്കുകയുള്ളൂ എന്നുള്ള സ്ഥിതിയാണ് ഇന്നുള്ളത്. ഇതു തന്നെയല്ലേ ഈ രാജ്യത്തു ജാതി നിലനിർത്തുന്ന ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഘടകമെന്നു ഞാൻ ചോദിച്ചു പോകുകയാണ്. ഒരു കുട്ടി സ്കൂളിൽ ചേരാൻ ചെല്ലുന്ന ആ ബാല്യകാലാവസ്ഥയിൽ തന്നെ അവന്റെ ഹൃദയത്തിൽ ജാതിയുടെ വിഷം കുത്തിവയ്ക്കുന്ന ഏർപ്പാട് അവസാനിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അടുത്ത വർഷമെങ്കിലും സ്കൂളിൽ കുട്ടികളെ ചേർക്കുമ്പോൾ ജാതി ചോദിക്കുകയോ എഴുതുകയോ ചെയ്യരുതെന്നു പ്രഖ്യാപിക്കാൻ ഗവൺമെന്റിനു കഴിയുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കാരണം സ്കൂൾ സർട്ടിഫിക്കറ്റിൽ ജാതി എഴുതിയതു കൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്തെങ്കിലും ജോലിക്ക് അപേക്ഷിക്കണ മെങ്കിൽ തഹസീൽദാരുടെ സർട്ടിഫിക്കറ്റ് കൃത്യമായും വാങ്ങിക്കൊടുത്താൽ മാത്രമെ ഗവൺമെന്റ് അംഗീകരിക്കുകയുള്ളൂ. പിന്നെ എന്തിനാണ് സർട്ടിഫിക്കറ്റിൽ ഈ ജാതി വ്യവസ്ഥ എഴുതി ചേർക്കുന്നത്. ഈ രീതിയിലാണ് നമ്മൾ മുന്നോട്ടു പോകുന്ന തെങ്കിൽ നിശ്ചയമായും ഈ രാജ്യത്തു നൂറു വർഷം കഴിഞ്ഞാലും ഈ ജാതി ചിന്ത യിൽ നിന്നും ജനങ്ങളെ മോചിപ്പിക്കാൻ കഴിയില്ല. അതു മാറ്റിയെടുത്ത് ഭാരത പൗരന്മാരായി ജീവിക്കുന്നുവെന്നുള്ള ബോധം ഉണ്ടാകണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസ ത്തിന്റെ ആദ്യകാലഘട്ടത്തിൽ തന്നെ ജാതി ചോദിക്കുന്ന ഏർപ്പാട് അവസാനിപ്പിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്. ആ രീതിയിലുള്ള ഒരു സംവിധാനത്തിന് ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. രാജ്യത്ത് സാർവ്വത്രികമായ ഒരു സാമ്പത്തിക സർവ്വേ നടത്തണം. അങ്ങനെ ഒരു സർവ്വേ നടത്തി ജനങ്ങളെ രണ്ടു മൂന്നു വിഭാഗങ്ങളായി മാറ്റി നിർത്തണം. അതിൽ വരുമാനം കുറഞ്ഞ ആളുകളെ "സി" ക്ലാസ്സായി തിരിക്കണം. ഇടത്തരക്കാരെ "ബി" ക്ലാസ്സായി തിരിക്കണം. കൂടുതൽ സമ്പന്നരെ "എ" ക്ലാസ്സായി തിരിക്കണം. "സി" ക്ലാസ്സിൽപ്പെട്ട ആളുകൾക്ക് അവർ ഏതു സമുദായത്തിൽപ്പെട്ടവരായാലും ആനുകൂല്യങ്ങൾ കൊടുക്കാൻ നാം തയ്യാറാകണം. അങ്ങനെ സാമ്പത്തികാടിസ്ഥാനത്തിലായിരിക്കണം ജനങ്ങളെ വേർതിരിക്കാൻ. ജാതിപരമായി വേർതിരിക്കാതെ അവർക്ക് ആനുകൂല്യങ്ങളും മറ്റു കാര്യങ്ങളും നൽകി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെങ്കിൽ, നൂറു വർഷം കഴിഞ്ഞാലും നമ്മുടെ രാജ്യത്തെ ഇന്നത്തെ സ്ഥിതി മാറ്റാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ചെയ്യേണ്ട അതിപ്രധാനമായ കാര്യമാണ് സാമ്പത്തികമായ വേർതിരിവ് വരുത്തിയതിനുശേഷം കുടുംബങ്ങളിൽ ഇക്കണോമിക് ഐഡന്റിറ്റി കാർഡ് കൊടുത്ത് ഓരോരുത്തർക്കും പ്രത്യേകമായ ലിസ്റ്റ് വയ്ക്കുക. അങ്ങനെ ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കുന്ന അവസരത്തിൽ പേര്, രക്ഷാകർത്താ വിന്റെ അഡ്രസ്സ്, ജനനത്തീയതി, അതുകഴിഞ്ഞാൽ ഇന്ത്യൻ പൗരനാണോ അല്ലയോ എന്ന് എഴുതുക. അല്ലെങ്കിൽ ഏതു സ്റ്റേറ്റിലെ പൗരനാണെന്ന് എഴുതുക. അവർ ഏതു സാമ്പത്തിക വിഭാഗത്തിൽപ്പെടുന്നു എന്ന് രേഖപ്പെടുത്തുക. ഇത്രയും രേഖപ്പെടുത്തിക്കൊണ്ട് പുതിയ രീതിയിൽ ഒരു സംവിധാനം ആസൂത്രണം ചെയ്യാൻ ഗവൺമെന്റ് ആലോചിച്ചാൽ എന്തെന്നു ഞാൻ ചോദിച്ചുപോകുകയാണ്. ആ രീതിയിലുള്ള പരിപാടികൾ നമ്മൾ ആസൂത്രണം ചെയ്യാതെ, കിട്ടുന്ന സമയം മുഴുവൻ സ്വകാര്യമായ കാര്യങ്ങളും സ്ത്രീ പീഡനകാര്യങ്ങളുമൊക്കെ ചർച്ച ചെയ്ത് ഈ സഭയെ ഇല്ലായ്മ ചെയ്യുന്ന അവസ്ഥ യിൽ നിന്നും മാറി, പുതിയൊരു ചിന്താഗതി നമ്മുടെ ഇടയിൽ വളർത്തിയെടുക്കണം. അങ്ങനെ നമ്മുടെ രാജ്യത്തെ സംബന്ധിച്ച ദേശീയ കാര്യങ്ങളെക്കുറിച്ചും മറ്റും ചർച്ച

ചെയ്യുന്ന ഒരു അവസ്ഥ ഈ നിയമസഭയിലും ഉണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്. ഇവിടെയുണ്ടാകുന്ന സമരങ്ങൾ കർഷകത്തൊഴിലാളികൾക്ക് സ്ഥിരമായി ജോലിയുണ്ടാകണമെന്നുള്ളതിനല്ല, കൃഷിക്കാരനെ സഹായിക്കാൻ വേണ്ടിയല്ല. അപ്രധാന കാര്യങ്ങൾക്കുവേണ്ടി സംഘടിച്ച് സമരം ചെയ്ത് ഈ രാജ്യത്തെ സമാധാനാന്തരീക്ഷം നശിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. ഇങ്ങനെയുള്ള കാര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കണം. അതുപോലെ മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത് നമ്മൾ ചെയ്യുന്ന പ്രവർത്തികൾ പൂർത്തിയാക്കാനുള്ള ശ്രമം നടത്തണം. ഇവിടെ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും വാട്ടർ സപ്ലൈ സ്കീമുകൾ ഉണ്ട്. പക്ഷേ തുടങ്ങിയ സ്കീമുകൾ പൂർത്തികരിക്കുന്നതിന് ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞാലും കമ്മീഷൻ ചെയ്യാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണുള്ളത്. കമ്മീഷൻ ചെയ്താൽത്തന്നെ വെള്ളമുള്ള പ്രദേശങ്ങളിൽ മാത്രം വാട്ടർ ടാപ്പ് സ്ഥാപിച്ച് അതവസാനിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുൻപ് ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി എന്റെ നാട്ടിൽ വന്ന് ഒരു വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്തു. ഇന്നലെ ഞാൻ ഒരു സ്ഥലത്തു ചെന്നപ്പോൾ ആളുകൾ പറയുന്നു ഞങ്ങൾക്ക് മൈക്കിൽക്കൂടി മാത്രമെ വെള്ളം കിട്ടിയുള്ളൂ. പൈപ്പിൽക്കൂടി വെള്ളം കിട്ടുന്നില്ലെന്ന്. അതുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ രാമേശ്വരത്തെ ക്ഷൗരം പോലെ പകുതിയാക്കി നിർത്തിവച്ച് പോകാതെ അത് പൂർത്തീകരിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ രീതിയിൽ മുന്നോട്ടു പോകാൻ, രാജ്യത്തെ സാമ്പത്തിക സാമൂഹ്യ വ്യവസ്ഥയിലേയ്ക്ക് നയിക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് പ്രതിപക്ഷവും ഭരണപക്ഷവും ഒന്നിച്ചിരുന്ന് അടുത്ത അൻപത് വർഷത്തേയ്ക്കുള്ള ഒരു സ്കീം തയ്യാറാക്കി ഏത് കക്ഷി ഭരണത്തിൽ വന്നാലും ഇതിൽ മാറ്റം വരുത്താത്ത വിധത്തിലുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യത്ത് മദ്യത്തിന്റെ ഒഴുക്കാണ്. സാധാരണ ജനങ്ങൾ അധികവും മദ്യവിൽപ്പനയിൽ ഏർപ്പെട്ടിരിക്കുകയാണ്. കാരണം ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ഏറ്റവും ആദായകരമായ ഒരു മാർഗ്ഗമാണ് ഇത്. പത്ത് കവർ വിറ്റാൽ 100 രൂപ കൈയിൽ കിട്ടുന്ന സംവിധാനമാണ് ഈ രാജ്യത്തുള്ളത്. അത് മാറ്റിയെടുക്കാൻ നമ്മൾ ആലോചിക്കണം. ഇതിൽ എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് ഈ രാജ്യത്ത് നല്ല കള്ള് ഉൽപ്പാദിപ്പിച്ച് ടിന്നുകളിലാക്കി വ്യാപാരം നടത്തുന്നത് നല്ലതാണെന്നാണ് തോന്നുന്നത്. സർവ്വ ഷാപ്പുകളും ഈ രാജ്യത്ത് പൂട്ടിയ്ക്കണം. എല്ലാ പഞ്ചായത്തുകളിലും ഏതാനും കടകളിൽ ടിന്നിലടച്ച നല്ല മദ്യം നൽകണം. മെഡിക്കൽ ഷാപ്പുകളിലെ പോലെ മദ്യം കുപ്പിയിലാക്കി വിൽപ്പന നടത്താൻ തയ്യാറാകണം. ആ രീതിയിലുള്ള ഒരു സംവിധാനമുണ്ടായാൽ ജനങ്ങൾക്ക് മദ്യപാനാസക്തി കുറയുകയും കുടുംബങ്ങളിൽ മനസ്സമാധാനമുണ്ടാകുകയും ചെയ്യുമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് ചിന്തിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, *ബഹുമാനപ്പെട്ട കേരളാ ഗവർണ്ണർ ശ്രീ. ആർ. എൽ. ഭാട്ടിയ നിയമസഭയിൽ കഴിഞ്ഞ 27-ാം തീയതി ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി നടത്തിയ നയപ്രഖ്യാപന

11.30 a.m.] പ്രസംഗത്തിന് ബഹുമാനപ്പെട്ട എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് മൂന്നര വർഷംമുമ്പ് ഗവൺമെന്റിന് സമർപ്പിച്ചെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ കഴിഞ്ഞ ദിവസം നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ഈ സഭയിൽ ആവശ്യപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാർച്ച് മാസം 10-ാം തീയതി നിയമസഭയിൽ ചർച്ച ചെയ്യാൻ തയ്യാറാണെന്നു പറഞ്ഞത് സ്വാഗതാർഹമാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് നഷ്ടപ്പെട്ടത് 18,525 തസ്തികകളാണ്. 11 വർഷത്തെ അനുഭവമിതാണെങ്കിൽ കേരളപ്പിറവി മുതൽ ഇന്നുവരെയുള്ള കണക്കുകളെടുത്താൽ നഷ്ടം ഏതാണ്ട് ഒരു ലക്ഷത്തോളം വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത കുറവ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ സാമുദായിക സംവരണം നടപ്പിലാക്കാനാവശ്യമായ അടിയന്തിര നടപടിയുണ്ടാകണം. പല സ്ഥാപനങ്ങളിലും സംവരണം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ കർശന നടപടിയുണ്ടാകണം. ശ്രീ. കെ. കെ. നായർ പ്രസംഗിച്ചപ്പോൾ സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷയിൽ ജാതി കാണിക്കാൻ പാടില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിനോട് വിയോജിക്കുകയാണ്. സംവരണം നിലനിൽക്കുന്നിടത്തോളം കാലം ജാതിപ്പേര് അപേക്ഷകളിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. മറ്റു മുന്നോക്ക വിഭാഗങ്ങളോടൊപ്പം പിന്നോക്ക വിഭാഗങ്ങൾ കടന്നുവരുന്നതുവരെ ജാതിപ്പേര് അപേക്ഷകളിൽ ഉൾപ്പെടുത്തണമെന്നുള്ള കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേരളം ഇന്ന് വികസനത്തിന്റെ പാതയിൽ മുന്നേറുകയാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ രണ്ടാം വർഷമാഘോഷിക്കുന്ന ഈ ഘട്ടത്തിൽ 30,000 കോടി രൂപയുടെ പദ്ധതികളാണ് വിവിധ ഘട്ടത്തിൽ നടപ്പിലാക്കാൻ തയ്യാറെടുത്ത് നിൽക്കുന്നത്. കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഇൻഡ്യയിലെ ഏറ്റവും നല്ല വ്യവസായ വകുപ്പുമന്ത്രിമാരിൽ ഒരാളായി കാണാൻ സാധിച്ചു. അങ്ങനെ കേരളത്തിലെ വ്യവസായ മേഖലയിൽ വമ്പിച്ച നേട്ടമുണ്ടായി. ആ വികസന രംഗത്തുള്ള മുന്നേറ്റമാണ് നടന്നുകൊണ്ടിരിക്കുന്നത്. Vallarpadam International Container Transhipment Terminal, Dubai Port International-ന്റെ പങ്കാളിത്തത്തോടെ നടപ്പാക്കാൻ പോകുകയാണ്. എൽ.എൻ.ജി. ടെർമിനൽ കൊച്ചി, കായംകുളം എൻ.ടി.പി.സി. താപനിലയത്തിന്റെ സ്ഥാപിതശേഷി 350 മെഗാവാട്ടിൽ നിന്ന് 2300 മെഗാവാട്ടിലേക്ക് ഉയർത്താനുള്ള നടപടികൾ, ജെ.എൽ. ഗ്യാസ് പൈപ്പ് ലൈൻ കൊച്ചി, തുറമുഖാധിഷ്ഠിത സ്പെഷ്യൽ ഇക്കണോമിക് സോണും അനുബന്ധ പദ്ധതികളും, ദേശീയപാതകൾ നാലുവരി പാതയായി ഉയർത്താനുള്ള

നടപടികൾ, കെ.എസ്.ടി.പി. റോഡ് പദ്ധതിയിലൂടെ കേരളത്തിലെ വമ്പിച്ച റോഡ് വികസനം, മലയോര ഹൈവേ, വൻകിട പാലങ്ങൾ ഇവയൊക്കെ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ഇന്റർനാഷണൽ സ്കൂളുകൾ, മാരിടൈം അക്കാഡമി, എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ഫാർമസി കോളേജുകൾ, ബി.എഡ്. കോളേജുകൾ, പ്ലസ് ടു സ്കൂളുകൾ, കോളേജുകളിൽ പുതുതായി കോഴ്സുകൾ അങ്ങനെ വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച നേട്ടങ്ങൾ ഈ സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞു. അതുപോലെതന്നെ ഗെയിലിന്റെ പെട്രോ കെമിക്കൽ കോംപ്ലക്സ് കാസർഗോഡ് സ്ഥാപിക്കാനുള്ള നടപടികൾ, കൊച്ചിൻ റിഫൈനറിയുടെ വികസനം, ഇറ്റാലിയൻ ഫാഷൻ വില്ലേജ്, കൊച്ചി, ഫോബ്സ് ഓർഗാനിക് പ്രോഡക്ട്സ്, പാലക്കാട്, അതുപോലെ ഐ.ടി. രംഗത്തുള്ള കുതിച്ചു ചാട്ടം ഇൻഫോസിസ്, വിപ്രോ, IBS, Expansion affiliated computer services, ഏണസ്റ്റ് ആന്റ് യങ്, അലയൻസ് കോൺഹിൽ, എ.സി.എസ്, ഇൻഫോ പാർക്ക്, കൊച്ചി, പ്രൈവറ്റ് ഐ.ടി. പാർക്കുകൾ ഇങ്ങനെയുള്ള വമ്പിച്ച മാറ്റങ്ങൾ ഐ.ടി. രംഗത്ത് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വിനോദ സഞ്ചാര രംഗത്ത് Taj Greenco-Kovalam, Marina-Kochi, Harbour View-Kochi, ഭാരത് ഹോട്ടൽ കാസർഗോഡിലെ ബേക്കലിൽ ഇങ്ങനെ വമ്പിച്ച നേട്ടങ്ങളുമായി വിനോദ സഞ്ചാര രംഗം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ആസൂത്രിത പദ്ധതികൾ സഹാറ ടൗൺഷിപ്പ്, കൊച്ചി, സ്മാർട്ട് സിറ്റി, കൊച്ചിൻ, Leisure Zone, Kochi, Retread and Warehousing Zone, Vallarpadam, വിഴിഞ്ഞം പോർട്ട് തിരുവനന്തപുരം, അതോടൊപ്പം വ്യവസായ പാർക്കുകൾ ബയോടെക്നോളജി പാർക്ക്, കൊച്ചി, റബ്ബർ പാർക്ക്, മൂവാറ്റുപുഴ, ചെറുകിട വ്യവസായ പാർക്കുകൾ കൊരട്ടി, വയനാട്, മഴുവന്നൂർ അതോടൊപ്പംതന്നെ ഭക്ഷ്യ സംസ്കരണ പാർക്ക്-അടൂർ, Knowledge Park, മലപ്പുറം, മേജർ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ ചേർത്തല, കണ്ണൂർ, മലപ്പുറം ഇങ്ങനെ കേരളം ഈ രംഗങ്ങളിലെല്ലാം കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്.

കൊച്ചി നഗരത്തിന്റെ വികസനത്തിനുവേണ്ടി 305 കോടി രൂപയുടെ പ്രത്യേക പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് മുന്നോട്ട് വന്നത് തീർച്ചയായും വളർന്നു വരുന്ന കൊച്ചിയുടെ വികസനത്തിന് വലിയ ഒരു മുതൽക്കൂട്ടാണ്. 2003-2004-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 1,437 കോടി രൂപയിൽ 1,252 കോടി രൂപ ചെലവഴിച്ചുകൊണ്ട് (87.95 ശതമാനം) സർവ്വകാല റെക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലാപ്സാക്കുന്ന പ്ലാൻ ഫണ്ടിന്റെ 20 ശതമാനം അടുത്ത വർഷം അനുവദിക്കുമെന്ന് ഈ സഭയിൽ പറഞ്ഞത് പഞ്ചായത്തുകൾക്ക് ആശ്വാസകരമാണ്. നടപ്പ് സാമ്പത്തിക വർഷം 1,350 കോടി രൂപയിൽ 964 കോടി രൂപ അനുവദിച്ചു നൽകിക്കഴിഞ്ഞതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിന് സഹായകരമാകും. 531.11 കോടി രൂപയുടെ മെയിന്റനൻസ് ഗ്രാന്റ് ആദ്യമായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. പുതിയ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കാനുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. സുനാമി ദുരന്തത്തിൽ സംസ്ഥാനത്തിനകത്ത് 171 പേരും സംസ്ഥാനത്തിന് പുറത്ത് 32 പേരും ഉൾപ്പെടെ 203 പേരാണ് സംസ്ഥാനത്ത് മരണപ്പെട്ടത്. കേരളത്തെ മുഴുവൻ ദുഃഖിപ്പിച്ച ആ

LIBRARY ARCHIVES Kerala Legislative Assembly

സംഭവത്തിൽ സംസ്ഥാനം കണ്ടതിൽ വച്ച് ഏറ്റവും വലിയ ദുരന്തമാണ് അനുഭവിക്കേണ്ടി വന്നത്. ആയിരക്കണക്കിന് ആളുകൾക്ക് പരിക്ക് പറ്റുകയും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ പാർപ്പിക്കുകയും ചെയ്യേണ്ടതുണ്ടായി. ഒരു പരാതിയും ഇല്ലാത്ത രീതിയിൽ എല്ലാപേരുടേയും പ്രശംസ പിടിച്ചുപറ്റിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും ഈ കാര്യത്തിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. മരിച്ചവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ വീതവും കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപ വീതവും പരിക്ക് പറ്റിയവർക്ക് 5,000 രൂപ വീതവും മത്സ്യബന്ധന ഉപകരണങ്ങൾ നന്നാക്കാൻ 13.8 കോടി രൂപയും അനുവദിക്കുകയുണ്ടായി. കൂടാതെ രണ്ടു മാസത്തെ സൗജന്യ റേഷൻ അനുവദിച്ചു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വളരെയേറെ സഹായകരമായി. ഏറെ പാവപ്പെട്ടവർക്ക് ചികിത്സാസഹായം ലഭ്യമായി. വർഷങ്ങളോളം തീരുമാനം ആകാതിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തു. സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം കിടക്കുന്ന ജില്ലയാണ് കാസർഗോഡ് ജില്ല. കാസർഗോഡിനെ സംബന്ധിച്ചിടത്തോളം 1954-ൽ പുതിയ ജില്ല രൂപീകരിക്കാൻ ഗവൺമെന്റ് മുന്നോട്ട് വന്നത് പിന്നോക്ക പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാനായിരുന്നു. അവിടെ ഇന്ന് റോഡുകളില്ല, പാലങ്ങൾ ഇല്ല. ആശുപത്രികൾ ഇല്ല, കുടിവെള്ളമില്ല, വ്യവസായ സ്ഥാപനങ്ങളില്ല. അങ്ങനെ ഏറ്റവുമധികം പിന്നോക്കം കിടക്കുന്ന 14-ാമത് ജില്ലയാണ് കാസർഗോഡ്. ആ കാസർഗോഡ് ജില്ലയുടെ സമഗ്രമായ വികസനത്തിന് തുടക്കം കുറിക്കാൻ അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി വളരെയേറെ താൽപ്പര്യമെടുത്തതുകൊണ്ടാണ് കാസർഗോഡിന് എന്തെങ്കിലും വികസനം ഉണ്ടായത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അങ്ങ് മുഖ്യമന്ത്രിയായ ഈ കാലഘട്ടത്തിൽ സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം കിടക്കുന്ന കാസർഗോഡ് ജില്ലയുടെ സമഗ്രമായ വികസനത്തിന് തലസ്ഥാന നഗരിക്കും കൊച്ചി നഗരത്തിനും ഉള്ളതുപോലെ 14-ാമത് ജില്ലയായ കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ പുതിയ താലൂക്കുകളുണ്ടാകണം. അടയ്ക്ക കർഷകർക്ക് 10 കോടി രൂപ മാത്രമാണ് ഈ ഗവൺമെന്റ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. അത് 25 കോടി രൂപയായി വർദ്ധിപ്പിക്കണം. നെല്ല് സംഭരണവും കുരുമുളക് സംഭരണവും കാര്യക്ഷമമാക്കണം. എൻഡോസൾഫാൻ മുഖേന മരിച്ചവരുടെ ആശ്രിതർക്ക് തൊഴിലും രോഗം ബാധിച്ചവർക്ക് ചികിത്സയും പുനരധിവാസവും നടത്താൻ ആ പ്രദേശം സന്ദർശിക്കുകയും അവിടത്തെ ജനങ്ങളുടെ വികാരങ്ങൾ മാനിക്കുകയും ചെയ്ത മുഖ്യമന്ത്രിയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. അടിയന്തിരമായും പുനരധിവാസത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ കേന്ദ്രത്തിൽ സമർപ്പിക്കുന്ന എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കണ്ണൂരിലെ വിമാനത്താവളത്തിന്റെ കാര്യം കൂടി കേന്ദ്രത്തിൽ അയയ്ക്കുന്ന ആ പ്രൊപ്പോസലിൽ ഉൾപ്പെടുത്തണമെന്നാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിന് അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> സർ, ഗവർണ്ണറുടെ പ്രസംഗം തയ്യാറാക്കിയപ്പോൾ സംസ്ഥാനത്തെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒട്ടേറെ കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് 16,272 കോടി രൂപയുടെ കടം വർദ്ധിച്ചു. ബഡ്ജറ്റിൽ അത് വരുമോ എന്ന് എനിക്കറിയില്ല. പക്ഷേ ഈ വർഷം വലിയ ബാദ്ധ്യതകൾ ഏറ്റെടുക്കേണ്ട ഒരു സ്ഥിതിയാണ് കേരളാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉള്ളത്. പക്ഷേ അതൊന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കുന്നില്ല. നമ്മുടെ സാമ്പത്തികസ്ഥിതി വളരെ മോശമാണെന്നുള്ളതുകൊണ്ടല്ലേ ഇത്രയും കടം എടുക്കേണ്ടി വന്നത്. ഇതെല്ലാം കൂടി ചേർത്ത് രണ്ടേമുക്കാൽ-മൂന്ന് കോടി ജനങ്ങളിൽ ഓരോരുത്തർക്കും പെർ ക്യാപ്പിറ്റാ കടം എന്തു മാത്രം വരുമെന്ന് ആലോചിക്കണം. ഇക്കൊല്ലം ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന രീതിയിലാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ ഇക്കൊല്ലം ശമ്പളം വർദ്ധിപ്പിക്കേണ്ടിവരും. സ്വാഭാവികമായും നമ്മുടെ കടം വർദ്ധിക്കും. ഇലക്ട്രിസിറ്റി താരിഫ് റെഗുലേറ്ററി അതോറിറ്റി-450 കോടി രൂപ ഒന്നുകിൽ ഈ രാജ്യത്തെ വിദ്യുച്ഛക്തി ഉപഭോക്താക്കളിൽ നിന്നും പിരിക്കണം. അല്ലെങ്കിൽ 450 കോടി രൂപ സർക്കാർ അടയ്ക്കണം. അല്ലെങ്കിൽ ജനങ്ങൾക്ക് 450 കോടി രൂപയുടെ അധികഭാരം വരും. സർക്കാർ 450 കോടി രൂപ സബ്സിഡിയായി കൊടുക്കണമെന്ന് പറഞ്ഞതും സർക്കാർ ആഫീസുകൾ വരുത്തിയ കുടിശ്ശിക 400 കോടി രൂപ കൊടുക്കണമെന്ന് പറഞ്ഞതും കൂടി ഈ കൊല്ലത്തെ ചെലവിനത്തിൽ വർദ്ധിക്കും. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് കമ്മീഷനെ നിയമിക്കാൻ ഏതായാലും ഒരു കൊല്ലത്തിൽ കൂടുതൽ വച്ചുകൊണ്ടിരിക്കാൻ പറ്റില്ല. അടുത്ത ഗവൺമെന്റ് വരുന്നതുവരെ ജീവനക്കാർക്ക് ശമ്പളം തടഞ്ഞു വയ്ക്കാൻ പറ്റില്ല. അടുത്ത ബഡ്ജറ്റിൽ കൊടുക്കേണ്ടിവരും. സ്വാഭാവികമായും ഡി.എ. വരും. ഇതെല്ലാം കൂടി ചേർത്ത് വരുന്നത് മാത്രമല്ല, സുനാമിയുമുണ്ട്. നേരത്തേ പറഞ്ഞതുപോലെ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും ഭാരത് പെട്രോളിയത്തിനും കൂടി കെ.എസ്.ആർ.ടി.സി. കൊടുക്കാനുള്ള കടം ഏതാണ്ട് 80 കോടി രൂപയോളമാണ്. അത് കൊടുത്തില്ലെങ്കിൽ അവർ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കുന്ന ഡീസൽ സപ്ലൈ നിർത്തും. ഡീസൽ സപ്ലൈ നിർത്താതിരിക്കണമെങ്കിൽ ഏതെങ്കിലും ഒരു ഘട്ടത്തിൽ 100 കോടി രൂപയുടെയെങ്കിലും സഹായം കെ.എസ്.ആർ.ടി.സി.-ക്ക് ഇലക്ട്രിസിറ്റി ബോർഡിനെപ്പോലെ കൊടുക്കേണ്ടി വരും. ഇതെല്ലാം കൂടി വരുമ്പോൾ ഹിഡൺ ആയിട്ടുള്ള വലിയ ഒരു സംഖ്യ ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു കൊല്ലത്തിനകത്ത് കണ്ടുപിടിക്കേണ്ട വമ്പിച്ച ബാദ്ധ്യത വരും. ഇത്രയും സാമ്പത്തിക ബാദ്ധ്യത വരുമ്പോൾ അതിനെക്കുറിച്ച് ഒരക്ഷരം പോലും ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കാൻ കഴിഞ്ഞില്ല. ആ പ്രസംഗം എഴുതിയത് ഒരു ജൂനിയർ ഐ.എ.എസ്. ഓഫീസറാണ്. പക്ഷേ അത് കറക്ട് ചെയ്ത് ഗവൺമെന്റിൽ വരുമ്പോൾ ഇത്രയും പ്രധാനപ്പെട്ട ഈ കാര്യങ്ങൾ കണ്ടില്ല എന്ന് നടക്കാൻ ഈ സഭയ്ക്കും കഴിയില്ല, ഗവൺമെന്റിനും കഴിയില്ല. ഒരു പോളിസി

എന്നുള്ള നിലയിൽ പറയുമ്പോൾ അതിന് ആവശ്യമായ മാർഗ്ഗം കണ്ടുപിടിക്കണം. നമ്മുടെ കുടിശ്ശിക പിരിച്ചെടുക്കാൻ പറ്റില്ല. കോടതിയുടെ വിധി, സ്റ്റേ ഇതൊക്കെ നിൽക്കുന്നിടത്തോളം അതൊന്നും പിരിച്ചെടുക്കാൻ പറ്റില്ല. ഇപ്പോൾ നമ്മൾ എങ്ങനെയാണ് രക്ഷപ്പെട്ടു നിൽക്കുന്നത്? സുനാമിയുടെ ഫണ്ട് വകമാറ്റി ചെലവാക്കിയെന്ന് ഞാൻ പറയുന്നില്ല. പക്ഷേ വെയ്സ് ആന്റ് മീൻസ് രക്ഷപ്പെടാനും ഖജനാവ് തുറന്ന് വയ്ക്കാനും ഇടയാക്കിയത് സുനാമിയുടെ പണം കിട്ടിയതുകൊണ്ടാണ്. വകമാറ്റി ചെലവാക്കി എന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. പക്ഷേ സുനാമിയിൽ 170-ഓളം ആളുകളാണ് മരിച്ചത്. ഈ നൂറ്റിഎഴുപതോളം ആളുകളെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിന്, ഒരു കുടുംബത്തിൽ രണ്ടും മൂന്നും ആളുകൾ വരെ മരിച്ചവരുണ്ട്. അവരുടെ ഉപകരണങ്ങൾക്ക് 50 ശതമാനം എന്നുള്ളത് മാറ്റിയത് ഞാൻ അംഗീകരിക്കുന്നു. നല്ല കാര്യം തന്നെ. എന്നാൽ ഈ ആളുകളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്നും സുനാമി വരാത്ത ഒരു നാട് എന്നുള്ള നിലയിലും ഇനി പ്രീസിഡന്റ്സ് ഒന്നും പറയാൻ ഒക്കാത്ത രീതിയുണ്ട് എന്നുള്ള നിലയിലും ഈ കുടുംബം നിലനിറുത്തുന്നതിന് ആവശ്യമായ രീതിയിൽ ഒരു കുടുംബത്തിൽ ഒരാൾക്ക് എങ്കിലും ഒരു തൊഴിൽ കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കണം. അത് സർക്കാരിലാണെങ്കിലും പൊതുമേഖലയിലാണെങ്കിലും വിരോധമില്ല. തൂപ്പ് ജോലി ആയാലും മതി. ഒരു കുടുംബത്തിൽ രണ്ടും മൂന്നും പേർ മരിച്ചിടത്ത് ഒരാൾക്ക് ജോലി കൊടുത്താൽ മതി. വൈപ്പ്ഔട്ട് ചെയ്തു പോയ ചില കുടുംബങ്ങളുണ്ട്. അവിടെയൊന്നും കൊടുക്കണ്ട. നൂറോ നൂറ്റിയിരുപതോ ആളുകൾക്ക് തൊഴിൽ കൊടുക്കേണ്ടിവരും. കൊല്ലം ജില്ലയിലെ ആലപ്പാട്ടും ആറാട്ടുപുഴയിലും ശ്രീ. കുട്ടപ്പന്റെ മണ്ഡലത്തിൽപ്പെട്ട എടവനക്കാട് ഉൾപ്പെടെ നൂറോ നൂറ്റിഇരുപതോ ആളുകൾക്ക് ജോലി കൊടുക്കുമ്പോൾ ഈ പ്രശ്നത്തിന് ഒരു വലിയ അളവുവരെ പരിഹാരം ഉണ്ടാകും. അവരുടെ ഉപജീവനത്തിനുപയോഗിക്കുന്ന ഉപകരണങ്ങളൊക്കെ കൊടുക്കാൻ തീരുമാനിച്ചത് നല്ല കാര്യം തന്നെയാണ്. പക്ഷേ ഒരു കാര്യമുണ്ട്. വീട് വയ്ക്കുന്നതിന്റെ ചുമതല ദയവായി സർക്കാർ ഏതെങ്കിലും ഏജൻസികളെ ഏൽപ്പിക്കണം. മാതാ അമൃതാനന്ദമയീ മഠം വന്നു. അതിൽ തെറ്റില്ല. ഇത് പറയുന്നത് എന്താണെന്നു ചോദിച്ചാൽ ഹൗസിംഗ് ബോർഡ് വീട് വയ്ക്കുന്നതിന് ഏൽപ്പിച്ചിരിക്കുന്നത് പുനലൂരിൽ കൈതച്ചക്കയുടെ ചാറ് എടുക്കുന്ന ഒരു ഫാക്ടറിയുണ്ട് അവരിൽ ആരെയോ ആണ്. സുനാമി ബാധിത പ്രദേശത്ത് വീടുവയ്ക്കാൻ കൈതച്ചക്ക ഫാക്ടറിയും വീടുമായിട്ട് എന്താ ബന്ധം. അവർക്ക് ജോലി കൊടുക്കണം അത് ബിവറേജസ് കോർപ്പറേഷനിൽ കൊടുക്കുന്നുണ്ട്. ഈ വിധം ഹൗസിംഗ് ബോർഡ് വച്ച വീടിനെപ്പറ്റി തിരുവനന്തപുരത്തുള്ള അങ്ങയോട് ഞാൻ പറയണോ? ചോർന്നൊലിക്കുകയാണ്. അതുകൊണ്ട് അങ്ങനെ ഹൗസിംഗ് ബോർഡ് വീട് വയ്ക്കുന്നതിനേക്കാൾ ഈ പണം ഉപയോഗിച്ച്.................എനിക്ക് ഒരു അനുഭവമുണ്ടായി. ഒരാൾ 50 വീട് വച്ചുതരാമെന്നു പറഞ്ഞുവന്നു. ഒരു ലക്ഷമാണെങ്കിൽ ഒരു ലക്ഷം, സർക്കാരിന്റേത് 75,000 രൂപയാണ്. രണ്ട് ലക്ഷമാണെങ്കിൽ രണ്ടു ലക്ഷം വേണമെങ്കിലുമാകാം. ഞാൻ ആ കണക്കുകൾ എടുത്ത് കളക്ടറുടെ അടുത്തയച്ചപ്പോൾ കളക്ടർ പറയുന്നത് ഇൻസ്ട്രക്ഷൻ കിട്ടിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. ഫ്ളാറ്റ് വച്ചുകൊടുക്കാമെന്നു പറഞ്ഞു. ഇരുപത്തഞ്ചോ, മുപ്പതോ വീടുകളുള്ള ഫ്ളാറ്റു വച്ചുകൊടുക്കാമെന്നു പറഞ്ഞു. ആലപ്പാട്ട് വേണമെങ്കിൽ ആലപ്പാട്ട്, ആറാട്ടുപുഴ വേണമെങ്കിൽ ആറാട്ടുപുഴ വീട് വച്ചു കൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ കളക്ടർ പറയുന്നത് ആലോചിക്കാമെന്നാണ്. ആരെങ്കിലും ഈ പാവപ്പെട്ടവരെ, പൊതു സ്ഥലത്തു കഴിയുന്ന, കോമൺ ഷെൽറ്ററിൽ കഴിയുന്ന, ആളുകളെ എവിടെയെങ്കിലും എത്തിക്കാൻ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിയില്ലെങ്കിൽ resentment, വലിയ അപകടം ആ പ്രദേശങ്ങളിൽ ഉണ്ടാകും. ലോട്ടറി നിരോധിച്ചതുകൊണ്ട് എന്താ പ്രയോജനം. ബാംഗ്ലൂരിൽ നിന്നും കർണ്ണാടകയിൽ നിന്നും വരുന്ന ബസ്സിൽ എല്ലാം ലോട്ടറി ടിക്കറ്റ് വരികയാണ്. തിരുവനന്തപുരത്തു കിട്ടും, കൊട്ടാരക്കര കിട്ടും, ആറ്റിങ്ങലിൽ കിട്ടും, പുനലൂരിൽ കിട്ടും എല്ലായിടത്തും കിട്ടും. ബാംഗ്ലൂരിൽ നിന്ന് രാവിലെ വരുന്ന 100 കണക്കിന് ബസ്സുകളിൽ ലോട്ടറി ടിക്കറ്റാണ്. ഇവിടത്തെ ലോട്ടറിക്കാരന്റെ വായിൽ മണ്ണ് ഇടീച്ചതല്ലാതെ ഇതുകൊണ്ട് ആർക്കാ കുഴപ്പം. പിന്നെ ഇന്റർനെറ്റ് ഉള്ളവർക്കൊക്കെ കർണ്ണാടകയിൽനിന്ന് ഓൺ ലൈൻ ലോട്ടറിയും എടുക്കാം. ഈ രാജ്യത്ത് സാങ്കേതിക വിദ്യ ഇത്രയും വികസിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്റെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്, അണ്ണാനെ എരുത്തലിൽ അടച്ചതുപോലെയായിപ്പോയി ഈ ലോട്ടറിയുടെ സംഭവം. അണ്ണാനെ എരുത്തലി ലടച്ചാൽ അതിന് ഇറങ്ങിപ്പോയ്ക്കൂടെ? കന്നുകാലിക്ക് ഇറങ്ങിപ്പോകാനൊക്കില്ല, പക്ഷെ അണ്ണാന് ഇറങ്ങിപ്പോകാം. ലോട്ടറി നിരോധിച്ചു കുറേ ആളുകൾ നശിച്ചു, സർക്കാരിന് കിട്ടേണ്ട കാശ് പോയി. ഫലം എന്താണെന്നു വച്ചാൽ ഇവിടെ ഓൺലൈൻ ലോട്ടറിയും നടക്കുന്നു, പേപ്പർ ലോട്ടറിയും നടക്കുന്നു. ചാരായം നിരോധിച്ചിട്ട് വാറ്റുന്ന സ്ഥലമല്ലേ നമ്മുടെ രാജ്യം. അവിടെയാണോ ഒരു ലോട്ടറി ടിക്കറ്റ് വിൽക്കാൻ പ്രയാസം. അതുകൊണ്ട് ദയവായി എത്രയും വേഗം ഇതിനുള്ള നിരോധനം എടുത്തുകളയണം. ഇനി ആത്മഹത്യയുണ്ടാകാൻ ഇടവരരുത്. എടുത്തുകളയാൻ തീരുമാനിച്ചു എന്നുപറഞ്ഞു. ഞങ്ങൾ പുറംപോക്കിൽ ആയതുകൊണ്ട് ഞങ്ങളാരും ഇതൊന്നും അറിയുന്നില്ല. എന്താ ഇന്നലെ നടന്നത് എന്ന് ഞങ്ങൾക്കറിയില്ല. ഇവിടെ സ്മാർട്ട് സിറ്റിയെപ്പറ്റി പറഞ്ഞു, എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുണ്ട്, അങ്ങാണല്ലോ ഇപ്പോൾ ഐ.ടി. മന്ത്രി. ഐ.ടി. പോളിസിയെക്കുറിച്ച് ഞാൻ മുഴുവൻ നോക്കി, നമ്മൾ വലിയ അപകടത്തിലേക്ക് പോകരുത്. അതുകൊണ്ടാണ് പറയുന്നത്. എന്താണ് മുഖ്യമന്ത്രിയും നമ്മുടെ ചീഫ് സെക്രട്ടറിയുമൊക്കെ പറഞ്ഞിരിക്കുന്നത്. ഒരു എംപ്ലോയ്മെന്റ് ഉണ്ടാക്കിയാൽ ഒരാളിന് തൊഴിൽ കൊടുത്താൽ 20,000 രൂപ സബ്സിഡി കൊടുക്കാം എന്ന് ഐ.ടി. പോളിസിയിൽ ഉണ്ടെന്നാണ്. പക്ഷെ ഞാൻ തപ്പിനോക്കി, ആ കമ്മിറ്റിയിൽ ഉണ്ടായിരുന്നവരോട് ചോദിച്ചു, അങ്ങനെ യൊന്നും ഐ.ടി. പോളിസിയിൽ കണ്ടില്ല. എന്താ ഇതിനർത്ഥം? സ്മാർട്ട് സിറ്റിക്ക് കൊച്ചിയിൽ സ്ഥലം കൊടുക്കുന്നതിന് സൗജന്യം കൊടുക്കണമെന്നോ? അല്ലെങ്കിൽ 33,000 എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യുന്നതിന് എഴുപതോ, എഴുപത്തഞ്ചോ കോടി രൂപയുടെ ഭൂമി കൊടുക്കാം എന്നാണ്. ഈ ഭൂമി കൊടുത്താൽ ഇത്രയും പേർക്ക് ജോലി കൊടുക്കും എന്നുള്ളതിന് ഉറപ്പെന്താ? കൊടുത്താൽ അവരുടെ സ്വന്തമാകും. കുറേനാൾ കഴിഞ്ഞ് ഈ സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

നിന്നാൽ, നടന്നില്ല എങ്കിൽ അപകടം പറ്റിയാൽ വിലയേറിയ, 100 കോടി രൂപയിൽ കൂടുതൽ വിലവരുന്ന നമ്മുടെ ഭൂമിയും ഈ രൂപയും നമുക്ക് നഷ്ടമാകും. എന്തു ഗ്യാരന്റിയാണ് നമുക്കുള്ളത്? ഏത് ഐ.ടി. പോളിസിയിലാണ് ഇത് പറഞ്ഞിരിക്കുന്നത്? അതിനെപ്പറ്റി എനിക്ക് അത്രയേ പറയാനുള്ളൂ. ടൂറിസം പ്രൊമോഷനെന്നുപറഞ്ഞ് കായലും കടലും കയ്യേറുന്നത് അവസാനിപ്പിക്കണം. നമ്മൾ വേമ്പനാട് കായൽ സൈഡിൽ പോയാൽ, കോവളം സൈഡിൽ പോയാൽ മറ്റ് കായലുകളിൽ പോയാൽ നദീതടങ്ങളിൽ പോയാൽ ടൂറിസം എന്നു പറഞ്ഞുകൊണ്ട് കല്ലുകെട്ടി സർക്കാരിന്റെ സ്ഥലം കൈവശപ്പെടുത്തുന്നത് ഒരു പ്രവണതയായി മാറിയിട്ടുണ്ട്. കടൽ മാത്രമല്ല, കായലും പുഴയോരങ്ങളും മുഴുവൻ ടൂറിസം എന്നുപറഞ്ഞ് കൈവശപ്പെടുത്തുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രദ്ധിക്കേണ്ട കാര്യമാണ്, തിരുവനന്തപുരത്തുതന്നെ വിഴിഞ്ഞത്തുള്ള ഭാഗങ്ങൾ എത്രയോ ആളുകൾ കൈവശപ്പെടുത്തി. ഇപ്പോൾ ഏറ്റവും വലിയ ഹോട്ടലുടമ, സാമ്പത്തികമായി ഏറ്റവും കഴിവുള്ളയാൾ ഈയടുത്ത കാലത്ത് കോവളത്ത് കടലുവരെകെട്ടി കച്ചവടക്കാർ യാത്രചെയ്യുന്ന, മീൻപിടിത്തക്കാർ യാത്രചെയ്യുന്ന വഴികൾവരെ കെട്ടിയടച്ചു. ഒരു സർവ്വേ നടത്തി കോടിക്കണക്കിന് രൂപ വിലയുള്ള പുറമ്പോക്ക് കയ്യേറുന്നത് തടയാൻ ഗവൺമെന്റ് നടപടിയെടുക്കണം. റവന്യൂ മന്ത്രി ശ്രീ. മാണി നടപടിയെടുക്കണമെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് മുഖ്യമന്ത്രി ഇക്കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കണം. ശ്രീ. എ. കെ. മണിയുടെ ടി.വി. ഇന്റർവ്യൂ ഞാൻ കണ്ടു. കയ്യേറ്റമല്ലേ? മൂന്നാറിൽ മുഴുവൻ കയ്യേറ്റമാണ്. മൂന്നാർ, വാഗമൺ ഭാഗങ്ങളിൽ മുഴുവൻ കയ്യേറ്റമാണ്. ഇവിടെ ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയ്ക്ക് ഒരു പുഷ്പാർച്ചന നടത്തി, റീത്ത് വച്ചു എന്ന് ഞാൻ പറയുന്നില്ല. അങ്ങും മന്ത്രിയായിരുന്ന ആളാണ് ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയുടെ തുടർച്ചയാണ് ഈ മന്ത്രിസഭയെന്ന ഇന്നലെ പ്രസംഗിച്ച ശ്രീ. ശിവദാസനോ, ഞങ്ങളുടെ ശ്രീ. തോമസ് മാസ്റ്റർക്കോ, അങ്ങെയ്ക്കോ, ശ്രീ. കാർത്തികേയനോ, ശ്രീ. ശങ്കരനാരായണനോ ഞാൻ നിയമിച്ച ഫോറസ്റ്റ് വാച്ചർമാരെ തിരിച്ചെടുത്തില്ല എങ്കിൽ മരിക്കുന്നതുവരെ സമരം ചെയ്യുമെന്ന് ഇന്നലെ ഈ ഗവൺമെന്റിന് എതിരായി അതിശക്തമായി വിമർശിച്ച ശ്രീ. കെ. സുധാകരനോ പറയാമോ കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റെന്ന്. ശ്രീ. എ. കെ. ആന്റണി ചെയ്ത ഒട്ടേറെ നല്ല കാര്യങ്ങൾ ഒന്നൊന്നായി പിച്ചിച്ചീന്തിയിട്ട് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റിന്റെ പിൻതുടർച്ചയാണ് ഈ ഗവൺമെന്റ് എന്ന് പറയുന്നത് അങ്ങേക്ക് അംഗീകരിക്കാൻ കഴിയുമോ എന്ന് എനിക്ക് അറിയില്ല. അങ്ങയുടെ പ്രസംഗം പോലും ഹൃദയത്തിൽ നിന്ന് തികട്ടിവന്നതാണെന്ന് എനിക്ക് അഭിപ്രായമില്ല. എതുകൊണ്ട് ടൂറിസത്തിന്റെ പേരിൽ ഈ രാജ്യത്ത് മലനീകരണം ഉണ്ടാക്കുന്നത്, കള്ളടിച്ച് ഈ രാജ്യത്ത് ബഹളം ഉണ്ടാക്കുന്നത്, പൊതുസ്ഥലങ്ങളിൽ ബഹളം ഉണ്ടാക്കുന്നത്, കയ്യേറ്റം നടത്തുന്നത്, പ്രമാണിമാർക്ക് സർക്കാരിന്റെ സ്ഥലം കയ്യേറാനുള്ള ഒരു ലൈസൻസായി ഹോട്ടലും, ടൂറിസവും അധഃപതിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ പരിശ്രമിക്കണം എന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വിത്ത് നിയമത്തെപ്പറ്റി മുഖ്യമന്ത്രി പറഞ്ഞു. പാർലമെന്റിൽ വന്ന ഈ വിത്ത് ബില്ലിനെ നമ്മുടെ സർക്കാർ അതിശക്തമായി എതിർത്തില്ലായെങ്കിൽ കേരളം നാണ്യവിളകൾ ഇല്ലാത്ത ഒരു സംസ്ഥാനമായി ഭാവിയിൽ മാറും. ഒരു സംശയവുമില്ല. ബഹുരാഷ്ട്ര കുത്തകകൾ വളരെ ശക്തമായി ഇടപെടും. ഈ കാര്യത്തിൽ ഒരു നയം സ്വീകരിക്കേണ്ടത് ആവശ്യമാണ്. കൗൺസിലിംഗ് നടത്തി ആത്മഹത്യ അവസാനിപ്പിക്കാമെന്നാണ് ഗവർണ്ണർ പറഞ്ഞിരിക്കുന്നത്. കൗൺസിലിംഗ് കൊണ്ട് ആത്മഹത്യ കുറയ്ക്കാൻ പറ്റുമോ? കുരുമുളക് പോയവൻ, കൃഷി നശിച്ചവൻ, മൂഞ്ഞ ബാധിച്ച് കൃഷി നശിച്ചവൻ ഈ രാജ്യത്ത് തേയില ത്തോട്ടങ്ങൾ അടച്ചുപൂട്ടേണ്ടി വന്നപ്പോൾ ബുദ്ധിമുട്ടിലായവർ, നമ്മുടെ രാജ്യത്ത് പട്ടിണികൊണ്ട് ആത്മഹത്യ ചെയ്യുന്ന ലോട്ടറിക്കാരനെ, കൃഷിക്കാരനെ രക്ഷിക്കാൻ നമ്മൾ ശ്രമിക്കാതെ, ആ കൃഷിക്കാരന്റെ പ്രശ്നം എന്താണെന്ന് പഠിക്കാതെ കൗൺസിലിംഗ് കൊണ്ട് വയനാട്ടിൽ ആത്മഹത്യ ചെയ്തവരുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമോ? ആത്മഹത്യ തടയണമെങ്കിൽ ആത്മഹത്യയുടെ റൂട്ട് കോസ്, അതിന്റെ കാരണം എന്താണെന്ന് കണ്ടുപിടിച്ച് ഗവൺമെന്റ് അതിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കണമെന്ന് ഈ അവസരത്തിൽ ഗവൺമെന്റിനെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് അങ്ങ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിന്റെ സമ്പൂർണ്ണ വികസനത്തിന് ബഹുമാനപ്പെട്ട എ. കെ. ആന്റണി തുടങ്ങിവച്ച പ്രവർത്തനങ്ങളെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ മന്ത്രിസഭ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. അതിനുള്ള കാര്യപരിപാടികളാണ് ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ കാണാൻ കഴിയുന്നത്. തകർന്നടിഞ്ഞ കേരളത്തിന്റെ സാമ്പത്തിക രംഗത്തെ ചലനാത്മകമാക്കി, ഭാവിയിലേക്ക് കേരളത്തെ കൈപിടിച്ചുയർത്താൻ ഈ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ട മാണ് ഇപ്പോൾ നടക്കുന്നത്. ബഹുമാന്യനായ ഉമ്മൻചാണ്ടി അധികാരം ഏറ്റെടു ത്തതിനുശേഷം 100 ദിവസത്തെ കർമ്മപരിപാടികൾ പ്രഖ്യാപിച്ചുകൊണ്ട് ഈ നാട്ടിന്റെ സാമ്പത്തിക പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു. ഈ സംസ്ഥാനത്തെ ഏറ്റവും വലിയ പരാതി, നമ്മുടെ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ചായിരുന്നു. 70 ശതമാനം ഫയലുകളും തീർപ്പാക്കിക്കൊണ്ട് റിക്കോർഡു ണ്ടാക്കാൻ ഈ ഗവൺമെന്റിന് ചുരുങ്ങിയ സമയത്തിനുള്ളിൽ കഴിഞ്ഞിരിക്കുന്നു. ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് തീരുമാനങ്ങൾ എടുത്ത് അത് നടപ്പിലാക്കി ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. മുമ്പ് സംസാരിച്ച ശ്രീ. പി. എസ്. സുപാൽ സൂചിപ്പിച്ച ഒരു കാര്യം ഞാൻ സഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ഈ ഗവൺമെന്റ് തീരുമാനം എടുക്കുന്നു പക്ഷേ നടപ്പിലാക്കുന്നില്ല എന്ന് അദ്ദേഹം പറയുകയുണ്ടായി. ഈ ഗവൺമെന്റ് സമയബന്ധിതമായി തീരുമാനങ്ങൾ എടുക്കുന്നുണ്ട്, അത് നടപ്പിലാക്കുന്നുണ്ട്. ഒരു ചെറിയ കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ! പാവപ്പെട്ട ആളുകൾ ചികിത്സാ സഹായത്തിന് അപേക്ഷിച്ചാൽ മാസങ്ങൾ അല്ല വർഷങ്ങൾ ഈ അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം നായനാർ സർക്കാരിന്റെ കാലത്തുണ്ടായിരുന്നുവെങ്കിൽ ഇന്ന് ഒരു അപേക്ഷ കൊടുത്താൽ രണ്ടാഴ്ചയ്ക്കുള്ളിൽ, കൂടിയാൽ ഒരു മാസത്തിനുള്ളിൽ ചികിത്സാ സഹായം ആവശ്യപ്പെടുന്നവർക്ക് സഹായം ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതാണ് സാധാരണ ജനങ്ങൾ ആഗ്രഹിക്കുന്നത്. അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പതിനായിരങ്ങൾ പട്ടയത്തിനുവേണ്ടി കാത്തിരിക്കുന്നുണ്ടായിരുന്നു. 25000 പട്ടയങ്ങൾ 100 ദിവസത്തിനുള്ളിൽ കൊടുത്തു തീർക്കുമെന്ന് പ്രഖ്യാപിച്ചിട്ട് 27000-ത്തിലധികം പട്ടയങ്ങൾ വിതരണം ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞു. 2004 ഡിസംബർ 31 വരെ റവന്യൂ റിക്കവറി ഇനത്തിൽ 100 കോടി രൂപ സംഭരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ബഹുമാന്യനായ ശ്രീ. കെ. എം. മാണി കൈകാര്യം ചെയ്യുന്ന ഭവന നിർമ്മാണ വകുപ്പിനെക്കുറിച്ച് ഒരു വാക്ക് കഴിഞ്ഞ അനേക വർഷങ്ങളായി ഭവന നിർമ്മാണ ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. ആയിരം കോടി രൂപയുടെ വായ്പാ കുടിശികയായിരുന്നു ഹഡ്കോയ്ക്ക് കൊടുത്തു തീർക്കാനുണ്ടായിരുന്നത്. ഹഡ്കോയുമായി പ്രത്യേക പാക്കേജുണ്ടാക്കി ഹഡ്കോയ്ക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയിൽ 500 കോടി രൂപ കൊടുത്തു തീർത്തുകൊണ്ട് വീണ്ടും ഈ സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി വായ്പ ലഭ്യമാക്കുന്ന സാഹചര്യമുണ്ടാക്കി. 40000-ത്തിലധികം പാവപ്പെട്ടവരുടെ വീടുകൾ പൊളിച്ച് അവർക്ക് വായ്പ അനുവദിച്ചു എന്നുപറഞ്ഞ് കഴിഞ്ഞ ഗവൺമെന്റ് കടന്നുപോയി. വായ്പയുടെ രണ്ടാം ഗഡുവും മൂന്നാം ഗഡുവും കൊടുത്തു തീർത്തിരുന്നില്ല. ഇത്തരത്തിലുള്ള 40000-ത്തിലധികം സാധാരണക്കാരുടെ വീടുകൾ പൂർത്തിയാക്കുന്നതിന് പണം ലഭ്യമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ആരോഗ്യ വകുപ്പിനെക്കുറിച്ച് ഒരു കാര്യം പറയുന്നുണ്ട്. "ഗ്രാമീണ മേഖലയിൽ രണ്ടാംഘട്ട ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് ഡോക്ടർമാരുൾപ്പെടെയുള്ള 1200 തസ്തികകൾ സൃഷ്ടിക്കുകയും 42 കേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിന് വാർഡുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഡോക്ടർ ഇ. ബലരാമൻ നായർ മേധാവിയായുള്ള വിദഗ്ദ്ധ കമ്മിറ്റി ശുപാർശ ചെയ്ത റഫറൽ സമ്പ്രദായം വീണ്ടും കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ആഗ്രഹിക്കുന്നു. ഡെങ്കി,

LIBRARY ARCHIVES Kerala Legislative Assembly

മലേറിയ എന്നിവ പോലുള്ള പകർച്ചവ്യാധികൾ വീണ്ടും കണ്ടുതുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ലോകബാങ്ക് സഹായത്തോടുകൂടി 12.38 കോടി രൂപ ചെലവിൽ ഒരു ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്". സർ, ഈ അവസരത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. നമുക്കിന്ന് ആരോഗ്യ പരിപാലന രംഗത്ത് അന്താരാഷ്ട്ര നിലവാരം നേടാൻ സാധിക്കുന്നുണ്ട്. എന്നൊക്കെ അഭിമാനിക്കാൻ കഴിയുന്നുണ്ട്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ വികസിത രാഷ്ട്രങ്ങളേക്കാൾ അപ്പുറം പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മലേറിയ പോലെയുള്ള പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്തുവെന്ന് നാം പ്രഖ്യാപിക്കുകയും അതാണ് ശരിയെന്ന് വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഇന്ന് പകർച്ചവ്യാധികൾ തിരിച്ചുവരുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. നമ്മുടെ മെഡിക്കൽ കോളേജുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കാൻ നമുക്കു കഴിയുന്നുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് ഇന്ന് പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ കഴിഞ്ഞ അനേകം വർഷങ്ങളായി ഉണ്ടായ ഒരു പ്രത്യേക സാഹചര്യത്തിൽ, 1500-ലധികം ആളുകൾക്ക് മഞ്ഞപ്പിത്തം ബാധിച്ചു. കോട്ടയം ജില്ലയിൽ ഏതാണ്ട് 12 പേർ മഞ്ഞപ്പിത്തം ബാധിച്ചു കഴിഞ്ഞ 4 മാസത്തിനുള്ളിൽ മരിച്ചു. ഇതിൽ 2 ഡോക്ടർമാർ ഉൾപ്പെടുന്നു. ഈ വാർത്ത പുറത്തുവന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇടപെടുകയും, ആരോഗ്യ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവരെ വിളിച്ചുകൂട്ടി പ്രതിരോധ പ്രവർത്തനങ്ങൾക്കായി കോട്ടയം മെഡിക്കൽ കോളേജിന് 80 ലക്ഷം രൂപ അടിയന്തിരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് സ്വീകരിച്ച ഏറ്റവും നല്ല നടപടിയായി ഞാൻ അതിനെ കാണുകയാണ്. നമ്മുടെ എല്ലാ മെഡിക്കൽ കോളേജുകളിലും, ആശുപത്രികളിലും മലിനജല നിർമ്മാർജ്ജനത്തിനും മറ്റ് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള നടപടികൾ സ്വീകരിക്കണം. അതിനായി പ്രത്യേകമായ ഫണ്ട് മാറ്റിവയ്ക്കണം. ഒരു വശത്ത് നമ്മൾ ഏറ്റവും ഉന്നതമായ ലോക നിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുമ്പോൾ, മറുവശത്ത് ഇതുപോലെയുള്ള പകർച്ചവ്യാധികൾ പടരുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നു. അതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ ആവശ്യപ്പെട്ടതാണ്, എങ്കിലും ഒരിക്കൽക്കൂടി പറയുകയാണ്. കോട്ടയം മെഡിക്കൽ കോളേജ് പ്രദേശത്ത് ഇന്ന് വലിയ പ്രതിസന്ധി ഉണ്ടായിരിക്കുന്ന സാഹചര്യമുണ്ട്. അവിടെ ദീർഘകാലാടിസ്ഥാനത്തിൽ ദ്രവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനും, ആ പ്രദേശത്തിന്റെ പൊതുവായ വികസനത്തിന് രൂപരേഖ തയ്യാറാക്കുന്നതിനും ഉതകുന്ന സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ അടിയന്തിരമായി ഗവൺമെന്റ് സ്വീകരിക്കണം. വാർത്താ മാദ്ധ്യമങ്ങളിലൊക്കെ ഇത് വളരെ വ്യാപകമായി ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മലയാള മനോരമ ദിനപ്പത്രം രണ്ടു പ്രാവശ്യം എഡിറ്റോറിയലെഴുതി. മറ്റ് വാർത്താ മാധ്യമങ്ങളും വ്യാപകമായി ഇക്കാര്യം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടുത്ത 30 വർഷത്തേയ്ക്കുള്ള സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് പ്രത്യേകമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന ഈ ഗവൺമെന്റിനു വേണ്ടി അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. 'കേരളം അതിവേഗം മുന്നോട്ട്' എന്നാണ് ശ്രീ. ഉമ്മൻചാണ്ടി സർക്കാർ ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചത്. പക്ഷേ

12 Noon] 5 മാസംകൊണ്ട് അതിവേഗം പിന്നോട്ടാണ് ഈ ഗവൺമെന്റ് പോയത്. കരിമണൽ തീരങ്ങൾ സ്വകാര്യ ഖനനത്തിന് വിട്ടുകൊടുത്തതാണ് ഈ സർക്കാരിന്റെ ആദ്യ നടപടി. കടലിന്റെ മക്കൾ തിരമാലകൾ പോലെ ഇരച്ചുകയറിയപ്പോൾ ആ തീരുമാനം പിൻവലിക്കേണ്ടി വന്നു. പതിനായിരം രൂപ അടച്ചാൽ കേരളത്തിൽ എവിടെയും മദ്യം വിളമ്പാവുന്ന പുതിയ മദ്യനയം ഒരാഴ്ചയ്ക്കുള്ളിൽ പിൻവലിക്കേണ്ടി വന്നു. ജനങ്ങളെ ഷോക്കടിപ്പിക്കുന്ന ഇലക്ട്രോണിക് മീറ്റർ പിൻവലിച്ചു. പാമോയിൽ കേസ് പിൻവലിച്ചു. സംസ്ഥാന ലോട്ടറി നിരോധിച്ചുകൊണ്ട് മൂന്നര ലക്ഷം പാവങ്ങളുടെ വയറ്റത്തടിച്ച സർക്കാരിന്റെ തീരുമാനം പിൻവലിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനം പോലും നട്ടുച്ച ആയപ്പോൾ ആരും അറിയാതെ പിൻവലിച്ചു. നാറാണത്തു ഭ്രാന്തന്റേയും മുഹമ്മദ് ബിൻ തുഗ്ലക്കിന്റേയും പേരിന്റെ കൂടെ എഴുതിച്ചേർക്കേണ്ട പേരാണ് ശ്രീ. ഉമ്മൻചാണ്ടിയുടേത്. ഇത് ഏതായാലും fast forward അല്ല fast backward ആണ്. യു.ഡി.എഫ്.-ന്റേയും കോൺഗ്രസ്സിന്റേയും നയമല്ല ശ്രീ. ഉമ്മൻചാണ്ടിയുടേത്. കരുണാകരനും മകനും പറയുന്നത്, യു.ഡി.എഫ്. കൺവീനർ പി. പി. തങ്കച്ചനും തെന്നല ബാലകൃഷ്ണപിള്ളയും നേതാക്കൻമാരും പറയുന്നത്, ശ്രീ. ഉമ്മൻചാണ്ടിയുടെ വൺമാൻ ഷോ ആയി ഭരണം മാറി എന്നാണ്. ഒരു തരം കിട്ടുണ്ണി സർക്കസ്. ജാതി-മത ശക്തികളെ മാത്രമാണ് ശ്രീ. ഉമ്മൻചാണ്ടി പ്രീണിപ്പിച്ചുകൊണ്ടിരിക്കുന്നത്. മഹാത്മാഗാന്ധിജിയുടെ ചരമ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തില്ലെങ്കിലും വള്ളിക്കാവിലും ദേവലോകത്തും പോകാൻ അന്നു തന്നെ സമയം കണ്ടെത്തി. രണ്ടു വർഷം മുമ്പ് ജിമ്മിന്റെ അവസരത്തിൽ സ്മാർട്ട് സിറ്റി എന്ന ഇപ്പോഴത്തെ ഡ്രീം പ്രോജക്ട് വന്നതാണ്. അന്ന് ഭൂമി സൗജന്യമായി കൊടുക്കാൻ പാടില്ലെന്ന ഗവൺമെന്റ് തീരുമാനം കൊണ്ടാണ് അത്

LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചം കാണാതെ പോയത്. ഇപ്പോൾ ആയിരം ഏക്കർ ഭൂമി ഘട്ടംഘട്ടമായി ദുബായ് കമ്പനിക്ക് കൊടുക്കണമെന്നാണ് തീരുമാനം. സെന്റിന് ചുരുങ്ങിയത് രണ്ടു ലക്ഷം രൂപയെങ്കിലും വിലയുള്ള കൊച്ചിയിലെ കണ്ണായ നൂറേക്കർ ഭൂമിയാണ് സൗജന്യമായി നൽകുന്നത്. പ്രവർത്തനക്ഷമമായി കൊച്ചിയിലെ ഇൻഫോ പാർക്ക് അവർക്കുതന്നെ തൂക്കി വിൽക്കാൻ തീരുമാനിച്ചു. സ്മാർട്ട് സിറ്റിക്ക് റോഡ്, വെള്ളം, വെളിച്ചം ഉൾപ്പെടെ എല്ലാ ഇൻഫ്രാസ്ട്രക്ചറും സർക്കാർ നൽകണം. ഇത് ഫ്രീ ഇക്കണോമിക് സോണാക്കാനാണ് തീരുമാനം. നികുതിയും തൊഴിൽ നിയമങ്ങളും ഒന്നുമില്ലാത്ത ഒരു പ്രത്യേക സാമ്രാജ്യം. A State within the State. ഐ.ടി. ബിസിനസിന്റെ മറവിൽ റിയൽ എസ്റ്റേറ്റ് ബിസിനസാണ് ലക്ഷ്യം. Shopping centre, five star hotel, luxury apartments എന്നിവ ഉണ്ടാക്കി വൻകിട ബിസിനസ്സുകാർക്ക് കൈമാറുകയാണ് ഉദ്ദേശം. സ്മാർട്ട് സിറ്റി കൊച്ചിയിലെ സാധാരണക്കാർക്ക് നഷ്ടമല്ലാതെ ലാഭമൊന്നും ഉണ്ടാക്കാൻ പോകുന്നില്ല. ലീഗിന് ഇലക്ഷൻ വരുമ്പോൾ മാത്രമാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഓർമ്മ വരുന്നത്. ഇലക്ഷൻ വരുമ്പോൾ നരേന്ദ്രാ, നരേന്ദ്രാ. ഇലക്ഷൻ കഴിയുമ്പോൾ 'കുരേന്ദ്രാ, കുരേന്ദ്രാ'. ഇതാണ് അവരുടെ സ്ഥിതി.

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ]

സി.പി.എം. സമ്മേളനം നടക്കുന്നതുകൊണ്ട് മലപ്പുറമാകെ ചുവപ്പണിഞ്ഞു. ഇതുകണ്ട് ലീഗുകാർ ആകാശത്ത് പോലും കയറി പച്ചക്കൊടി കാട്ടുകയാണ്. പക്ഷേ മലപ്പുറം ലീഗിനെ സംബന്ധിച്ചിടത്തോളം പച്ചപ്പില്ലാത്ത മൊട്ട കുന്നുകളായി മാറിക്കൊണ്ടിരിക്കുകയാണ്. മഞ്ചേരി ലോക്സഭാ തെരഞ്ഞെടുപ്പ് മുതൽ കോട്ടപ്പുറം ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരെയുള്ള ചരിത്രം പരിശോധിച്ചാൽ ഇതാണ് സ്ഥിതിയെന്നു മനസ്സിലാകും. ഒരു കാലത്ത് കമ്മ്യൂണിസ്റ്റുകാർക്ക് വോട്ട് ചെയ്തിരുന്നത് ഹറാമായി കണ്ടിരുന്ന മലപ്പുറത്തെ മാപ്പിളമാർക്ക് ഇന്ന് ലീഗ് ഹറാമും കമ്മ്യൂണിസ്റ്റുകാർ ഹലാലുമായി മാറിയിരിക്കുന്നു. അതുകൊണ്ടാണ് ശ്രീ. ടി. കെ. ഹംസ മഞ്ചേരിയിൽ ചരിത്ര വിജയം നേടിയത്. ഒരു നയവുമില്ലാത്ത ഈ നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. എ. സി. ഷൺമുഖദാസ്:</u> സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച അദ്ദേഹത്തിന്റെ ക്യാബിനറ്റിന് വേണ്ടിയുള്ള പ്രസംഗത്തിന് ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തിൻമേലുള്ള ചർച്ച ഒരു പക്ഷേ കേരളത്തിൽ ഇതുവരെ കണ്ടിട്ടുള്ള നന്ദിപ്രമേയ ചർച്ചകളിൽ നിന്ന് വ്യത്യസ്തമാണ്. ഗവർണ്ണർ നയപ്രഖ്യാപനം നടത്തുന്നത് പുതിയ വർഷത്തിൽ ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്ന പ്രധാന നടപടികളെ സംബന്ധിച്ചിടത്തോളമുള്ള ഗവൺമെന്റിന്റെ അഭിപ്രായ പ്രകടനമാണ്. കഴിഞ്ഞ തവണത്തേക്കാൾ പേജിന്റെ എണ്ണം കൂടിയെങ്കിലും ഗവർണ്ണറുടെ പ്രസംഗത്തിൽ പുതിയതായിട്ട് ഒന്നും ഇല്ലാത്തതുകൊണ്ടാകണം സാധാരണയിൽ നിന്ന് വ്യത്യസ്തമായി ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളെക്കുറിച്ചൊന്നും ശ്രീ. ഹസ്സൻ ഇവിടെ കാര്യമായി പറഞ്ഞില്ല. ഭൂരിഭാഗം സമയവും അദ്ദേഹം ചെലവഴിച്ചത് രാഷ്ട്രീയം പറയാനാണ്. അത് തെറ്റല്ല. കാരണം നയപ്രഖ്യാപന പ്രസംഗത്തിൽ രാഷ്ട്രീയം പറയണം. നമുക്കൊക്കെയുള്ള രാഷ്ട്രീയമായ കാഴ്ചപ്പാടാണല്ലോ ഭരണരംഗത്ത് എത്തുമ്പോൾ ജനങ്ങളെ സേവിക്കാനുള്ള നടപടികളായി മാറുന്നത്. ശ്രീ. ഹസ്സൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രധാനമായും സി.പി.ഐ. (എം)-നെ വിമർശിക്കാനാണ് വിനിയോഗിച്ചത്. സി.പി.ഐ. (എം)-ന്റെ ഏതെങ്കിലും നയത്തെ, നയസമീപനത്തെ ശ്രീ. ഹസ്സൻ വിമർശിച്ചിരുന്നുവെങ്കിൽ അത് അദ്ദേഹത്തിന്റെ അവകാശമാണ്, അതിന് ആ വിധത്തിലുള്ള ചർച്ചകളും നടക്കുമായിരുന്നു. എന്നാൽ സി.പി.ഐ. (എം)-ന്റെ ഒരു നയത്തെയും മിനിട്ടുകൾ അദ്ദേഹം സി.പി.ഐ. (എം)-ന്റെ പേര് ഉദ്ധരിച്ച് സംസാരിച്ചിട്ടും പരാമർശിച്ചില്ല. ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രീയത്തിൽ നടന്നുകൊണ്ടിരിക്കുന്ന പുതിയ രാഷ്ട്രീയ ബന്ധങ്ങൾ, പ്രത്യേകിച്ച് കേന്ദ്രത്തിലുള്ള ഗവൺമെന്റ്, ആ ഗവൺമെന്റിൽ ഓരോ കക്ഷിക്കുമുള്ള പങ്കാളിത്തവും പുറമെ നിന്നുള്ള പിന്തുണയും അതുണ്ടാക്കുന്ന പ്രശ്നങ്ങളുമൊക്കെ സ്വാഭാവികമായും കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്ക് കാണാതിരിക്കാൻ കഴിയില്ല. ശ്രീ. ഹസ്സൻ ഇത്രയേറെ സംസാരിച്ചിട്ടും അതിനെക്കുറിച്ച് ഒരു ശബ്ദവും ഉയർത്തിയില്ല. ഇൻഡ്യയിൽ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് വീണ്ടും ഉണ്ടാകാതിരിക്കുക എന്നത് ഈ സഭയിലെ 100 ശതമാനം അംഗങ്ങളുടെയും ആഗ്രഹമാണ്. ഈ സഭയിലെ ഒരംഗം പോലും ബി.ജെ.പി. ഗവൺമെന്റ് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരല്ല. സ്വാഭാവികമായും കേന്ദ്രത്തിൽ ഇത്തരത്തിൽ ഒരു ഗവൺമെന്റുണ്ടായതിൽ നൂറ് ശതമാനവും സന്തോഷിക്കുന്ന ഒരു സഭ എന്ന രീതിയിൽ ഈ സഭയ്ക്ക് വേണ്ടി നന്ദി അവതരിപ്പിച്ചുകൊണ്ട് രാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ ശ്രീ. ഹസ്സൻ ആ ബന്ധത്തെക്കുറിച്ച് പറയേണ്ടതായിരുന്നു. അവിടെ എടുക്കുന്ന എല്ലാ തീരുമാനങ്ങളും നമുക്ക് സ്വീകരിക്കാൻ കഴിയണമെന്നില്ല. കോൺഗ്രസ്സിലെ പഴയ അനുഭവങ്ങളൊക്കെ നമുക്കറിയാം. കേന്ദ്ര ഭക്ഷ്യമന്ത്രിയായിരുന്ന ശ്രീ. സുബ്രഹ്മണ്യം ദക്ഷിണ ഭക്ഷ്യമേഖല വേണമെന്ന് വയ്ക്കാൻ തീരുമാനിച്ചു. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നടപ്പിലാക്കി. സംസ്ഥാനത്തിന് ആവശ്യമായ അരി വിതരണം ചെയ്യുന്ന കാര്യത്തിൽ പഴയ നിലപാടുകളിൽ നിന്നും മാറ്റമുണ്ടാക്കാൻ ശ്രമിച്ചപ്പോൾ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റായിരുന്ന എബ്രഹാം മാസ്റ്ററും സി.പി.എം. സംസ്ഥാന സെക്രട്ടറിയായിരുന്ന ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടും സംയുക്തമായി ബന്ദ് ആഹ്വാനം ചെയ്ത ഒരു സ്റ്റേറ്റാണ് ഈ കേരള സ്റ്റേറ്റ്. കേന്ദ്രത്തിൽ കോൺഗ്രസ് ഭരിക്കുന്നു എന്നതുകൊണ്ട് കേന്ദ്രം സംസ്ഥാനത്തിനെതിരായി ഒരു തീരുമാനമെടുത്തപ്പോൾ അതിനെ പ്രതിഷേധിക്കുന്നതിൽ കോൺഗ്രസ്സുകാർക്ക് തടസ്സമുണ്ടായില്ലെന്ന് മാത്രമല്ല അതിന് മുൻകയ്യെടുത്ത പാരമ്പര്യമുള്ള സംസ്ഥാനമാണ്. എന്നാൽ ഇന്ന് അപ്പുറത്തുള്ളവരെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയം പ്രശ്നമല്ല. തികച്ചും വ്യക്തിപരവും സ്വാർത്ഥപരവുമാണ്. അവിടെ ഓരോ അഭിപ്രായ

LIBRARY ARCHIVES Kerala Legislative Assembly

പ്രകടനത്തിനെയും സ്വാധീനിക്കുന്ന ഘടകങ്ങളുണ്ട്. ശ്രീ. ആന്റണി ഗവൺമെന്റും ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് അവിടെ അണികളിലുള്ള ചർച്ചയൊക്കെ നമുക്കറിയാം. അതിനെയൊക്കെ ചൂണ്ടിക്കാണിച്ച് ശ്രീ. ഹസ്സൻ ഇവിടെ ഒരു കുരടന്റെയും പൊട്ടന്റെയും കഥ പറഞ്ഞു. കുരുടനും പൊട്ടനും ഒന്നിച്ചു ചേർന്നാലുള്ള ഗതികേടാണ് യഥാർത്ഥത്തിൽ ഉമ്മൻചാണ്ടി ഗവൺമെന്റിന്. കഴിഞ്ഞ 100, 115 ദിവസത്തിനുള്ളിൽ ചെയ്തിട്ടുള്ള ഓരോ നട പടികളും ഈ നാടിന് അപമാനകരമാണ്. പിന്നോട്ട് പോകേണ്ടതാണ്. ഒരിക്കലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത രീതിയിൽ എത്രയെത്ര ഉദാഹ രണങ്ങൾ പറയാൻ കഴിയും. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഒരു പുതിയ സമവായത്തിന് സമയമായിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മതേതരശക്തികളുമായി എന്ത് അഭിപ്രായ വ്യത്യാസമുണ്ടായാലും സംസാരിച്ച് ചർച്ച ചെയ്ത് യോജിപ്പിൽ എത്തുന്നതിന് പകരം അന്യോന്യം പോരാട്ടം നടത്തേണ്ട സമയമല്ല. ആ സമയമല്ലാത്തതുകൊണ്ട് ശ്രീ. ആന്റണി അദ്ദേഹത്തിന്റെ പരമശത്രുവായ സിപി.ഐ.(എം)-നെ അദ്ദേഹത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്തുള്ള അവസാന കാലഘട്ടത്തിൽ പറഞ്ഞത്, ശ്രീ. ഹസ്സൻ ഇവിടെ ആവർത്തിച്ചത് അപ്പുറത്ത് നിന്നുണ്ടാകുമ്പോൾ അവർ രാഷ്ട്രീയത്തെ കാണുന്നില്ല എന്ന് കുറ്റപ്പെടുത്തേണ്ടി വന്നിരിക്കുന്നു. ഇൻഡ്യയെ സംബന്ധി ച്ചിടത്തോളം ഐക്യമുന്നണി രാഷ്ട്രീയത്തിന് ഈ സംസ്ഥാനത്തിന് ഒരു മാതൃക യുണ്ട്. കഴിഞ്ഞ 40, 45 കൊല്ലക്കാലമായി ഐക്യമുന്നണി രാഷ്ട്രീയമുണ്ട്. എന്നാൽ ആന്റണി ഗവൺമെന്റിന്റെ പതനവും ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ പുതിയ ആവിഷ്ക്കാരവും ശ്രീ. ബാലകൃഷ്ണപിള്ളയും ശ്രീ. ടി. എം. ജേക്കബും ഇപ്പുറത്ത് മാറി ഇരിക്കേണ്ടി വന്നതുമൊക്കെ ഐക്യമുന്നണിയുടെ സമീപനത്തിന് വിരുദ്ധമാണ്. ഐക്യമുന്നണി രാഷ്ട്രീയത്തെ കളങ്കപ്പെടുത്തുന്നതാണ്. മറ്റെന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടായാലും ഐക്യമുന്നണി രാഷ്ട്രീയത്തിന് എത്രയോ കാലം തുടരേണ്ടി വരും. ഏകകക്ഷി ഭരണം നമ്മുടെ നാട്ടിൽ ഒരിക്കലും ഊഹിക്കാൻ കഴിയാത്ത രീതിയിൽ രാഷ്ട്രീയം മാറിക്കൊണ്ടിരി ക്കുമ്പോൾ അന്യോന്യമുള്ള ബഹുമാനവും വിശ്വാസവും ആവശ്യമാണ്. മന്ത്രി സ്ഥാനം കിട്ടാൻ, സീറ്റുകൾ കിട്ടാൻ കുറെ ആളുകൾക്ക് കുറെ പോസ്റ്റുകൾ കൊടുക്കാനും ചിലരോട് കാണിച്ചിട്ടുള്ള അവഗണനയുമൊക്കെ ഐക്യമുന്നണി രാഷ്ട്രീയത്തിന് ഉചിതമല്ല. അത് ഇൻഡ്യൻ രാഷ്ട്രീയത്തിന് ഗുണകരമല്ല. അത്തരത്തിലുള്ള ഗവൺമെന്റിന് എന്തുകൊണ്ട് ഒരു മാറ്റമുണ്ടായി എന്ന് ശ്രീ. ഹസ്സൻ ഇവിടെ സംസാരിച്ചപ്പോൾ സ്വാഭാവികമായും പറയേണ്ടതായിരുന്നു. മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആന്റണിയോ അല്ലെങ്കിൽ ശ്രീ. ഉമ്മൻചാണ്ടി എങ്കിലും പറയണം. എന്തുകൊണ്ട് ശ്രീ. ബാലകൃഷ്ണപിള്ളയും ശ്രീ. ജേക്കബും പുറത്തു പോകേണ്ടി വന്നു? എന്തുകൊണ്ട് ശ്രീ. ആന്റണിക്കു പകരം ശ്രീ. ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വരേണ്ടി വന്നു എന്ന കാര്യം ഈ സഭയെ അറിയിക്കാനുള്ള ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിറവേറ്റാൻ നന്ദിപ്രമേയ ചർച്ചയിൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് തീർച്ചയായും അഭിപ്രായ പ്രകടനമുണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ്: ശ്രീ. എം. എം. ഹസ്സൻ അവതിരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. സത്യത്തിൽ ഉമ്മൻചാണ്ടി ഗവൺമെന്റിന് നന്ദിപ്രമേയം അവതരിപ്പിക്കാൻ ഹസ്സനല്ലാതെ വേറെയാരും അവിടെ യോഗ്യരായിട്ടില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ആന്റണി സർക്കാരിലുണ്ടായിരുന്ന ശ്രീ. ആന്റണി ഉൾപ്പെടെയുള്ള കോൺഗ്രസ് മന്ത്രിമാരെ അടിച്ചുപുറത്താക്കി ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി വന്നപ്പോൾ മന്ത്രി സ്ഥാനമില്ലെങ്കിലും വകുപ്പ് അതേപടി കൊടുത്ത് സഹായിച്ചത് ശ്രീ. ഹസ്സനെ മാത്രമാണ്. മന്ത്രിയായിരുന്നപ്പോൾ ആകപ്പാടെ അദ്ദേഹത്തിനുണ്ടായിരുന്ന വകുപ്പ് നോർക്കയാണ്. ഇപ്പോൾ ആ വകുപ്പില്ലെങ്കിലും നോർക്കയുടെ അധിപനായി അദ്ദേഹത്തെ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വച്ചിട്ടുണ്ട് എന്നതുകൊണ്ട് അദ്ദേഹം ഈ നന്ദിപ്രമേയം അവതരിപ്പിക്കാൻ യോഗ്യനാണ് എന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. പക്ഷേ ശ്രീ. സുധാകരനോ ശ്രീ. ശങ്കരനാരായണനോ തോമസ് മാഷോ ഉൾപ്പെടെയുള്ള മറ്റേതെങ്കിലും കോൺഗ്രസിന്റെ അംഗങ്ങൾ ഈ നന്ദിപ്രമേയം അവതരിപ്പിക്കാൻ തയ്യാറാകുമെന്ന വിശ്വാസം എനിക്കില്ല. അതുകൊണ്ടു തന്നെ ഈ നന്ദി പ്രമേയത്തിന് ഒരു അർത്ഥവുമില്ലെന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. എനിക്ക് തോന്നുന്നു, കേരളത്തിന്റെ ഭരണത്തിൽ ആദ്യമായിട്ടാണ് കോൺഗ്രസിൽ ഒരു പവർഫുൾ മുഖ്യമന്ത്രിയുണ്ടാകുന്നത്. നേരത്തെ ശ്രീ. കരുണാകരൻ മുഖ്യമന്ത്രയിയിരുന്നപ്പോഴും ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴുമൊക്കെ ഗ്രൂപ്പുകളും തർക്കങ്ങളും പ്രശ്നങ്ങളുമൊക്കെയുണ്ടായിരുന്നു. പക്ഷേ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായപ്പോൾ, അദ്ദേഹം ഏത് രീതിയിൽ മുഖ്യമന്ത്രിയായി എന്നതിലേക്ക് ഞാൻ കടക്കുന്നില്ല. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായപ്പോഴുണ്ടായ ഗുണമെന്താണ്? അദ്ദേഹത്തെ നിയന്ത്രിക്കാൻ കെ.പി.സി.സി. ഇല്ല. കെ.പി.സി.സി.-യുടെ പ്രസിഡന്റായി വച്ചിരിക്കുന്നത് തലക്കീഴിലും കാൽക്കീഴിലും വയ്ക്കാൻ കൊള്ളാവുന്ന ആളാണ്. അദ്ദേഹത്തെ കൊണ്ട് ഒരു ശല്യവുമില്ല. യു.ഡി.എഫ്.-ന്റെ ഒരു കൺവീനറെ വച്ചിട്ടുണ്ട്. ശ്രീ. പി. പി. തങ്കച്ചൻ ഒരു ഉപദ്രവവും നാടിനോ വീടിനോ ചെയ്യാത്ത ശുദ്ധനായ ഒരു മനുഷ്യനാണ് ശ്രീ. പി. പി. തങ്കച്ചൻ. അദ്ദേഹത്തിന്റെ ശല്യവും ഉമ്മൻചാണ്ടിക്ക് ഉണ്ടാകില്ല. ആ നിലയ്ക്ക് എനിക്ക് തോന്നുന്നു കേരള രാഷ്ട്രീയത്തിൽ കോൺഗ്രസ് മുഖ്യമന്ത്രിമാരിൽ ഏറ്റവും പവർഫുളായ മുഖ്യമന്ത്രിയാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി. പക്ഷേ അദ്ദേഹത്തിന്, ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സൂചിപ്പിച്ചതുപോലെ എവിടെപ്പോയാലും നാറാണത്തുഭ്രാന്തന്റെ സ്വഭാവമാണ്. അദ്ദേഹം കാര്യങ്ങൾ പ്രഖ്യാപിക്കുന്നു, പിറ്റേദിവസം തിരുത്താൻ തയ്യാറാകുന്നു. ലോട്ടറി നയം, മദ്യനയം എന്നിങ്ങനെ. എനിക്ക് ഒരു സംശയമുണ്ട്, ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയത്, ശ്രീ. ആന്റണിയെ താഴെ ചാടിച്ചത്, കോൺഗ്രസ് മന്ത്രിമാരെ മുഴുവൻ താഴെ ചാടിച്ച് പുറത്താക്കിയത് ഉമ്മൻചാണ്ടിയും കുഞ്ഞാലിക്കുട്ടിയും കെ. എം. മാണിയും ചേർന്നുള്ള ഗൂഢസംഘത്തിന്റെ പരിണതഫലമാണെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഇത് ഞാൻ പല വേദിയിലും പറഞ്ഞിട്ടുണ്ട്. പക്ഷേ ഇപ്പോൾ സംഭവിച്ചിരിക്കുന്നത് എന്താണ്? ശ്രീ. ഉമ്മൻചാണ്ടി പവർഫുൾ മുഖ്യമന്ത്രി എന്ന നിലയിൽ പോകുമ്പോൾ ഉണ്ടായിരിക്കുന്ന കുഴപ്പം പാവം കുഞ്ഞാലിക്കുട്ടി പുറത്തായി. ബഹുമാനപ്പെട്ട കെ. എം. മാണിയോട് വളരെയേറെ ബഹുമാനമുണ്ടെങ്കിലും ആ കച്ചവടത്തിൽ ഒരു ചെറിയ കുഴപ്പമുണ്ടായിട്ടുണ്ട്. അതുകൊണ്ടാണല്ലോ രാജ്യസഭാ സീറ്റ് ചോദിച്ചിട്ട് ഒന്ന് ചർച്ച ചെയ്യാൻ പോലും കോൺഗ്രസ് പാർട്ടി തയ്യാറാകാതെ അവർക്ക് ഇഷ്ടമുള്ള ആളുകളെ സ്ഥാനാർത്ഥിയാക്കിയത്. അവർക്ക് എന്തു ചെയ്യാൻ കഴിയും? അദ്ദേഹത്തിന് ഒന്നു ഉറക്കെ കുരയ്ക്കാനെങ്കിലും കഴിഞ്ഞോ? മിണ്ടാൻ കഴിഞ്ഞില്ല. ഞാൻ പറഞ്ഞു വന്നത് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പവ്വർഫുൾ ആയിരിക്കുന്നു എന്നുതന്നെയാണ്. പക്ഷേ എനിക്ക് ഒരു സംശയമുള്ളത് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ ഗവൺമെന്റിൽ ഏറ്റവും നാണക്കേടുണ്ടാക്കിയിരിക്കുന്നത് ഒന്ന് മദ്യനയമാണ്. ആ മദ്യനയം 24 മണിക്കൂറിനുള്ളിൽ പിൻവലിക്കേണ്ട ഗതികേട് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്കുണ്ടായി. പിന്നെ ലോട്ടറി നയവും പിൻവലിക്കേണ്ട ഗതികേടിലേയ്ക്ക് ഗവൺമെന്റ് പോയി. ഇതു രണ്ടും ആരുടേതാണ്? നമ്മുടെ ശ്രീ. വക്കം പുരുഷോത്തമന്റേതാണ് വകുപ്പ്. നേരത്തെ വക്കത്തിന്റെ ഉദ്ദേശം എന്തായിരുന്നു. ആന്റണിയെ കുത്തിപ്പറിച്ച് താഴെച്ചാടിച്ച് ആ മുഖ്യമന്ത്രി കസേരയിൽ ഇരിക്കാമെന്നായിരുന്നു. ആദ്യം അങ്ങ് ഇരുന്ന കസേരയിൽ ഇരുന്നു. അവിടുന്നു ചാടി മുഖ്യമന്ത്രി കസേരയിൽ ഇരിക്കാം എന്നു വിചാരിച്ച ശ്രീ. വക്കം പുരുഷോത്തമൻ ഇപ്പോൾ ധനകാര്യമന്ത്രിയായിരിക്കുകയാണ്. അവിടെ ഇരിക്കുമ്പോൾ അദ്ദേഹത്തിന് വീണ്ടും ആ ഇരിക്കുന്ന കസേരയിലേക്കാണ് ലക്ഷ്യം. ശ്രീ. ഉമ്മൻചാണ്ടിയെ നാറ്റിച്ച് ഒരു പരുവമാക്കി അദ്ദേഹത്തെ കുത്തിച്ചാടിക്കാമെന്നുള്ള ശ്രമവുമായി ശ്രീ. വക്കം പുരുഷോത്തമൻ പോകുന്നു എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് ഇപ്പോൾ ഈ മദ്യനയത്തിലും, അതും അദ്ദേഹത്തിന്റെ വകുപ്പാണ്. ലോട്ടറിയും അദ്ദേഹത്തിന്റെ വകുപ്പാണ്. അതാണ് ഈ നീക്കങ്ങൾ നടത്തുന്നത്. ഞാൻ വേറൊന്നു ചോദിക്കട്ടെ, പി.എസ്.സി.-യിൽ 12 മെമ്പർമാർ ഉള്ളപ്പോൾ കഴിഞ്ഞ ഡിസംബർ 22-ാം തീയതി ആറ് മെമ്പർമാരെ കൂടി അഡീഷണലായി വയ്ക്കാൻ ക്യാബിനറ്റ് തീരുമാനം എടുത്തു. പി.എസ്.സി.-യുടെ നിയമം 15 മെമ്പർമാർ

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. ഇത് 18 ആക്കാൻ ഗവർണ്ണറുടെ ഓർഡർ ഉണ്ടോ, നേരത്തെ അംഗ സംഖ്യ കൂട്ടിക്കൊണ്ട് ക്യാബിനറ്റ് തീരുമാനമെടുത്ത് ഗവർണ്ണർക്ക് കത്തു കൊടുത്തു. ആ കത്തിന്റെ അടിസ്ഥാനത്തിൽ ഗവർണ്ണർ ഓർഡർ ഇടണം. അതു വരുന്നതിനു മുമ്പ് 22-ാം തീയതി 18 പേരുടെ പേര് പ്രഖ്യാപിച്ചുകൊണ്ട് തീരുമാനം എടുക്കാൻ ക്യാബിനറ്റിന് എന്താണ് അവകാശം? 24-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തു. ഡിസംബർ 31-ാം തീയതി ഗവർണ്ണറുടെ മുൻകൂർ അനുവാദം വച്ചുകൊണ്ട് ഓർഡർ ഇറക്കുന്നു. അത് ഇറക്കുന്നതിനുവേണ്ടിയാണ് ഗവർണ്ണറെ ഇവിടെ വച്ചിരിക്കുന്നത്. 12 പേരെ പുതുതായിട്ട് എടുക്കുമ്പോൾ ചട്ടപ്രകാരം അതിൽ ആറ് പേർ സർക്കാർ സർവ്വീസിൽ ഉണ്ടായിരിക്കണമെന്നില്ലേ? ഏത് മാനദണ്ഡപ്രകാരമാണ് നിങ്ങൾ അത് ചെയ്തത്? അതിലും പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. ക്യാബിനറ്റ് ശുപാർശ പ്രകാരം ലിസ്റ്റിൽ മൂന്നാം സ്ഥാനക്കാരിയായി ശ്രീമതി കെ. കെ. വിജയലക്ഷ്മിക്ക് ക്യാബിനറ്റ് തീരുമാനം എടുത്തു കൊടുത്തു. പക്ഷേ ക്യാബിനറ്റ് തീരുമാനത്തിന് വിരുദ്ധമായി ഒന്നാം സ്ഥാനത്തുള്ള ആളെ മാറ്റിക്കൊണ്ട് പൊതുഭരണ സെക്രട്ടറി ശ്രീ. കെ. കെ. വിജയകുമാർ ലിസ്റ്റ് വെട്ടി ഗവർണ്ണർക്ക് കൊടുത്തു. അതിന്റെ അർത്ഥം എന്താണ് എന്നറിയാമോ? ഒന്നാം സ്ഥാനത്ത് പേർ വന്നാൽ, ഇപ്പോഴത്തെ പി.എസ്.സി. ചെയർമാന്റെ കാലാവധി തീരാൻ പോവുകയാണ്, ഒന്നാം സ്ഥാനക്കാരൻ ചെയർമാനാകും. ക്യാബിനറ്റ് അപ്രൂവ് ചെയ്ത ഒന്നാം സ്ഥാനക്കാരനെ വെട്ടിയിട്ട് മൂന്നാം സ്ഥാനത്തുണ്ടായിരുന്ന ശ്രീമതി കെ. കെ. വിജയലക്ഷ്മിയെ രണ്ടാം സ്ഥാനക്കാരിയാക്കിയത് എന്തിനാണെന്നു ഞാൻ ചോദിക്കുന്നു. വിജയലക്ഷ്മി രണ്ടാം സ്ഥാനത്തായി, രണ്ടാം പേരുകാരിയായതിന് കാരണമുണ്ട്. ഒന്നാം സ്ഥാനത്ത് ഇവർ വച്ചിരിക്കുന്ന പേരുകാരന്, കൊല്ലത്ത് നിയമസഭാ സ്ഥാനാർത്ഥിയാകാൻ നോക്കിയിരുന്ന ആളാണ്. അദ്ദേഹം മാറുമ്പോൾ രണ്ടാം സ്ഥാനക്കാരി ചെയർമാനായി മാറണം. ഇത് പി.എസ്.സി.-യുടെ നിയമമാണ്. ഞാൻ ചോദിക്കുന്നത് സ്വന്തം സഹോദരി കെ. കെ. വിജയലക്ഷ്മിയെ ചെയർമാനാക്കാനുള്ള ഗൂഢോദ്ദേശത്തോടുകൂടി ക്യാബിനറ്റ് തീരുമാനം പോലും തിരുത്തി പൊതുഭരണ സെക്രട്ടറി ശ്രീ. കെ. കെ. വിജയകുമാർ ഗവർണ്ണർക്ക് ലിസ്റ്റ് സമർപ്പിച്ച് നോട്ടിഫൈ ചെയ്തിരിക്കുന്നു. ഇത് കോടതിയിൽ വന്നപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുകയാണ് പൊതുഭരണ സെക്രട്ടറിയെ കൂടി പ്രതിയാക്കാൻ, എതിർകക്ഷിയാക്കി നോട്ടീസ് അയയ്ക്കാൻ കേസ് കൊടുത്ത ആളോടുതന്നെ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ ഭരിച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഇങ്ങനെ നിയമവിരുദ്ധമായ, ചട്ടവിരുദ്ധമായ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ കോടതി ഇടപെട്ടാൽ ആ കോടതിയെ കുറ്റപ്പെടുത്താൻ കഴിയുമോ? നമ്മുടെ ജനാധിപത്യത്തെ തകർക്കുന്ന നടപടികളിലേക്കാണ് നിങ്ങൾ പോകുന്നത്. നിങ്ങൾ അത് മനസ്സിലാക്കണം. ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഈ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ നാല് വർഷക്കാലത്തെ പുരോഗമനപരമായ നടപടികളുടെ അടിത്തറയിൽ നിന്നുകൊണ്ട് മുന്നോട്ട് പോകാനുള്ള വലിയ പ്രഖ്യാപനമാണ് ഇതിൽ നടത്തിയിട്ടുള്ളത്. ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. എന്റെ സർക്കാർ കൈവരിച്ച നേട്ടങ്ങളുടെ പട്ടികയിലൂടെ വെളിവാകുന്ന ഗ്രാഫ് റിക്കാർഡിൽ നിന്നും, വരും വർഷങ്ങളിൽ നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുള്ള പദ്ധതികളുടേയും പരിപാടികളുടേയും വർദ്ധനവിൽ നിന്നും അവയിൽ ചിലതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് എന്നു പറഞ്ഞുകൊണ്ടാണ് ഗവർണ്ണർ പ്രസംഗം നടത്തിയിരിക്കുന്നത്. കഴിഞ്ഞ നാല് വർഷങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ ഇവിടെയുണ്ടാക്കാൻ കഴിഞ്ഞു ആന്റണി ഗവൺമെന്റിന്റെ കാലഘട്ടങ്ങളിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിലുണ്ടായ ജനവിധിയുടെ അടിസ്ഥാനത്തിലാണ് ആ നിലയിൽ മുന്നോട്ട് പോകാൻ കഴിഞ്ഞത്. ആന്റണി ഗവൺമെന്റിന്റെ തുടർച്ച എന്നുള്ള നിലയിൽത്തന്നെയാണ് ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് ഇവിടെ അധികാരത്തിൽ എത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ ചില സംശയങ്ങളൊക്കെ ചില ആളുകൾ പ്രകടിപ്പിക്കുകയുണ്ടായി. ഗവൺമെന്റിന്റെ തുടർച്ചയല്ല ഇത് എന്നൊക്കെ ചില അഭിപ്രായ പ്രകടനം നടത്തുകയുണ്ടായി. ആന്റണി ഗവൺമെന്റിലും സംശയാലുക്കളായ ആളുകൾക്ക് മാത്രമെ അത്തരത്തിൽ ചിന്തിക്കാൻ കഴിയൂ. ഇത് ആന്റണി ഗവൺമെന്റിന്റെ തുടർച്ചയാണ്. അക്കാര്യത്തിൽ ആർക്കും സംശയമില്ല. ശ്രീ. ആന്റണിയാണെങ്കിലും ശ്രീ. ഉമ്മൻചാണ്ടിയാണെങ്കിലും സംശയമുള്ളവർക്ക് മാത്രമേ അത്തരം സംശയങ്ങൾ ഉണ്ടാകൂ എന്നു മാത്രമേ അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ട് പോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്താണെങ്കിലും ആരോഗ്യ പരിപാലന രംഗത്താണെങ്കിലും അതുപോലെ എല്ലാ രംഗങ്ങളിലും ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ട് പോകാൻ കഴിഞ്ഞു. പുതിയ ഗവൺമെന്റ് വന്നതിനുശേഷം പുതിയ ചില പരിപാടികൾ പ്രഖ്യാപിച്ചു. ഗവൺമെന്റ് അധികാരമേറ്റ ഉടനെതന്നെ 100 ദിന കർമ്മ പരിപാടി പ്രഖ്യാപിക്കുകയുണ്ടായി. ആ കർമ്മ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞു. പരിപാടികൾ പ്രഖ്യാപിച്ചപ്പോൾ പലരും സംശയം പ്രകടിപ്പിച്ചു. ഇത് നടപ്പിലാക്കാൻ കഴിയുമോ എന്നു ചോദിക്കുകയുണ്ടായി. പക്ഷേ 100 ദിന കർമ്മ പരിപാടികൾ പൂർത്തിയായതിനുശേഷം അത്തരം ഒരു വിമർശനം പ്രതിപക്ഷം അടക്കം ആരും ഉന്നയിച്ചിട്ടില്ല. കാരണം ഓരോ വകുപ്പിനും പറഞ്ഞതിനെക്കാൾ ഏറെ ടാർജറ്റ് പൂർത്തീകരിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിഞ്ഞു എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

അഭിമാനകരമായ ഒരു ചരിത്രം ഇതുമായി ബന്ധപ്പെട്ടുണ്ട്, എല്ലാ രംഗങ്ങളിലും ഓരോ ഡിപ്പാർട്ടുമെന്റും പറഞ്ഞ കാര്യങ്ങൾ, പട്ടയത്തിന്റെ കാര്യങ്ങൾ 25,000 പട്ടയം നൽകുമെന്നാണ് റവന്യൂ വകുപ്പ് പ്രഖ്യാപിച്ചത്. 27,000-ൽ അധികം പട്ടയം നൽകാൻ കഴിഞ്ഞു. ഓരോ ഡിപ്പാർട്ടുമെന്റിനെയും സംബന്ധിച്ച് അത്തരത്തിൽ വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നുള്ളത് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനുശേഷമാണ് ഇവിടെ ബഹുജന സമ്പർക്ക പരിപാടി പ്രഖ്യാപിച്ചത്. ഇന്ന് ഇവിടെ ശ്രീ. പി. എസ്. സുപാൽ അടക്കമുള്ള ആളുകൾ ഉന്നയിച്ച ഏറ്റവും വലിയ ആക്ഷേപം മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയെക്കുറിച്ച് പി.ആർ.ഡി. പ്രസിദ്ധീകരണം ഇറക്കിയെന്നാണ്. ഇവരൊന്നും മറന്നുപോകരുത് പി.ആർ.ഡി.-യുടെ ചെലവിൽ മുൻ മുഖ്യമന്ത്രി നായനാരുടെ കാലത്ത് അദ്ദേഹത്തിന്റെ ടൺ കണക്കിന് പേജുകളുള്ള ആത്മകഥ പ്രസിദ്ധീകരിച്ച ആളുകളാണ് മുഖ്യമന്ത്രിയുടെ ബഹുജന പരിപാടികളെക്കുറിച്ചുള്ള പുസ്തകം ഇറക്കിയതിനെക്കുറിച്ച് വിമർശിക്കുന്നത്. എന്താണ് ഇതിനു കാരണം? ബഹുജന സമ്പർക്ക പരിപാടികളുമായി മുന്നോട്ട് വന്നപ്പോൾ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞു. ജനങ്ങളുമായി സമ്പർക്കം പുലർത്തിക്കൊണ്ട് ഒട്ടേറേ കാര്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞു. ആ നിലയിൽ ജനങ്ങളുടെ വലിയ വിശ്വാസം ആർജ്ജിച്ചുകൊണ്ട് മുഖ്യമന്ത്രി മുന്നോട്ടുപോകുന്നതു കണ്ടപ്പോൾ പകച്ചു നിൽക്കുന്ന, അതിന്റെ അപകടം മനസ്സിലാക്കിയ ആളുകളാണ് ഈ ആക്ഷേപം ഉന്നയിച്ചുകൊണ്ട് രംഗത്ത് വന്നതെന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തരത്തിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഈ മുന്നേറ്റത്തെ തടയാം എന്ന പ്രതീക്ഷ വച്ചുപുലർത്തേണ്ടതില്ല. അതിവേഗത്തിൽ, ജനമനസ്സുകളിൽ ശരവേഗത്തിൽ മുന്നോട്ട് പോകുന്ന, ജനപ്രീതി നേടി മുന്നോട്ട് പോകുന്ന ശ്രീ. ഉമ്മൻചാണ്ടിയെ തടഞ്ഞുനിർത്താൻ നിങ്ങൾക്ക് കഴിയുകയില്ല. അടുത്ത ഗവൺമെന്റ് എന്നൊക്കെ സ്വപ്നം കണ്ടുകൊണ്ട് കഴിയുന്ന നിങ്ങൾക്ക് നിരാശപ്പെടേണ്ടി വരും എന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പാട്ടുകാരൻ പറഞ്ഞിട്ടുണ്ട് "വെറുതെ ഈ മോഹങ്ങൾ എന്നറിയുമ്പോഴും വെറുതേ മോഹിക്കുവാൻ മോഹം" എന്നു പറഞ്ഞ ഒരു സ്ഥിതിയിലേക്ക് പ്രതിപക്ഷത്തിന് മാറേണ്ടി വരുമെന്നു സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ ഒട്ടേറെ പ്രസംഗങ്ങൾ നടത്തി. മാർക്സിസ്റ്റ് പാർട്ടിയുടെ ശ്രീ. എം. വി. ജയരാജൻ, ശ്രീ. ഗോവിന്ദൻ മാസ്റ്റർ എന്നിവർ ഇവിടെ പറഞ്ഞു ഇത് ഇവിടെ പ്രസംഗിക്കേണ്ട പ്രസംഗമാണെന്നു തോന്നുന്നില്ല. ഞങ്ങളെ ഉദ്ദേശിച്ചു പറഞ്ഞതുമല്ല. മുൻനിരക്കാരെ ഉദ്ദേശിച്ച് പറഞ്ഞതായിരിക്കാനാണ് സാധ്യത. കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ജില്ലാ സമ്മേളനത്തിന്റെ റിപ്പോർട്ടുകൾ പുറത്തു വന്നപ്പോൾ ശ്രീ. ഗോവിന്ദൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അച്ചുതാനന്ദനെതിരെ ആസൂത്രിതമായി നടത്തിയ വിമർശനങ്ങളെക്കുറിച്ച് പത്രങ്ങളിൽ വന്നു. അപ്പോൾ ഒരിക്കൽക്കൂടി മുൻനിരയെ നോക്കി പറഞ്ഞതാകാനാണ് സാധ്യത എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പ്രസംഗിക്കുമ്പോൾ അദ്ദേഹം ഒത്തിരി ഭാഷകളൊക്കെ പറഞ്ഞു. ശ്രീ. കെ. എം. മാണിയുടെ ഗുണ്ടാപ്പട എന്നൊക്കെയുള്ള ഒത്തിരി ഭാഷകൾ ഇവിടെ പറഞ്ഞു. ഞാൻ അതിലേയ്ക്ക് ഒന്നും കടക്കുന്നില്ല. അദ്ദേഹം കോവളത്ത് പോയി ഒരു സമരം നടത്തി. കോവളത്തെ കയ്യേറ്റം തടയണമെന്ന്. അതിൽ ഒരു സംശയവുമില്ല. ഗവൺമെന്റ് ഭൂമിയുമായി ബന്ധപ്പെട്ട കയ്യേറ്റം തടയണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇനി പ്രസംഗിക്കാനുണ്ട്. കോവളത്തെ കയ്യേറ്റം തടയണം എന്നുപറയുന്ന മാർക്സിസ്റ്റ് പാർട്ടി ഒരു കാര്യം ആലോചിക്കണം. എ.കെ.ജി. സെന്ററിനുവേണ്ടി യൂണിവേഴ്സിറ്റിയുടെ സ്ഥലം കയ്യേറിയത് വിട്ടുകൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോവളം കയ്യേറ്റത്തിന്റെ പേരിൽ സമരവും സത്യാഗ്രഹവും നടത്തുമ്പോൾ ഇതേക്കുറിച്ചു കൂടി വിശദീകരണം തരണം. ഇവിടെ ശ്രീ. പി. ടി. തോമസ് ഈ വിഷയം ഉന്നയിച്ച് അന്വേഷണം നടത്തി. 8 സെന്റ് സ്ഥലമെന്നു പറഞ്ഞാൽ ഇപ്പോൾ 8 കോടി രൂപ വിലവരുന്ന സ്ഥലമാണ്. അനധികൃതമായി CPM കൈയ്യേറിയിട്ടുണ്ടെന്നു റിപ്പോർട്ട് വന്നിട്ടുണ്ട്. ആ 8 സെന്റ് സ്ഥലം യൂണിവേഴ്സിറ്റിക്ക് വിട്ടുകൊടുക്കാൻ കയ്യേറ്റത്തിനെതിരെ സമരം നടത്തുന്ന മാർക്സിസ്റ്റ് പാർട്ടി തയ്യാറാണോ എന്നുകൂടി ഇവിടെ വ്യക്തമാക്കണം എന്നു സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അത്തരത്തിൽ പ്രതിപക്ഷത്തിന് ഇവിടെ പറയാൻ ഒന്നുമില്ല. ഇവിടെ ഏറ്റവും വലിയ ആക്ഷേപമായിട്ട് പറഞ്ഞത് സുനാമി പ്രവചിക്കാൻ സർക്കാരിന് കഴിഞ്ഞില്ലെന്നുള്ളതാണ്. ഈ സർക്കാരിന്റെ ഏറ്റവും വലിയ അപരാധമായി പ്രതിപക്ഷത്തു നിന്നു ചർച്ച തുടങ്ങിവച്ച ശ്രീ. ബിനോയ് വിശ്വം അടക്കമുള്ളവർ പറഞ്ഞത് സുനാമി പ്രവചിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലെന്നാണ്. എന്തൊരു ബാലിശങ്ങളായ ആക്ഷേപങ്ങളാണ് ഉന്നയിച്ചത്. ഇതുപോലെ ഒരു ദുരന്തം ഉണ്ടായപ്പോൾ ഉണർന്നു പ്രവർത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. എല്ലാ സന്നാഹങ്ങളുമൊരുക്കിക്കൊണ്ട് വളരെ അഭിനന്ദനാർഹമായി ഗവൺമെന്റ് പ്രവർത്തിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും ഗവൺമെന്റ് മുഴുവനായി ആ നിലയിൽ പ്രവർത്തിച്ചു മുന്നോട്ടുപോയി. ആ നിലയിൽ അഭിമാനകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ വി. ജെ. പൗലോസ്. സർ, ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

12.30 P.M. പ്രതിപക്ഷത്തിരിക്കുന്നവർ വളരെ പ്രതീക്ഷയോടുകൂടി ഒരു പ്രസംഗത്തിനായി കാത്തിരുന്നിട്ട് ഇപ്പോൾ നിരാശരായിരിക്കുന്ന ഒരു അവസ്ഥയിലാണ് നമ്മുടെ സഭാനടപടികൾ തുടരുന്നത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള എന്തെങ്കിലും അവരെ സുഖിപ്പിക്കുന്ന വർത്തമാനങ്ങൾ പറയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എല്ലാവരും അവരുടെ സ്വസ്ഥാനങ്ങളിൽ ഉണ്ടായിരുന്നു. പക്ഷേ അദ്ദേഹം ഒന്നും പറഞ്ഞില്ല എന്നു മാത്രമല്ല, അത് എല്ലാപ്പേരേയും നിരാശപ്പെടുത്തുകയും ചെയ്തു. നിയമസഭയിൽ ഗവർണ്ണർ നടത്തുന്ന നയപ്രഖ്യാപനം സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദമായ റിപ്പോർട്ട് ആണ് എന്നുള്ളത് എല്ലാവർക്കും അറിയാം. പ്രതിപക്ഷത്തു നിന്നുള്ളവരെല്ലാം ചോദിച്ചത് ഇനി ശേഷിക്കുന്ന ഒന്നര വർഷക്കാലംകൊണ്ട് എന്ത് ചെയ്യാനാണെന്നാണ്. ഒന്നര വർഷമാണ് ഇനി ബാക്കിയുള്ളത് എങ്കിലും മൂന്നര വർഷം പിന്നിട്ടതിനു ശേഷമുള്ള ഭരണത്തിന്റെ തുടർച്ച എന്നുള്ള നിലയിൽ കഴിഞ്ഞ മൂന്നര വർഷക്കാലം കൊണ്ട് ഇപ്പോൾ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ വിജയകരമായി ഏറ്റെടുത്ത് പ്രാവർത്തികമാക്കാനുള്ള എല്ലാ ശക്തിയും സമാഹരിച്ചുകൊണ്ടുള്ള ഒരു ശക്തമായ നീക്കമാണ് ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ നൂറ് ദിവസങ്ങൾ മാത്രം നോക്കിയാൽ മതിയല്ലോ. എത്ര ചലനാത്മകമായിരുന്നു സർക്കാരിന്റെ പ്രവർത്തനം എന്നു മനസ്സിലാക്കാൻ സർക്കാരിനെ ജനങ്ങളുടെ പടിവാതിൽക്കൽ എത്തിക്കുകയായിരുന്നു നൂറ് ദിവസം .അഭൂതപൂർവ്വമായ ജനക്കൂട്ടം വേഗത്തിൽ പരാതികൾക്ക് പരിഹാരം, ഒരു ലക്ഷം പേരുടെ പരാതികളിൽ പകുതിയിലധികം പേരുടെ പരാതികൾ മുഖ്യമന്ത്രി പരിഹരിച്ചു. ഈ സർക്കാർ ഒരു പടികൂടി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നു എന്ന് ഗവർണ്ണർ സൂചിപ്പിച്ചു. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന 'സുതാര്യ കേരളം' പരിപാടി ഈ നയപ്രഖ്യാപനത്തിലൂടെ ആരംഭിക്കുകയാണ്. ഈ പരിപാടി പൊതു ആർജ്ജവം വർദ്ധിപ്പിക്കുന്നതിനും ഭരണ നിർവ്വഹണത്തിലെ സുതാര്യത മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കും. 'കേരളം മുന്നോട്ട്' എന്ന മുദ്രവാക്യമാണ് ശ്രീ. എ. കെ. ആന്റണി കഴിഞ്ഞ മൂന്നരവർഷക്കാലം ജനങ്ങളുടെ മുമ്പിൽ വച്ചതെങ്കിൽ അദ്ദേഹത്തിന്റെ തുടർച്ചയായി വന്നിട്ടുള്ള ഒരു ഗവൺമെന്റ് എന്ന നിലക്ക് ആ പരിപാടി അതിവേഗത്തിൽ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. അതിവേഗം മുന്നോട്ട് എന്നു പറയുമ്പോൾ നമ്മുടെ കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യത്തിൽ അത് എത്രമാത്രം പ്രായോഗികമാണെന്നുള്ള കാര്യത്തെക്കുറിച്ച് എല്ലാവർക്കും ആശങ്കയുണ്ടാകുമെന്നുള്ളത് സ്വാഭാവികമാണ്. പക്ഷേ ഏതുവിധത്തിലും ഇനിയും കേരളത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനു വേണ്ടിയുള്ള വ്യക്തവും ശക്തവുമായ നടപടി സ്വീകരിക്കുക എന്നുള്ള പ്രതിജ്ഞാബദ്ധമായ നിലപാട് ഉമ്മൻചാണ്ടി സർക്കാർ സ്വീകരിക്കുകയാണ്. അങ്ങനെയുള്ള ഒരു നിലപാട് മുഖ്യമന്ത്രിയും യു. ഡി. എഫും

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചാൽ അതും എളുപ്പമല്ല എന്ന് ഞങ്ങൾക്കറിയാം. ഇവിടെ ജനങ്ങളുടെ സഹകരണം വേണം. ഗവൺമെന്റ് വളരെയേറെ നല്ല കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുകയാണ്. ജനങ്ങളുടെ സഹകരണം വേണമെന്ന് പറയുമ്പോൾ പ്രതിപക്ഷത്തിന്റെ സഹകരണമാണ് അതിൽ മുഖ്യമായത്. ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷത്തായിരുന്നപ്പോൾ ഒരു ബന്ദും ഹർത്താലുമില്ലാതെ ഗവൺമെന്റിനെതിരായി ഒരു അവിശ്വാസ പ്രമേയം പോലും അവതരിപ്പിക്കാതെ കലവറയില്ലാത്ത സഹകരണാത്മകമായ സമീപനം സ്വീകരിച്ച് മുന്നോട്ടുപോയിരുന്നു. അങ്ങനെയുള്ള അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പിന്നീട് വന്ന സർക്കാരിനെ സമര വേലിയേറ്റത്താൽ തകർത്ത് തരിപ്പണമാക്കുന്ന നിരവധി പ്രക്ഷോഭപരിപാടികളാണ് ഈ സംസ്ഥാനത്ത് നടന്നിട്ടുള്ളത്. ഈ രാജ്യത്ത് ഇപ്പോഴുണ്ടാകേണ്ട ഒരു മാറ്റം അവിടെയാണ് പ്രതിപക്ഷ സഹകരണം വേണമെന്ന് പറയുമ്പോൾ എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് മാർക്സിസ്റ്റ് പാർട്ടി ഇൻഡ്യയിൽ മൂന്ന് സംസ്ഥാനങ്ങളിൽ മാത്രമാണുള്ളത്. അതും ഏറ്റവും ചെറിയ സംസ്ഥാനങ്ങളായ പശ്ചിമബംഗാൾ , ത്രിപുര, കേരളം എന്നിവിടങ്ങളിലാണ്. ബംഗാളിലെ കമ്മ്യൂണിസ്റ്റുകാരിൽ നിന്ന് നിങ്ങൾ അൽപ്പമെങ്കിലും പഠിക്കാൻ ശ്രമിക്കണം. പശ്ചിമബംഗാൾ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ ആണ്. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പ്രസക്തമായിട്ടുള്ളത് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. "ബംഗാളിന് ഇനി ഏത് മൂലധനവും സ്വീകാര്യം. പഴഞ്ചൻ ആശയങ്ങൾ വേണ്ട" എന്ന മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ—കൊൽക്കത്ത. ഇൻഡ്യൻ മാർക്സിസ്റ്റുകാർ പഴയ ചിന്താഗതിയിൽ നിന്ന് മാറുകയാണ്. ബംഗാളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ വിദേശവും സ്വദേശവും സ്വകാര്യവും അടക്കം എല്ലാത്തരം മൂലധന നിക്ഷേപവും സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചര്യ പ്രഖ്യാപിച്ചു. ഞങ്ങൾ മാക്സിസ്റ്റുകാരാണ്, വിഢികളല്ല. ഇനി കാലഹരണപ്പെട്ട ആശയങ്ങൾ മുറുകെപ്പിടിച്ച് ഇരിക്കുകയില്ല. ഇവിടെ ബംഗാളിൽ ഇടതാണ് ശരി. ഇങ്ങനെ നീണ്ടുപോകുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ. അദ്ദേഹം ഞങ്ങൾ മാക്സിസ്റ്റുകാർ വിഢികളല്ല എന്നു പറയുമ്പോൾ അത് പശ്ചിമബംഗാളിൽ കുറെയേറെ ശരിയായിരിക്കുകയാണ്. പക്ഷേ 'മണ്ടന്മാർ ലണ്ടനിൽ' എന്നുപറയുന്നതുപോലെ ഇപ്പോൾ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയിൽ കുറെ വിഢികളുണ്ട്. പശ്ചിമബംഗാളിലുണ്ടായ മാറ്റം മനസ്സിലാക്കുന്നില്ല. ചൈനയിലുണ്ടായ മാറ്റം മനസ്സിലാക്കുന്നില്ല. കമ്മ്യൂണിസ്റ്റ് ആശയങ്ങളുണ്ടായിരുന്ന പല രാജ്യങ്ങളിലും ഉണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നില്ല. പുന്നപ്ര-വയലാർ സമര കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ള പഴഞ്ചൻ ആശയങ്ങൾ വച്ചുകൊണ്ടു മാത്രമായി ജനകീയ പ്രശ്നങ്ങളെ കണ്ടുകൊണ്ടുള്ള സമരങ്ങൾ സംഘടിപ്പിച്ച് രാജ്യപുരോഗതി എല്ലാ നിലയിലും പുറകോട്ട് കൊണ്ടുപോകുന്ന പഴഞ്ചൻ നയം ഈ സംസ്ഥാനത്ത് മാറണ്ടേ? ഇതു മാറണമെങ്കിൽ ആരാണ് മാറ്റേണ്ടത്? ആരാണ് ഇത് പിന്തുടരുന്നത്? പിന്തുടരുന്നത് മാർക്സിസ്റ്റുകാരാണ്. മാർക്സിസ്റ്റ് ആശയം കാലഹരണപ്പെട്ടു എന്നാണ് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞത് അദ്ദേഹം അത് സമ്മതിക്കുകയാണ്. പക്ഷേ രാജ്യത്തൊട്ടാകെ ഉണ്ടായ മാറ്റങ്ങൾക്കനുസരണമായി മാറാൻ മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷമുന്നണിയും സഹകരിച്ചില്ലെങ്കിൽ എങ്ങനെ ഈ പ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകും?

LIBRARY ARCHIVES Kerala Legislative Assembly

ഇത് കോൺഗ്രസ്സിന് ഭരണകുത്തകയുള്ള ഒരു സംസ്ഥാനമല്ല. അത് മാറണം. അത് മാറിയാലേ മാർക്സിസ്റ്റ് പാർട്ടിയെ ശരിയായ രീതിയിലേക്ക് കൊണ്ടുവരാൻ പറ്റുകയുള്ളൂ. പശ്ചിമബംഗാൾ വർഷങ്ങളായി മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മുന്നണി ഭരിക്കുകയാണ്. ഇവിടെ കഴിഞ്ഞ കുറെ വർഷങ്ങളായി മാറി മാറി ഭരിക്കുകയാണ്. അങ്ങനെ വരുമ്പോൾ എല്ലാ സഹകരണവും ശ്രീ. എ. കെ. ആന്റണി കൊടുത്തു. എന്നാൽ 1996-2001 വരെ എന്താണ് ചെയ്തത്? നിങ്ങൾ ചെയ്ത പ്രവൃത്തികൾ ഇവിടെ പോസ്റ്റ്മോർട്ടം ചെയ്താൽ നിങ്ങൾക്ക് പുറത്തിറങ്ങി നടക്കാൻ പറ്റില്ല. ആന്റണി സർക്കാരിന്റെ അവസാന കാലഘട്ടത്തിലാണ് സൂര്യനെല്ലി സംഭവം. ആ കേസ് അന്വേഷണം നടത്തിയത് നിങ്ങളാണ്. ഇപ്പോൾ സൂര്യനെല്ലി സംഭവത്തിന്റെ പേരിൽ നിങ്ങളുടെ പാർട്ടിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒച്ചപ്പാടുകളും ബഹളങ്ങളും എത്രമാത്രമാണ്? അത് പലരേയും പടിയടച്ച് പിണ്ഡം വയ്ക്കാനും പലരേയും ഇരിക്കപ്പിണ്ഡം വയ്ക്കാനും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ ചെയ്തികൾ നിങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. അഡ്വക്കേറ്റ് ജനറലും ഡി. ജി. പി.യുമൊക്കെ പ്രസ്താവനകളുമായി രംഗത്ത് വന്നില്ലേ? മാർക്സിസ്റ്റ്പാർട്ടിക്ക ്ഭരണം കിട്ടിയാൽ ഭരണ സിരാകേന്ദ്രം എ. കെ. ജി. സെന്ററാണ്. അവിടെയല്ലേ കാര്യങ്ങൾ തീരുമാനിക്കുന്നത്? സൂര്യനെല്ലി കേസിലെ പെൺകുട്ടിയെ ആരൊക്കെയാണ് പീഡിപ്പിച്ചതെന്നുള്ളത് തീരുമാനിക്കുന്നത് എ. കെ. ജി. സെന്ററിലാണ്. ആരെയൊക്കെ പ്രതികളാക്കണം, ആരെയൊക്കെ പ്രതികളാക്കണ്ടാ, അങ്ങനെയല്ലേ ഓരോ സംഭവങ്ങളും. സ്ത്രീ പീഡനം പോലുള്ള കാര്യങ്ങളിൽപോലും മാർക്സിസ്റ്റ് പാർട്ടി സ്വീകരിക്കുന്ന സമീപനം ഇതാണെങ്കിൽ എങ്ങനെയാണ് ജനോപകാരപ്രദമായ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിന് കഴിയുക? നിങ്ങൾക്ക് ആലോചിക്കാൻ കഴിയില്ല. അത്തരം മുരടിച്ച മനസ്സിന്റെ ഉടമകളായിട്ടുള്ള ഒരു പാർട്ടിയായി ഇന്ന് കേരളത്തിൽ മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ നയ പ്രഖ്യാപനം പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാകണമെങ്കിൽ കേരളത്തിൽ ഒരു പുതിയ സംസ്കാരം ഉണ്ടാകണം. ഒരു പുതിയ വികസന സംസ്കാരം ഉണ്ടാകണം. ഈ അവസ്ഥയിൽ മുന്നോട്ട് പോയാൽ നമ്മൾ എല്ലാവരും ഒരുമിച്ച് മുങ്ങേണ്ടിവരുമെന്ന് ഈ സംസ്ഥാനത്ത് പല പ്രാവശ്യം ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുള്ളതാണ്. ഈ അവസ്ഥയ്ക്ക് മാററം ഉണ്ടായേ പററൂ. ഹർത്താലുകൾ ആർക്കുവേണ്ടിയാണ്? കേരളത്തിൽ ബന്ദുകൾ നിർത്തലാക്കി ഹർത്താലുകൾ പ്രത്യക്ഷപ്പെട്ടു. ഹർത്താലുകൾ നിത്യ സംഭവങ്ങളാണ്. ഞാൻ ഒരു പത്രത്തിന്റെ മുഖ്യപ്രസംഗത്തിന്റെ അല്പഭാഗം വായിക്കാം. ഒരു വർഷത്തിൽ 365 ദിവസങ്ങളാണ്. ഇതിൽ 52 ഞായറാഴ്ചകളും ദേശീയ ഒഴിവുകളും പ്രാദേശിക ഒഴിവുകളും വിശേഷ ദിവസ അവധികളും ഇങ്ങനെ എല്ലാം കൂടി കൂട്ടിയാൽ 225-നും 265-നും ഇടയിലുള്ള പ്രവർത്തി ദിവസങ്ങളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷം പ്രാദേശികതലങ്ങളിൽ ഉൾപ്പടെ 123 ഹർത്താലുകൾ നടന്നു. മൂന്നു ദിവസങ്ങളിൽ ഒരു ദിവസം എന്നു പറയുന്നത് കർമ്മരാഹിത്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ലോക റിക്കോർഡായിരിക്കും. കേരളത്തിൽ ശരാശരി മലയാളി പൗരൻ ബന്ദിന്റെ പേരിൽ പീഡിപ്പിക്കപ്പെടുമ്പോൾ ജനാധിപത്യപരവും ഭരണഘടനാ വിരുദ്ധവുമായ സമരത്തിന് മലയാളികൾ അടിമകളായിരിക്കുകയാണെന്നുള്ളതാണ് യാഥാർത്ഥ്യം. അങ്ങനെ അടഞ്ഞു കിടക്കുന്ന നാട്ടിൽ വ്യവസായത്തിന് വരുന്നവർ ഒരു സാഹസത്തിന് ഒരുങ്ങണമോ എന്ന് പലവട്ടം ചിന്തിക്കും. കേരളം നിശ്ചലമാകും. വാണിജ്യ മേഖലകളിൽ മാത്രം നേരിടുന്ന നഷ്ടം 700 കോടി രൂപയാണെന്നാണ് കണക്ക്. അസംഘടിതരായ നിത്യവരുമാനക്കാരുടെ കണക്ക് ഇതിൽ വരില്ല. ഐ. ടി. മേഖലയിൽ ഒരു ദിവസം പണിമുടക്കുണ്ടായാൽ ഒരു കോടി രൂപ നഷ്ടമുണ്ടാകുമെന്നാണ് കണക്കുകൾ വന്നിട്ടുള്ളത്. അങ്ങനെ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം നഷ്ടം ഈ രാജ്യത്ത് ഉണ്ടാക്കിക്കൊടുക്കുന്നുവെന്ന് ഈ സമരത്തിന് ആഹ്വാനം കൊടുക്കുന്നവർ എന്നെങ്കിലും ആലോചിച്ചിട്ടുണ്ടോ? എന്തിനാണ് ഈ സമരം? കേരളം രക്ഷപ്പെടരുത്, കോൺഗ്രസ്സ് ഭരിക്കുമ്പോൾ അല്ലെങ്കിൽ യു. ഡി. എഫ്. ഭരിക്കുമ്പോൾ ഒരു കാര്യവും നടക്കരുത് എന്നുള്ള നിർബന്ധബുദ്ധിയോടുകൂടി നടത്തുന്ന രാഷ്ട്രീയ പ്രേരിത സമരങ്ങളുടെ പേരിലാണ് ഇന്ന് ബന്ദുകളും മററ് പ്രാദേശിക ഹർത്താലുകളുമെല്ലാം നടക്കുന്നത്. ഈ അവസ്ഥ നമ്മളെ എവിടെയെത്തിക്കും? കേരളത്തിലേക്ക് ധാരാളമായി വ്യവസായങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി, വിദേശ നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി, സൗഹൃദ സംസ്ഥാനമാണ് കേരളം എന്ന് കാണിക്കാൻ വേണ്ടിയുള്ള ശ്രീമാൻ എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള എല്ലാ പ്രവർത്തനങ്ങളേയും നിങ്ങളുടെ സമരത്താൽ മുക്കിക്കൊല്ലാൻ ശ്രമിച്ചിട്ട് അക്കാര്യത്തിൽ ഇച്ഛാശക്തി കൈവിടാതെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് അന്ന് ഫലം കണ്ടില്ലെങ്കിലും ഇന്ന് ഫലം കണ്ടുതുടങ്ങിയിട്ടുള്ളത്. പത്തുമുപ്പതിനായിരം കോടി രൂപയുടെ വിദേശ നിക്ഷേപം കേരളത്തിൽ വന്നു കഴിഞ്ഞിരിക്കുകയാണ്. ആ അവസ്ഥയിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിഞ്ഞാൽ നമ്മുടെ ഗവൺമെന്റിന്റെ ശേഷിക്കുന്ന ഒന്നര വർഷ കാലാവധിക്കുള്ളിൽ നിക്ഷേപ സൗഹൃദ സംസ്ഥാനമെന്നുള്ള ഖ്യാതി ഉണ്ടാക്കിക്കൊടുത്ത കേരളത്തിലേക്ക് അൻപതിനായിരം കോടി രൂപയുടെ എങ്കിലും വിദേശ നിക്ഷേപം ക്ഷണിച്ചുവരുത്താൻ കഴിയുന്ന ഒരു സാഹചര്യത്തിലേക്ക് ഈ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഉത്തരവാദിത്വം മറ്റാർക്കുമല്ല. ഈ ഗവൺമെന്റിന് ആദ്യ കാലഘട്ടത്തിൽ നേതൃത്വം കൊടുത്ത, ഇപ്പോൾ ഈ ഗവൺമെന്റിന് വിജയകരവും ഫലപ്രദവും കർമ്മോത്സുകവുമായ നേതൃത്വം കൊടുക്കുന്ന ഉമ്മൻചാണ്ടിയുടെ നയപരിപാടികളുമാണ് എന്നുള്ളത് ആരും എതിർക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നിങ്ങളുടെ ഈ സമരം കേരളത്തിലെ ജനങ്ങൾ എങ്ങനെ വിലയിരുത്തുമെന്നുള്ളത് നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? നിങ്ങളുടെ ധാരണ ഈ സമരമെല്ലാം ചെയ്തുകൊണ്ട് കേരളത്തിലെ ജനങ്ങൾ നിങ്ങളുടെ പിന്നിലേക്ക് ഗവൺമെന്റിനെതിരായി മാറിയിരിക്കുകയാണെന്നാണ്. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനെതിരല്ല. അപ്പോൾ ചോദിക്കും കഴിഞ്ഞ ഇലക്ഷനോ എന്ന്. അതാണ് വിരോധാഭാസം. അതിനുമുൻപ് രണ്ട് ഇലക്ഷൻ ഉണ്ടായല്ലോ? എറണാകുളം പാർലമെന്റ് ഉപതെരഞ്ഞെടുപ്പുണ്ടായി. തിരുവല്ലയിൽ തെരഞ്ഞെടുപ്പുണ്ടായി. ആറുമാസത്തെ വ്യത്യാസം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേയുള്ളൂ. ആറ്മാസംകൊണ്ട് എന്തുസംഭവിച്ചു. എറണാകുളത്ത് നടന്ന തെരഞ്ഞെടുപ്പ് ഒരു വിചിത്രമായ തെരഞ്ഞെടുപ്പാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. പലഭാഗത്തുനിന്നും നിങ്ങൾക്ക് വോട്ട് കിട്ടി. എന്നിട്ടും ഒരു നാമമാത്ര മാർജിനിൽ, വെറും ഇരുപതിനായിരം വോട്ടുകൾക്കല്ലേ എറണാകുളത്ത് ജയിച്ചത്. ഇത്രയും വോട്ടുകൾ പല കേന്ദ്രങ്ങളിൽ നിന്നും പല രാഷ്ട്രീയ പാർട്ടികളിൽനിന്നും കിട്ടിയിട്ടും ഇത്രയും ചെറിയ ഭൂരിപക്ഷത്തിലാണ് ജയിച്ചത് എന്നു പറയുമ്പോൾ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഐക്യജനാധിപത്യമുന്നണി സാധാരണ ഉപതെരെഞ്ഞടുപ്പുകളിൽ ജയിക്കുന്ന മുന്നണിയല്ല. ഭരണത്തിൽ ഇരിക്കുമ്പോൾ തോൽക്കുന്ന പാരമ്പര്യമേ ഞങ്ങൾക്കുള്ളൂ. പക്ഷെ തിരുവല്ലയിൽ ജയിച്ചു. എന്തുകൊണ്ട് ജയിച്ചു? എറണാകുളത്തിന്റെ അതേ നിലയിൽ ആവർത്തിക്കാൻ തിരുവല്ലയിൽ കഴിയാതെ പോയതുകൊണ്ട്. തിരുവല്ലയിൽ ഈ ഗവൺമെന്റ് നിലനിൽക്കുന്നതിനുവേണ്ടി ജനങ്ങൾ വോട്ട് ചെയ്തപ്പോൾ ഞങ്ങൾ ജയിച്ചോ എന്ന് നിങ്ങൾക്ക് വിസ്മയം. എങ്ങനെ ഞങ്ങൾ പരാജയപ്പെട്ടു എന്നതും ഞങ്ങൾക്ക് വിസ്മയം. ഞങ്ങൾക്ക് വിസ്മയമൊന്നുമില്ല. പരാജയത്തിന്റെ കാരണം ഞങ്ങൾക്കറിയാം. ജനങ്ങൾ ഞങ്ങളുടെ കൂടെയാണ്. ഞങ്ങളുടെ കൂടെ നിൽക്കുന്ന ജനങ്ങളെ ഞങ്ങളുടെ കൂടെ നിർത്താൻ കഴിയാതെ പോകുന്നതുകൊണ്ട് ജനങ്ങൾ ഞങ്ങളെ ഒരു പാഠം പഠിപ്പിക്കാൻ തിരുമാനിച്ചപ്പോൾ അതിന്റെ ഗുണം നിങ്ങൾക്കു കിട്ടി എന്നു മാത്രം നിങ്ങൾ കരുതിയാൽ മതി. ഇതാണ് ഇരുപത് ലോക്സഭാ മണ്ഡലങ്ങളിൽ പത്തൊൻപത് ലോക്സഭാ മണ്ഡലങ്ങളിലും ഞങ്ങളെ തോൽപ്പിക്കാൻ, പാഠം പഠിപ്പിക്കാൻ ജനങ്ങൾ തീരുമാനിച്ചപ്പോൾ നിങ്ങളെ ജയിപ്പിക്കാൻ നിർബന്ധിതരായെങ്കിലും നിങ്ങളേയും ഒഴിവാക്കാൻ കൊള്ളാവുന്ന സ്ഥാനാർത്ഥി എവിടെയെങ്കിലും ഉണ്ടെങ്കിൽ ജയിപ്പിക്കാനും കേരളത്തിലെ ജനങ്ങൾക്ക് മടിയില്ല എന്ന് കാട്ടിക്കൊടുത്ത സംഭവമാണ് എന്റെ നിയോജകമണ്ഡലം ഉൾപ്പടെയുള്ള മൂവാറ്റുപുഴ പാർലമെന്റ് നിയോജകമണ്ഡലത്തിൽ ബി. ജെ. പി.-യുടെ നാമധേയത്തിൽ മൽസരിച്ച സ്ഥാനാർത്ഥി ജയിച്ചത്. വളരെ ഗൗരവത്തോടുകൂടി ആലോചിക്കേണ്ട കാര്യമാണ്. ഇത്രയും അനുകൂലമായ സാഹചര്യമുണ്ടായിട്ടും ജനങ്ങൾ ഇത്രമാത്രം ഞങ്ങളെ പാഠം പഠിപ്പിക്കുന്നതിനുവേണ്ടി അങ്ങനെ വോട്ട് ചെയ്തിട്ടും മൂവാറ്റുപുഴ മണ്ഡലത്തിൽ നിങ്ങൾക്ക് ജയിക്കാൻ ഇപ്പോഴും കഴിഞ്ഞില്ല എന്നുപറഞ്ഞാൽ നിങ്ങളുടെ യഥാർത്ഥ രാഷ്ട്രീയ ചിത്രം നിങ്ങൾ മൂവാറ്റുപുഴയിൽ നിന്ന് വായിച്ച് പഠിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇതിന് മാറ്റം വേണം. ഈ നിഷേധാത്മകമായ സമീപനം മാറണം. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ മുന്നണിയോ യു. ഡി. എഫ്.-ഓ മാറി മാറി വരുന്നു. കൂടുതൽ കൂടുതൽ മൽസരിച്ച് ജനങ്ങൾക്ക് വേണ്ടി നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് ജനങ്ങളുടെ പിൻതുണ വാങ്ങിച്ച് വീണ്ടും അധികാരത്തിൽ വരുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിനുപകരം എപ്പോഴും ഒന്നും നടക്കാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുന്ന പഴഞ്ചൻ സമീപനം മാർക്സിസ്റ്റ് പാർട്ടിയുടെയും അവരുടെ പിന്നിൽ നിൽക്കുന്ന രാഷ്ട്രീയ പാർട്ടികളുടെയും ഭാഗത്തുനിന്ന് മാറ്റാതെ നമ്മൾ ആഗ്രഹിക്കുന്നതുപോലെ ഈ സംസ്ഥാനത്തെ രക്ഷപ്പെടുത്താൻ കഴിയില്ല. അതാണ് ഇപ്പോൾ ചിന്തിക്കേണ്ട കാര്യം

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടേത് കാലഹരണപ്പെട്ട ആശയമാണ്, പക്ഷേ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കാലഹരണപ്പെട്ടു എന്ന് തുറന്ന് പറയാൻ വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രിയായിട്ടുള്ള ബുദ്ധദേവ് ഭട്ടാചാര്യക്ക് കഴിയുന്നുണ്ടെങ്കിൽ എന്തുകൊണ്ട് നിങ്ങൾക്ക് അതിന് കഴിയുന്നില്ല? എന്തുകൊണ്ട് നിങ്ങൾ പഴഞ്ചൻ നയങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി, ഈ സംസ്ഥാനത്തെ ജനങ്ങളെ എന്തിന് ഇങ്ങനെ ശിക്ഷിക്കണം. എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണമെന്നാണ് പറയാനുള്ളത്. ഒരു മാറ്റം ഈ രാജ്യത്ത് ആവശ്യമാണ്. വളരെയേറെ കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് .ചില കാര്യങ്ങൾ സൂചിപ്പിച്ചു. കാർഷികമേഖല, വിദ്യാഭ്യാസമേഖല, മത്സ്യത്തൊഴിലാളിക്ഷേമം, . ഭക്ഷ്യം, സിവിൽ സപ്ലൈസ്, ശബരിമല വികസനം, ആരോഗ്യം, വിവരസാങ്കേതികരംഗം, തൊഴിൽ രംഗം, തുറമുഖം, വൈദ്യുതി വിതരണം, വിദേശ മലയാളി, തദ്ദേശസ്വയംഭരണം, ദളിത്ക്ഷേമം, ജൈവസംരക്ഷണം, ടൂറിസം, ജലസേചനം, തുടങ്ങിയ എല്ലാ മേഖലകളിലും വളരെ സജീവമായി കേരളത്തിന്റെ പ്രശ്നങ്ങൾക്ക് ആകാവുന്നത്ര പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് ഗവർണ്ണർ സഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപനപ്രസംഗത്തേയും അതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തേയും ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ ഈ നന്ദി പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. യു. ഡി. എഫ്. സർക്കാരിനുവേണ്ടി ഈ സഭയിൽ ഗവർണ്ണർമാർ ഇതിനകം അഞ്ചുനയ പ്രഖ്യാപന പ്രസംഗങ്ങൾ നടത്തി. ഈ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് . ബഹുമാനപ്പെട്ട എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തന് ഭരണകക്ഷിയിൽ നിന്ന് പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിപ്പ് കൊടുത്തില്ലെങ്കിൽ നന്ദിപ്രമേയം പരാജയപ്പെടുമായിരുന്നു. അപ്പുറത്തുള്ള ആളുകൾക്ക് അവരുടെ മന:സാക്ഷിക്കനുസരിച്ച് വോട്ട് ചെയ്യാൻ അനുവാദം നൽകിയാൽ നന്ദിപ്രമേയം പാസ്സാകാൻ പോകുന്നില്ല. അതാണ് ഇവിടെ ഭരണകക്ഷിയിൽ നടന്ന ചർച്ചയിൽ നിന്ന്, വ്യക്തമാകുന്നത്. കഴിഞ്ഞ വർഷം നയപ്രഖ്യാപനം നടത്തിയ ഗവർണ്ണറുടെ ജീവൻ രക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ആരോഗ്യ മേഖല വികസിപ്പിച്ച കഥയാണ് ഇന്നലെ ശ്രീ. കടവൂർ ശിവദാസൻ തട്ടിവിട്ടത്. ഇന്ന് ആശുപത്രിയിൽ പോയാലുള്ള സ്ഥിതി എന്താണ്? മരുന്നുണ്ടോ? ഡോക്ടറുണ്ടോ? മെഡിക്കൽ കോളേജാശുപത്രിയിൽ ഒരു രോഗവുമായിട്ട് പോയി കിടന്നാൽ രണ്ടു രോഗവുമായിട്ടാണ് തിരിച്ചുവരുന്നത്. നെടുമങ്ങാടുള്ള ദിവാകരൻ നായർ എന്നയാൾക്ക് ഒരു ആക്സിഡന്റിൽപ്പെട്ട് പരിക്കു പറ്റി. അദ്ദേഹത്തിന്റ ഒരു കാലൊടിഞ്ഞ് കാലിന് പ്ളാസ്റ്ററിട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ കട്ടിലിൽ കിടക്കുമ്പോൾ അദ്ദേഹത്തിന്റെ കട്ടിലിനു നേരെ

LIBRARY ARCHIVES Kerala Legislative Assembly

മുകളിലുള്ള ഫാൻ പൊട്ടിവീണ് മറ്റേ കാലും പോയി. ഒരു കാൽ ഒടിഞ്ഞാണ് ആശുപത്രിയിൽ പോയത്. രണ്ടു കാലും ഒടിഞ്ഞിട്ടാണ് തിരിച്ചു വന്നത്. അതേ ആശുപത്രിയിൽ പ്രമേഹ രോഗചികിൽസയ്ക്കായി കിടന്ന ആൾ രാവിലെ നോക്കുമ്പോൾ അയാളുടെ കാലിലെ രണ്ടു വിരൽ കാണുന്നില്ല. എലി കടിച്ചുകൊണ്ടുപോയി. മെഡിക്കൽകോളേജാശുപത്രികളെ ഈ ഗവൺമെന്റ് എലി ത്താവളങ്ങളാക്കി മാറ്റി. നമ്മുടെ ഗവർണ്ണറായിരുന്ന സിക്കന്തർ ഭക്ത് മെഡി ക്കൽകോളേജ് ആശുപത്രിയിൽ കിടന്നു. അദ്ദേഹത്തിനെ അണുബാധയിൽ നിന്ന് രക്ഷപ്പെടുത്താൻപോലും സാധിച്ചോ? മെഡിക്കൽകോളേജാശുപത്രിയെക്കുറിച്ച് ഓർത്തിരുന്നുവെങ്കിൽ ഇപ്പോഴത്തെ ഗവർണ്ണർ ഇങ്ങോട്ട് വരുമായിരുന്നില്ല. ഇപ്പോഴത്തെ ഗവർണ്ണർ ശ്രീ. ആർ. എൽ. ഭാട്ടിയ ഒരു കോൺഗ്രസ് നേതാവായി രുന്നു. കോൺഗ്രസ്സിലെ പ്രശ്നങ്ങൾ തീർക്കാനാണ് ശ്രീ. ഭാട്ടിയ ആദ്യമായിട്ട് തിരുവനന്തപുരത്തു വന്നത്. പിന്നെ കാണുന്നത് അദ്ദേഹം ഗവർണ്ണറായിട്ടു വരുന്നതാണ്. നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'ഈറ്റ് എടുപ്പാൻ പോയവൾ ഇരട്ട പെറ്റു'.എന്ന്. കോൺഗ്രസ്സിലെ പ്രശ്നം തീർക്കാൻ വന്നയാൾ ഗവർണ്ണറായി നിൽക്കുന്ന സ്ഥിതിയാണ് നമ്മൾ കണ്ടത്. ഇപ്പോഴത്തെ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗവും മുൻ ഗവർണ്ണർമാരുടെ പ്രസംഗവും വായിക്കാത്തതു കൊണ്ടായിരിക്കും അദ്ദേഹം ഇങ്ങനെ ഒരു പ്രസംഗം നടത്താൻ സന്നദ്ധനായത്. കഴിഞ്ഞ അഞ്ചു പ്രസംഗങ്ങൾ വായിച്ചപ്പോൾ ഇതിനകം നടത്തിയിട്ടുള്ള നാലു നയപ്രഖ്യാപനപ്രസംഗങ്ങളിലായി ഈ ഗവൺമെന്റ് 140 പദ്ധതികൾ പ്രഖ്യാപിച്ചി രുന്നു. ഇവയിൽ ഏതു പദ്ധതികളാണ് നടപ്പിലാക്കിയത്? ഇന്ന് പ്രഖ്യാപിച്ച പദ്ധതികളെല്ലാം തന്നെ മുൻകൂട്ടി പ്രഖ്യാപിച്ച പദ്ധതികളാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിനകത്ത് പുതിയ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. 44-ാം ഖണ്ഡികയിൽ, ആത്മഹത്യ ചെയ്യാൻ ഉദ്ദേശിക്കുന്നവരെ ഗവൺമെന്റ് കൗൺസിലിംഗിന് വിധേയ മാക്കുമെന്നാണ്. ഇനി സംസ്ഥാനത്ത് ആത്മഹത്യ സമ്മതിക്കുകയില്ല എന്നല്ല. ഇനി കേരളത്തിൽ ആരെങ്കിലും ആത്മഹത്യ ചെയ്യാൻ ഉദ്ദേശിക്കുന്നു ണ്ടെങ്കിൽ താലൂക്കാഫീസിൽ പോയി പേര് രജിസ്റ്റർ ചെയ്യണമെന്നാണ്. എന്നാൽ ഗവൺമെൻറ് കൗൺസിലിംഗിന് വിധേയമാക്കുമെന്നാണ്. ഇതുപോലുള്ള വങ്കന്മാരുടെ മന്ത്രിസഭ ഈ കേരളത്തിൽ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? 40-ാമത്തെ ഖണ്ഡികയിൽ പറയുന്നത് നിലവിലുള്ള കൈവശകാർക്ക് കുളം, തോട്, നദി പുറമ്പോക്കുകൾ എന്നിവ പതിച്ചു നൽകാനുള്ള ഒരു നിർദ്ദേശം കൂടി സർക്കാർ പരിഗണിച്ചുവരികയാണ് എന്നാണ്. ഇവിടെ ശ്രീ. ടി. എം. ജേക്കബ് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു, ഞാൻ ഇപ്പോൾ പുറമ്പോക്കിലാണ് എന്ന്. ഇന്ന് ശ്രീ. ബാലകൃഷ്ണപിള്ള നടത്തിയ പ്രസംഗത്തിലും പറഞ്ഞു, ഞാനും പുറമ്പോക്കിലാണെന്ന്. നിങ്ങളുടെ ഭരണകക്ഷി യിലുള്ള പുറമ്പോക്കിൽ നിർത്തിയിരിക്കുന്ന രണ്ടാളുകളുടെ കാര്യം ആദ്യം ആലോചിക്കുമോ? കഴിവുറ്റ ഭരണനേതൃത്വം സംസ്ഥാനത്ത് ഒരു കുതിച്ചു ചാട്ടത്തിന് പ്രാപ്തമാക്കി എന്നാണ് അവകാശവാദം. 99 എം. എൽ. എ. മാർ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

ഭരണപക്ഷം 42 മാസം ഭരിച്ചപ്പോൾ 36 ആളുകളെ മന്ത്രിമാരാക്കി, 16 പേർ അപ്പുറത്ത് മുൻ മന്ത്രിമാരായി. ഇത്ര ചുരുങ്ങിയ കാലംകൊണ്ട് ഇത്രയേറെ പേരെ മുൻ മന്ത്രിമാരാക്കാൻ സാധിച്ച ഒരു മന്ത്രിസഭ ഇപ്പോഴത്തെ യു.ഡി.എഫ്. മന്ത്രിസഭ അല്ലാതെ കേരളത്തിൽ മുമ്പുണ്ടായിട്ടുണ്ടോ? പി. എസ്. സി. അംഗങ്ങൾ 18 ആണ്. നമ്മുടെ സംസ്ഥാനത്ത് ജമ്പോ പി. എസ്. സി. ആണ്. ഉത്തർപ്രദേശിൽപ്പോലും പബ്ളിക് സർവ്വീസ് കമ്മീഷനിൽ 9 ആളുകൾ മാത്രമേയുള്ളൂ. മന്ത്രിമാരുടെ എണ്ണം ഇവർ 21 വരെയാക്കിയില്ലേ? എന്നിട്ട് എന്തുണ്ടായി? ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ തലവൻ ഡോ. വല്യത്താൻ രാജി വച്ചു. എന്തുകൊണ്ട് രാജി വച്ചു? കാവി ചരിത്രകാരനായ എം. ജി. എസ്. നാരായണനാണ് ഉന്നത പദവി കൊടുത്ത് ആദരിച്ചത്. ഇവിടെ ഭരണം നടക്കുന്നില്ല. ഇവിടെ ഭരണം നടക്കുന്നില്ലായെന്നുള്ളതിന്റെ തെളിവല്ലേ കേന്ദ്ര ഗവൺമെന്റ് അയച്ച കത്തിന് ഒരു മറുപടിപോലും കൊടുക്കാൻ സാധിക്കാതെ പോയത്? ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യമാണ് കത്ത്. ഇന്ന് രാവിലെ മുഖ്യമന്ത്രി പറഞ്ഞു കത്തു കിട്ടിയിരുന്നു, മറുപടി അയച്ചു എന്ന്. നിങ്ങളുടെ പാർട്ടിക്കാരനായ പഞ്ചാബ് ധനകാര്യമന്ത്രി സുനിന്ദർ സിംഗ്ള പറഞ്ഞ കാര്യം കേരളകൗമുദിയിൽ ഉണ്ട്. കേരളത്തിന് മാത്രം കത്ത് ലഭിച്ചില്ലെന്നോ? അദ്ദേഹം അൽഭുതം കൂറി. കോൺഗ്രസ് നേതൃത്വം നൽകുന്ന കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ സഹായിക്കാൻ കത്തയച്ചപ്പോൾ കോൺഗ്രസ് ഭരിക്കുന്ന കേരളത്തെ മാത്രം അവഗണിച്ചു എന്ന് വിശ്വസിക്കുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. പഞ്ചാബിൽ കിട്ടിയ കത്ത് ഇവിടെ എന്തുകൊണ്ട് കിട്ടാതെപോയി? അത് ഗവൺമെന്റ് പറയണം. ഇവിടെ പറഞ്ഞത് ഈ ഗവൺമെന്റ് കാര്യങ്ങൾ ചെയ്യുന്നു എന്നാണ്. ഈ കത്തിന് മറുപടി അയച്ചില്ല എന്നത് വ്യക്തമാണ്, ഇവിടെ ഒരു അഡ്മിനിസ്ട്രേഷൻ ഇല്ല. ഇവിടെ ഭരണം പരാജയപ്പെടുകയാണ്. കാര്യങ്ങൾ നോക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിന് കഴിയുന്നില്ല. മുഖ്യമന്ത്രിയുടെ ഓഫീസിൽ മുഖ്യമന്ത്രിക്ക് ഒരു നിമിഷംപോലും വെറുതേയിരിക്കാൻ കഴിയുന്നില്ല. മുഖ്യമന്ത്രിയുടെ ഓഫീസിൽ പോയാൽ പൂരപ്പറമ്പുപോലെയാണ്. ഓഫീസിനകത്ത് കടന്നുകൂടണമെങ്കിൽ അനുഭവിക്കുന്ന പ്രയാസം പറയേണ്ട. ജനപ്രതിനിധികൾ തിക്കിയും തിരക്കിയും അതിനകത്ത് കയറേണ്ട അവസ്ഥയല്ലേ? മന്ത്രിമാർക്കുപോലും ഓഫീസിൽ കയറാൻ പറ്റുന്നുണ്ടോ? ഒരു മുഖ്യമന്ത്രിയുടെ ഓഫീസ് ഇങ്ങനെയാണോ പ്രവർത്തിക്കേണ്ടത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണം. 1995-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയപ്പോഴും അദ്ദേഹം ഇങ്ങനെയൊക്കെ ചെയ്തിരുന്നു. 100 ദിവസത്തെ ഒരു പരിപാടി പ്രഖ്യാപിച്ചിരുന്നു. അന്ന് 14 ജില്ലകളിലും ബഹുമാനപ്പെട്ട ആന്റണി ബഹുജനസമ്പർക്ക പരിപാടി നടത്തി. ആ ബഹുജന സമ്പർക്ക പരിപാടിയിൽ പങ്കെടുത്തവരാണ് ഇലക്ഷൻ വന്നപ്പോൾ ആദ്യം പോയി ശ്രീ. ആന്റണിക്കെതിരായി വോട്ട് ചെയ്തത്. ഇതുതന്നെയാണ് ഇത്തവണയും സംഭവിക്കാൻ പോകുന്നത്. 'പുത്തനച്ചി പുരപ്പുറം തൂക്കും'. അതാണ് ഇപ്പോൾ നടക്കുന്ന ജനസമ്പർക്കപരിപാടി. ശ്രീ. ഉമ്മൻചാണ്ടി അധികാരത്തിൽ വരുമ്പോൾ കെട്ടിക്കിടന്ന ഫയൽ എത്ര? 1,25,266. പുതിയ ഹർജികൾ 96,901. അതിൽ തീർത്തത് 42,152. പുതിയതായി വന്ന ഫയൽ 54,749. പ്രഖ്യാപിച്ച സമയത്ത് ഉണ്ടായിരുന്നതിനേക്കാൾ ഫയൽ കൂടി. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഫയലിന്റെ എണ്ണം 2,10,000 ആയി. ഇതാണ് ഫയൽ തീർക്കാൻ പുറപ്പെട്ട ഇവിടുത്തെ ഭരണത്തിൽ കണ്ടിരിക്കുന്ന രംഗം. മുഖ്യമന്ത്രി ധനസഹായം കൊടുത്തു എന്നാണ് പറയുന്നത്. ധനസഹായം കൊടുക്കാൻ മുഖ്യമന്ത്രി ജില്ലകളിൽ പോകേണ്ട കാര്യമുണ്ടോ? വില്ലേജാഫീസറെക്കൊണ്ട് ചെയ്യിപ്പിക്കാൻ കഴിയുന്ന കാര്യത്തിന് മുഖ്യമന്ത്രി എന്തിന് പോയി? സാമ്പത്തികസഹായം 6,152 ആളുകൾക്ക് കൊടുത്തു എന്നാണ് ഒരു ചോദ്യത്തിന് ഉത്തരം കിട്ടിയത്. ഒരു കോടി രൂപ കൊടുക്കാൻ വേണ്ടി ചെലവായത് എത്രയാണ്? ഒരു കോടി ഇരുപത്തിയൊമ്പതുലക്ഷം രൂപയാണ്. ഒരു കോടി രൂപയുടെ സഹായം കൊടുക്കാൻ ഒരു കോടി ഇരുപത്തിയൊമ്പത് ലക്ഷം രൂപ ചെലവാക്കിയ മന്ത്രിസഭയാണിത്. ഇവിടെ കണക്കുണ്ട്. പരസ്യത്തിന് 40,72,000 രൂപ, ഡോക്കുമെന്ററിക്ക് 5 ലക്ഷം രൂപ, ഒരു മിനിറ്റ് ചിത്ര പരസ്യത്തിന് 8,26,500 രൂപ, കൂടാതെ സമ്മേളന നടത്തിപ്പ് എന്നിവയെല്ലാംകൂടി ചേരുമ്പോൾ

1.00 P.M.] ഇത്ര വലിയ തുക ചെലവാക്കിയില്ലേ? പ്രതിച്ഛായ നന്നാക്കാൻ വേണ്ടി വരുന്ന ചെലവ് എത്രയാണ്? ഡൽഹിയിൽ പ്രതിച്ഛായ നന്നാക്കാൻ സൽക്കാരം കൊടുത്തില്ലേ? ആ സൽക്കാരത്തിനുണ്ടായ ചെലവ് എത്രയാണെന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. സൽക്കാര ചെലവ് 1,11,512 രൂപ. നമ്മുടെ മുഖ്യമന്ത്രി എന്തിനാണ് ഡൽഹിയിൽ പോയി ഡൽഹിയിലെ മലയാളികളല്ലാത്ത മാധ്യമപ്രവർത്തകർക്ക് മദ്യം വിളമ്പിയത്? ഒരു കോൺഗ്രസ്സുകാരനായ മുഖ്യമന്ത്രി അത് ചെയ്യാൻ പാടുണ്ടോ? ഈ സംസ്ഥാനത്ത് ഇന്നേവരെ മുഖ്യമന്ത്രിയായ ഒരാളും ചെയ്യാത്ത കാര്യമാണ് ശ്രീ. ഉമ്മൻചാണ്ടി ചെയ്തത്. ഇത് കേരളത്തിന് അപമാനം വരുത്തിവച്ചു എന്നുള്ള കാര്യം ശ്രീ. ഉമ്മൻചാണ്ടി ഹൃദയത്തിൽതൊട്ട് ഈ നിയമസഭയിൽ സമ്മതിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇവിടെയുള്ള മാധ്യമപ്രവർത്തകർക്ക് അടി, ലാത്തിഅടി. ഡൽഹിയിലെ പത്രക്കാർക്ക് മദ്യം. ഇതാണ് മുഖ്യമന്ത്രി സ്വീകരിച്ച സമീപനം. ഇവിടെ ശ്രീ. എ. കെ. ആന്റണി പോയി, ശ്രീ. ഉമ്മൻചാണ്ടിയെ മുഖ്യമന്ത്രിയാക്കി. ഇപ്പോൾ എന്താണ് അനുഭവം? വെളുക്കാൻ തേച്ചത് പാണ്ടായി. ഈ മന്ത്രിസഭ അധികാരത്തിൽ വരുന്നതോടുകൂടി എല്ലാ പ്രശ്നങ്ങളും തീരും, ഐക്യം ശക്തിപ്പെടുമെന്ന് പറഞ്ഞില്ലേ? മന്ത്രിസഭ രൂപീകരിച്ചപ്പോൾ ഐക്യ ജനാധിപത്യമുന്നണിയിൽ ഐക്യം കൂടിയോ? കോൺഗ്രസ്സിൽ ഐക്യം ശക്തിപ്പെട്ടോ? മന്ത്രിസഭ രൂപീകരിച്ചപ്പോൾ കാസർഗോഡിന് മന്ത്രിയില്ല. കണ്ണൂരിനില്ല, കോഴിക്കോടിനില്ല, പാലക്കാടിനില്ല. മലബാറിനെയാകെ അവഗണിച്ചു. ഇടുക്കിക്കും മന്ത്രിസ്ഥാനമില്ല. മലപ്പുറത്ത് 5 മന്ത്രിമാർ. മലപ്പുറത്തുപോയാൽ ഇപ്പോൾ മന്ത്രിമാരെ വഴിയിൽ തട്ടി നടക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഒരു ജില്ലയ്ക്ക് 5 മന്ത്രിമാർ. എങ്ങനെയാണ് ഈ മന്ത്രിസഭാ രൂപീകരണം നടത്തിയിരിക്കുന്നത്? അസംതൃപ്തി അപ്പുറത്ത് പതയുകയാണ്. അതുകൊണ്ടാണ് മന്ത്രിസഭ സത്യപ്രതിജ്ഞചെയ്തപ്പോൾ 36 എം.എൽ.എ.-മാർ ആ സത്യപ്രതിജ്ഞാ ചടങ്ങ് ബഹിഷ്ക്കരിച്ചത്. ലോകസഭാ തെരഞ്ഞെടുപ്പിന്റെ പരാജയം മനസ്സിലാക്കി കൊണ്ടാണ് ശ്രീ. എ. കെ. ആന്റണി രാജിവച്ചത് എന്നാണ് അദ്ദേഹംതന്നെ പറഞ്ഞത്. ഐക്യജനാധിപത്യമുന്നണി പരാജയപ്പെട്ടപ്പോൾ മുന്നണിക്ക് നേതൃത്വം കൊടുത്ത കക്ഷിയുടെ നേതാവായ ശ്രീ. എ. കെ. ആന്റണി രാജിവച്ചു. ഞാൻ ചോദിക്കട്ടെ, ഇവിടെ സെപ്റ്റംബർ മാസത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തണം. പഞ്ചായത്ത് തെരഞ്ഞെടപ്പിൽ ഈ മന്ത്രിസഭയ്ക്ക് പരാജയം

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചാൽ ശ്രീ. ഉമ്മൻചാണ്ടി രാജിവയ്ക്കുമോ? ഒരു മന്ത്രിസഭ അധികാരത്തിലിരിക്കുമ്പോൾ തെരഞ്ഞെടുപ്പിൽ തോറ്റ് രാജിവയ്ക്കുമെങ്കിൽ അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റാൽ ശ്രീ. ഉമ്മൻചാണ്ടി രാജിവയ്ക്കണ്ടേ? അപ്പുറത്ത് മന്ത്രിസ്ഥാനം പോയ ആളുകളൊക്കെ നിരാശരാണ്. തെക്കും വടക്കും നടക്കുകയാണ്. എനിക്ക് അവരോട് പറയാനുള്ളത് നിങ്ങളാരും നിരാശരാകേണ്ട, നമ്മൾ ഒത്തുപിടിച്ചാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോല്പിക്കാം. അപ്പോൾ നിങ്ങൾക്ക് വീണ്ടും മന്ത്രിമാരാകാം. അപ്പോൾ ഒരു തെരഞ്ഞെടുപ്പിൽ തോറ്റാൽ മന്ത്രിസ്ഥാനം പോകുക, വേറൊരു തെരഞ്ഞെടുപ്പിൽ തോറ്റാൽ വീണ്ടും മന്ത്രിസ്ഥാനം പോവുകയാണ്. ഇതെന്തൊരു ഭരണമാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്? കോൺഗ്രസ് (ഐ) യിലെ എം.എൽ.എ.മാരുടെ സ്ഥിതിയെന്താണ്? അപ്പുറത്തുള്ള കുറെ എം.എൽ.എ.മാർ ഈ ചർച്ചയിൽ പങ്കെടുക്കുന്നില്ല. അവരുടെ വായിൽ ക്ലിപ്പിട്ടിരിക്കുകയാണ്. അതുകൊണ്ട് ആരും മിണ്ടുന്നില്ല. കോൺഗ്രസ് (ഐ)യിലെ എം.എൽ.എ.മാർ ബഹിഷ്ക്കരിച്ച നന്ദിപ്രമേയ ചർച്ചയാണ് ഇവിടെ നടക്കുന്നത്. അവിടെയുള്ള ഒരു വിഭാഗത്തിന്റെ പിന്തുണ ശ്രീ. ഉമ്മൻചാണ്ടിക്കില്ല എന്ന പരസ്യമായ പ്രഖ്യാപനമല്ലേ ഇവിടെ നടന്നിരിക്കുന്നത്? കോൺഗ്രസ് (ഐ)യിലെ എം. എൽ. എ. മാർ മാത്രമല്ല, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പ്രസംഗവും ഗവൺമെൻറിന് എതിരാണ്. അദ്ദേഹം ഈ ഗവൺമെന്റിന് അനുകൂലമായി വോട്ട് ചെയ്യില്ല എന്നാണ് എനിക്ക് തോന്നുന്നത്. വോട്ടുചെയ്തുവെങ്കിൽ അത് മനസ്സാക്ഷിക്ക് വിരുദ്ധമായ വോട്ടായിരിക്കും. ശ്രീ. ടി.എം. ജേക്കബിന് ഈ ഗവൺമെന്റിന് അനുകൂലമായി വോട്ട് ചെയ്യാൻ സാധിക്കുമോ? ശ്രീ. ഷിബു ബേബിജോണിന് ഈ ഗവൺമെൻറിന് അനുകൂലമായി വോട്ട് ചെയ്യാൻ സാധിക്കുമോ? ഭരണകക്ഷികൾക്കുപോലും ഈ ഗവൺമെന്റിന് അനുകൂലമായി വോട്ട് ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷം ശ്രീ. ഉമ്മൻചാണ്ടി അധികാരത്തിൽ വന്ന ഈ ചുരുങ്ങിയ മാസം കൊണ്ടുണ്ടായി എന്നുള്ള കാര്യം നിങ്ങൾ അറിഞ്ഞിട്ടുണ്ടോ? അപ്പുറത്തിരിക്കുന്ന ഭരണകക്ഷിക്കകത്തുള്ള അടിപടിയുടെ കാര്യമാണ് ഇപ്പോൾ പുറത്തുവന്നത്. ഭരണംതന്നെ ഇപ്പോൾ നടക്കാത്ത സ്ഥിതിവിശേഷമുണ്ടായി. ഇവിടെ നയപ്രഖ്യാപനംപോലും യു. ഡി. എഫിൽ ചർച്ച ചെയ്തില്ല എന്നുള്ള ആക്ഷേപം വന്നു. അഴിമതി വ്യാപകമായി. പോലീസിൽ അഴിമതി നടക്കുന്നു എന്ന ആരോപണം ഉന്നയിച്ചതാരാണ്? സഖാവ് വി.എസ്. അച്ചുതാനന്ദനല്ല, ശ്രീ. കെ. കരുണാകരനാണ്. ഡിവൈ. എസ്. പി.മാരുടെ സ്ഥലംമാറ്റത്തിൽ അഴിമതി നടന്നിട്ടുണ്ട്, ഞാൻ തെളിവുനൽകാൻ തയ്യാറാണെന്ന് മുൻ മുഖ്യമന്ത്രി പറയുന്നു. ഇത് ഗൗരവത്തിലെടുക്കാൻ ഈ ഗവൺമെൻറ് സന്നദ്ധമാണോ? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായപ്പോൾ എ. കെ. ജി. സെന്ററിലുണ്ടായിരുന്ന ഭരണം ഞങ്ങൾ സെക്രട്ടേറിയറ്റിൽ എത്തിച്ചു എന്നാണ് പറഞ്ഞത്. എ.കെ.ജി. സെന്ററിൽ ഭരണം നടത്തുന്നതിന് ഇവിടെ കാരണമായി പറഞ്ഞതെന്തായിരിന്നു? സി. പി. എം. അധികാരത്തിൽ വരുമ്പോൾ പൊളിറ്റിക്കൽ സെക്രട്ടറിയെ നിശ്ചയിക്കുമെന്നാണ്. കോൺഗ്രസ് അധികാരത്തിൽ വന്നപ്പോൾ പൊളിറ്റിക്കൽ സെക്രട്ടറിയെ നിശ്ചയിച്ചില്ല എന്നുപറഞ്ഞ് അഭിമാനംകൊണ്ടു. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ പിറ്റേദിവസം ഡി.സി.സി.യുടെ പ്രസിഡന്റായിരുന്ന വാസുദേവശർമ്മ പൊളിറ്റിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയുടെ സ്ഥാനം ഏറ്റെടുത്തു. നിങ്ങൾ പറഞ്ഞതിന് വളരെ വിരുദ്ധമായിട്ടല്ലേ ചെയ്തത്? ഇപ്പോൾ ഭരണം കെ.പി.സി.സി. ഓഫീസിൽ എത്തിച്ചു. കെ.പി.സി.സി. ഓഫീസിൽ മന്ത്രിമാർ പോയി നിർദ്ദേശം സ്വീകരിക്കണമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ജില്ലകളിൽ പോകുമ്പോൾ ജില്ലകളിലെ ഡി.സി.സി. ഓഫീസിൽ പോയി നിർദ്ദേശം സ്വീകരിക്കണമെന്നാണ്. ഇവിടെ നടക്കുന്നത് പാർട്ടിയുടെ ഭരണമാണ്, കോൺഗ്രസ് ഭരണമാണ്. കോൺഗ്രസ് ഭരണമെന്നുപറഞ്ഞാൽ ഒരു ഗ്രൂപ്പിന്റെ ഭരണം. പുതിയൊരു ഗ്രൂപ്പ് കോൺഗ്രസ്സിൽ വന്നിരിക്കുന്നു, അതാണ് കോൺഗ്രസ് (ഒ. സി.) ഗ്രൂപ്പ്, കോൺഗ്രസ് (ഉമ്മൻചാണ്ടി) ഗ്രൂപ്പ്. ആ ഉമ്മൻചാണ്ടി ഗ്രൂപ്പിന്റെ കയ്യിലാണ് ഇപ്പോൾ ഭരണം എത്തിനിൽക്കുന്നത്. അതിന്റെ ഫലമാണ് ഇന്ന് അപ്പുറത്തുള്ളവരെല്ലാം അസംതൃപ്തരായി നടക്കുന്നത്. രാഷ്ട്രീയ ഇടപെടൽ നടത്തുന്നതിന് തെളിവല്ലേ ഏറ്റവും കുറഞ്ഞ ടെണ്ടറിൽ പരസ്യം നൽകിയത് കൈരളിയാണെന്ന് എഴുതിയതുകൊണ്ടാണ് ലോട്ടറി ഡയറക്ടറായിരുന്ന സുരേഷ്കുമാറിനെ മാറ്റിയത് എന്ന് മിനിഞ്ഞാന്ന് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞത്. ഒരു ഗ്രൂപ്പിന്റെ ഭരണമാണ് ഇവിടെ നടക്കുന്നത് എന്നതിനു തെളിവാണ് ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ നടത്തിയ പ്രസ്താവനയിലൂടെ വ്യക്തമായിരിക്കുന്നത്. ഇവിടെ അപ്പുറത്തുള്ള ആളുകൾ എന്തൊക്കെയോ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറയേണ്ട ഒരു പ്രധാന കാര്യമായിരുന്നില്ലേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് സെപ്റ്റംബർ മാസത്തിൽ ഇവിടെ തെരഞ്ഞെടുപ്പ് നടത്തണം. ഈ ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നില്ല. ഒരുവർഷക്കാലം ഈ ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ സുപ്രധാനമായ ഒരു ജനാധിപത്യ പ്രക്രിയ, ഇവിടെ നടക്കേണ്ടുന്ന കാര്യം വിസ്മരിച്ചതിൽ നിന്നും വ്യക്തമാകുന്നത് സെപ്റ്റംബറിൽ പഞ്ചായത്ത് ഇലക്ഷൻ നടത്താൻ പോകുന്നില്ല എന്നുള്ളതാണ്. സെപ്റ്റംബറിൽ ഇലക്ഷൻ നടത്തണമെങ്കിൽ വാർഡുകൾ വിഭജിക്കണം. വാർഡുകൾ വിഭിക്കണമെങ്കിൽ ഗവൺമെന്റ് ഓരോ പഞ്ചായത്തിലെയും വാർഡുകൾ എത്രയാണെന്ന് നോട്ടിഫൈ ചെയ്യണം. അതുചെയ്യാൻ നിങ്ങൾ സന്നദ്ധമായില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി മന്ത്രിസഭ 2000 സെപ്റ്റംബറിൽ ഇലക്ഷൻ നടത്തിയപ്പോൾ 2000 ഫെബ്രുവരി മാസത്തോടുകൂടി വോട്ടേഴ്സ് ലിസ്റ്റ് പുതുക്കലുൾപ്പെടെ എല്ലാ നടപടികളും പൂർത്തിയാക്കി കഴിഞ്ഞിരുന്നു. ഇപ്പോൾ അത് ചെയ്യാത്തതിൽ നിന്നും ഇവിടെ സെപ്റ്റംബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നില്ലെന്ന് വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. ഇവർക്ക് ജനങ്ങളെ ഭയമാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വിട്ടുപോയ മറ്റൊരു കാര്യം നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യമാണ്. ഒരു വർഷക്കാലത്തിനിടയിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഒരു തീരുമാനവും എടുക്കാൻ കഴിഞ്ഞില്ലെന്ന് വ്യക്തമായില്ലേ? നരേന്ദ്രൻ, നരേന്ദ്രൻ എന്ന് ലീഗുകാർ ഇവിടെ പറയുന്നു. നാല് ലീഗ് മന്ത്രിമാർകൂടി അംഗീകരിച്ച പ്രസംഗമല്ലേ ഇവിടെ ഗവർണ്ണർ നടത്തിയത്? ഈ നയപ്രഖ്യാപന പ്രസംഗത്തിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം ചേർക്കണമെന്ന് ലീഗിന്റെ നാലുമന്ത്രിമാരിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലുമൊരു മന്ത്രി പറഞ്ഞിട്ടുണ്ടോ? എന്തിനാണ് മുസ്ലീം ബഹുജനങ്ങളെ, പിന്നോക്ക സമുദായക്കാരെ നിങ്ങൾ ഇനിയും കബളിപ്പിക്കാൻ പോകുന്നത് എന്നുള്ളത് വ്യക്തമാക്കണം. നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ മറ്റൊരു കാര്യം ശമ്പള പരിഷ്കരണ നടപടിയാണ്. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം 2000-ൽ നടക്കേണ്ടതല്ലേ? ഇപ്പോൾ 34 മാസം കഴിഞ്ഞില്ലേ? ഇപ്പോൾ കമ്മിഷനെ നിശ്ചയിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് പറയുന്നു. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുമ്പോൾ ഒരു കമ്മിഷൻ വരും. പന്നീടുവരുന്ന ഗവൺമെൻറ് ആ ഭാരം ഏറ്റെടുത്തുകൊള്ളട്ടെ എന്നാണോ ഉദ്ദേശിക്കുന്നത്? ഇവിടെ വിലക്കയറ്റംകൊണ്ട് ജനജീവിതം പൊറുതിമുട്ടിക്കൊണ്ടിരിക്കുകയാണ്. പെട്രോൾ, ഡീസൽ ഇവയുടെ വില വർദ്ധിച്ചു. ജനജീവിതം ദു:സ്സഹമായി. ഈ സാഹചര്യത്തിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കേണ്ടത് ആവശ്യമാണ്. അത് നീണ്ടുപോകുന്നുണ്ടെങ്കിൽ അവർക്ക് ഇടക്കാല ആശ്വാസം കൊടുക്കണം. അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് ചെയ്തതുപോലെ ഡി.എ.യുടെ 50% ശമ്പളത്തിൽ ലയിപ്പിക്കണം. അതൊന്നും ചെയ്യാൻ തയ്യാറാകാതെ സർക്കാർ ജീവനക്കാരുടെ കണ്ണിൽ പൊടിയിടാൻ നടത്തിയിട്ടുള്ള വെറുമൊരു പ്രഖ്യാപനമാണ് ശമ്പള പരിഷ്കരണത്തെക്കുറിച്ചുള്ള ഈ പ്രഖ്യാപനം. മറ്റൊരു കാര്യം കൂടി സൂചിപ്പിക്കേണ്ടതായിട്ടുണ്ട്. വളരെ അപകടകരമായ രാഷ്ട്രീയ സ്ഥിതിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം പോകുകയാണ്. ഇവിടെയൊരു പുതിയ മുദ്രാവാക്യം ഉണ്ടായിരിക്കുന്നു. ആദിവാസികൾ മുതൽ നമ്പൂതിരിമാർ വരെയുള്ളവർ ഒന്നിക്കണം. എന്നിട്ട് മതന്യൂനപക്ഷങ്ങൾക്ക് എതിരായിട്ട് ഒരു യുദ്ധം നടത്തണം. എസ്.എൻ.ഡി.പി., എൻ. എസ്. എസ്. ഐക്യം എന്ന പേരു പറഞ്ഞുകൊണ്ട് ഒരു ജാതിധ്രുവീകരണത്തിനുവേണ്ടി, ഒരു യുദ്ധത്തിനു വേണ്ടി തയ്യാറെടുക്കുകയാണ്. ഇതു സംസ്ഥാനത്തിന്റെ സാമുദായിക അന്തരീക്ഷത്തെ മലീമസമാക്കുമെന്നു മനസ്സിലാക്കി ആ രാഷ്ട്രീയ നിലപാടിനെതിരായി ശക്തമായ സമീപനം സ്വീകരിക്കാൻ മന്ത്രിസഭയ്ക്ക് എന്തുകൊണ്ട് സാധിച്ചില്ല? അപ്പുറത്തിരിക്കുന്ന ആളുകൾ കഴിഞ്ഞ രണ്ടു ദിവസമായി കുറെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് അഴിമതിയുടെ ദുർഗന്ധം പുറത്തു വന്നിരിക്കുകയാണ്. എന്താണ് ഈ സ്മാർട്ട് സിറ്റിയെക്കുറിച്ച് പുറത്തുവന്നിരിക്കുന്ന വിവരങ്ങൾ? സ്മാർട്ട് സിറ്റി പൂർത്തിയാകുമ്പോൾ അപ്പുറത്തുള്ള പലരും സ്മാർട്ടാകും. ഇത് ആരെ സ്മാർട്ടാക്കാനാണ്? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ സ്വീകരിച്ച നിലപാട്, അവർക്ക് സ്ഥലം വേണമെങ്കിൽ പൈസ കൊടുത്ത് വാങ്ങട്ടെ എന്നാണ്. ആ നിലപാട് എന്തുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി മാറ്റാൻ തയ്യാറായി? ഉത്തരം പറയണം. ഈ ഗവൺമെന്റിനു ഒരു കാര്യത്തിലും ഒരു നിലപാട് സ്വീകരിക്കുവാൻ കഴിയുന്നില്ല. ഒന്നു പറയും മറ്റൊന്ന് ചെയ്യും. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പറഞ്ഞു എസ്. എസ്. എൽ. സിക്ക് ഈ വർഷം ഗ്രേഡിംഗ് ഇല്ല എന്ന്. ശ്രീ. ഉമ്മൻചാണ്ടി വന്നപ്പോൾ പറഞ്ഞു ഈ വർഷം ഗ്രേഡിംഗ് ഉണ്ട് എന്ന്. ഇങ്ങനെ ഒരു കാര്യത്തിലും ഒരു വ്യക്തതയില്ലാത്ത ഒരു മന്ത്രിസഭയാണ് നമ്മുടെ മന്ത്രിസഭ. ലോട്ടറി നിരോധിക്കുമെന്നു പറഞ്ഞു, ഇപ്പോൾ നിരോധിക്കില്ല എന്നു പറയുന്നു. മുഹമ്മദ് ബിൻ തുഗ്ലക്ക് ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, ശ്രീ. ഉമ്മൻചാണ്ടിയുടെ കാലിൽ കെട്ടിപ്പിടിച്ച് "നീ എന്നെ തോൽപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കളഞ്ഞല്ലോ കൊച്ചു കള്ളാ'' എന്നു പറയുമായിരുന്നു. ഇങ്ങനെയൊരു മന്ത്രിസഭ ഭൂലോകത്ത് എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ബഹുമാന്യനായ എം. എം. ഹസ്സൻ ഞങ്ങളെക്കുറിച്ച് ചില ആക്ഷേപങ്ങളൊക്കെ ഇവിടെ പറഞ്ഞു. എ.കെ.ജി. സെന്ററിൽ എന്തോ ഗവേഷണം നടക്കുന്നുവെന്ന്. എ.കെ.ജി. സെന്ററിനോട് അനുബന്ധിച്ച് ഒരു പഠന ഗവേഷണ കേന്ദ്രമുണ്ട്. മാർക്സിസം-ലെനിനിസത്തെക്കുറിച്ച് പഠനം നടത്താനുള്ള സംവിധാനമാണ് അവിടെയുളളത്. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞപ്പോൾ എനിക്ക് ഓർമ്മ വന്നത്, കെ.പി.സി.സി. ഓഫീസിനെക്കുറിച്ച് ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞ കാര്യമാണ് .അത്തരം കാര്യങ്ങളൊന്നും എ.കെ.ജി. സെന്ററിലില്ല. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞത് എന്താണെന്നോ, കെ.പി.സി.സി. ആസ്ഥാനമായ ഇന്ദിരാ ഭവനിൽ പ്രസിഡന്റിന്റെ മുറിയോടു ചേർന്ന് ഒരു പ്രത്യേക മുറിയുണ്ട്. അതു പുറമെ നിന്നും നോക്കിയാൽ ആർക്കും കാണാൻ കഴിയില്ല. പക്ഷെ ആലിബാബയും 41 കള്ളന്മാരും എന്ന സിനിമയിൽ പറയുന്നതു പോലെ പറഞ്ഞാൽ വാതിൽ തുറക്കും. ''അള്ളാ കാ കസം അബൂക്കാഹുക്കും, തുറക്കൂ അസീസേ വാതിൽ'' അങ്ങനെയുള്ള വാതിൽ ഒന്നും എ.കെ.ജി.സെന്ററിൽ ഇല്ല. അതുകൊണ്ട് ഇത്തരത്തിലുള്ള പരാമർശനങ്ങൾ നമ്മുടെ പരമോന്നതമായ നിയമസഭയിൽ നടത്തേണ്ട കാര്യമുണ്ടോ എന്നു ശ്രീ. എം. എം. ഹസ്സൻ ഒന്നു ആലോചിക്കുന്നതു നല്ലതാണെന്നു മാത്രമേ അതിനെക്കുറിച്ച് എനിക്ക് പറയാനുളളു. ഞങ്ങളുടെ പാർട്ടിയിൽ കുഴപ്പമാണെന്നും മലപ്പുറത്ത് പ്രശ്നമാണെന്നും പറഞ്ഞുകൊണ്ട് ഇവിടെ ചില ആളുകൾ പ്രസംഗിച്ചു. ശ്രീ.കെ. എൻ. എ ഖാദർ, നിങ്ങൾ മലപ്പുറത്ത് മാത്രമല്ല മെക്കയിൽ പോയി സമ്മേളനം നടത്തിയാലും മാർക്സിസ്റ്റുകാർ രക്ഷപ്പെടുകയില്ലാ എന്നാണ് പറഞ്ഞത്. ശ്രീ. കെ. എൻ. എ. ഖാദറിന്റെ പ്രസംഗം കേട്ടാൽ തോന്നും മെക്ക മുഴുവൻ മുസ്ലീം ലീഗുകാരാണെന്ന്. ഇങ്ങനെയൊരു പ്രയോഗം നടത്താൻ പാടുണ്ടോ? മെക്ക ഒരു പരിശുദ്ധമായ സ്ഥലമാണ്. ആ സ്ഥലത്തെക്കുറിച്ച് ശ്രീ. കെ. എൻ. എ. ഖാദറിനു ബഹുമാനമില്ലെങ്കിലും ഞങ്ങൾക്കു ബഹുമാനമുണ്ട്. ആ മെക്കയുടെ പേരുപോലും ഇതിലേക്കു വലിച്ചിഴയ്ക്കാൻ കാരണമെന്താണ്? അത്രമാത്രം അസഹിഷ്ണുതയാണ് സി. പി. എം. എന്നു കേൾക്കുമ്പോൾ അപ്പുറത്തുള്ള ആളുകൾ സ്വീകരിക്കുന്ന സമീപനം എന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ ഇത്? സി. പി .എം.-ൽ കുഴപ്പമാണെന്നു പറഞ്ഞു കൊണ്ട് കഴിഞ്ഞ രണ്ടു ദിവസമായി ഇവിടെ പ്രചരണം നടത്തുകയാണ്. ഞങ്ങൾ ചോദിക്കട്ടെ, അപ്പുറത്തുള്ള ഏതു പാർട്ടിയിലാണ് ആഭ്യന്തര ജനാധിപത്യമുള്ളത്? ഞങ്ങളുടെ പാർട്ടിയിൽ എല്ലാ വിധത്തിലുള്ള സമ്മേളനങ്ങളും നടക്കുന്നുണ്ട്. ബ്രാഞ്ച് സമ്മേളനം, ലോക്കൽ സമ്മേളനം, ഏരിയാ സമ്മേളനം, ജില്ലാ സമ്മേളനം എല്ലാം നടക്കുന്നുണ്ട്. ഈ സമ്മേളനങ്ങളിലെ ഒരു അജണ്ടയാണ് തെരഞ്ഞെടുപ്പ്. തെരഞ്ഞെടുപ്പിനു വേണ്ടിയല്ല സമ്മേളനം ചേർന്നത്. വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടായാൽ ഭൂരിപക്ഷത്തിന്റെ തീരുമാനം പാർട്ടിയുടെ തീരുമാനമായി മാറും. ജനാധിപത്യ പ്രക്രിയ ശക്തമായി നടത്തുന്നതിനെയാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഇവർ പാർട്ടിയിൽ കുഴപ്പം എന്നു പറയുന്നത്. ഇവർ ഇത്രയും കാലം പറഞ്ഞു സി. പി. എം.-യിൽ ജനാധിപത്യം ഇല്ലെന്ന്. ഇപ്പോൾ പറയുന്നു ജനാധിപത്യം ഉണ്ടെന്ന്. അപ്പുറത്തെ പാർട്ടിയിൽ ജനാധിപത്യം ഉണ്ടോ? മുസ്ലീം ലീഗിൽ നയം ആരാണ് തീരുമാനിക്കുന്നത്? പാണക്കാട് മുഹമ്മദ് അലി ശിഹാബ് തങ്ങൾ. മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡിന്റ് ഇപ്പോൾ ആരാണ്? പാണക്കാട് മുഹമ്മദ് അലി ശിഹാബ് തങ്ങൾ. അനുജൻ ഉമർ അലി ശിഹാബ് തങ്ങൾ വഖഫ് ബോർഡിന്റെ ചെയർമാൻ. മറ്റൊരു അനുജൻ ഹൈദർ അലി ശിഹാബ് തങ്ങൾ മലപ്പുറം ജില്ലാ പ്രസിഡന്റ്. വേറൊരു അനുജൻ സാദിഖ് അലി ശിഹാബ് തങ്ങൾ യൂത്ത് ലീഗിന്റെ പ്രസിഡന്റ്. വേറൊരു മകൻ അബ്ബാസ് അലി ശിഹാബ് തങ്ങൾ എസ്. കെ. എസ്. എസ്.എഫ്.-ന്റെ പ്രസിഡന്റ്.വേറൊരു മകൻ മുൻവർ അലി ശിഹാബ് തങ്ങൾ 'ട്രസ്റ്റ്' എന്നു പറയുന്ന സാംസ്ക്കാരിക സംഘടനയുടെ പ്രസിഡന്റ്. വേറൊരു മകൻ ബഷീർ അലി ശിഹാബ് തങ്ങൾ ഇ.എം.എ.-യുടെ പ്രസിഡന്റ്. മുസ്ലീം ലീഗിന് ബാല സംഘമില്ല. ഉണ്ടെങ്കിൽ ആ വീട്ടിലെ ഒരു കുട്ടിയെ ബാലസംഘത്തിന്റെ പ്രസിഡന്റ് ആക്കും. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്നു പറയുന്ന പാർട്ടി കൊടപ്പനയ്ക്കൽ പ്രൈവറ്റ് കമ്പനി ലിമിറ്റഡ് ആയില്ലേ? ആ കമ്പനിയുടെ എം.ഡി. ആയി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ നിശ്ചയിക്കുകയും ചെയ്യും. ഈ പാർട്ടിയാണ് ഞങ്ങളുടെ പാർട്ടിയെ ജനാധിപത്യം പഠിപ്പിക്കാൻ വേണ്ടി പുരപ്പുറത്ത് കയറിയിരിക്കുന്നത്. കോൺഗ്രസ്സ് പാർട്ടിക്കകത്ത് ജനാധിപത്യമുണ്ടോ? കോൺഗ്രസ്സ് പാർട്ടിയിൽ സംഘടനാ തെരഞ്ഞെടുപ്പ്......................(ബഹളം)................

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. ഡെപ്യൂട്ടിസ്പീക്കർ: What is your Point of Order?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നിയമസഭയിൽ അന്യോന്യം രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡെലിബറേഷൻസ് ധാരാളം നടക്കുകയും ചെയ്യാറുണ്ട്. വ്യക്തിപരമായി ഒരു സമുന്നതനായ നേതാവിനെ, അദ്ദേഹത്തിന്റെ കുടുംബ പേരു പറഞ്ഞ് മോശമായി ചിത്രീകരിക്കുന്നതും അങ്ങനെ സംസാരിക്കുന്നതും റൂളിനു വിരുദ്ധമാണ്. അതുകൊണ്ട് അതു എക്സ്പഞ്ച് ചെയ്യണം. റൂൾ 307 അനുസരിച്ച് അതു രേഖയിൽ കാണാൻ പാടില്ല. മാത്രമല്ല ശ്രീ. കോടിയേരി ബാലകൃഷ്ണൻ സത്യസ്ഥിതി അംഗീകരിക്കുമെങ്കിൽ അങ്ങ് ഇങ്ങനെയൊരു പരാമർശം നടത്തിയതിന് മാപ്പു പറയുക കൂടി ചെയ്യേണ്ടതാണ്. അതു എക്സ്പഞ്ച് ചെയ്യുന്നതിനു വേണ്ടിയുള്ള റൂളിംഗ് ഉണ്ടാകണം.

†മി. ഡെപ്യൂട്ടി സ്പീക്കർ: അതു പരിശോധിക്കുന്നതാണ്.

†ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ല. (Vide file No.79/EB/05/Leg. dt. 7-2-2005)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ....(ബഹളം)............കഴിഞ്ഞ രണ്ടു ദിവസമായി അപ്പുറത്തുള്ള ആളുകൾ ഞങ്ങളുടെ പാർട്ടിയിലെ നേതാക്കന്മാരെപ്പറ്റി പറഞ്ഞ കാര്യങ്ങളൊക്കെ അങ്ങ് പരിശോധിക്കുമല്ലോ? സഖാവ് വി. എസ്. അച്ചുതാനന്ദനെ ഗോർബച്ചേവായിട്ടുപോലും ഉപമിച്ചില്ലേ? ഇത്തരം വിമർശനങ്ങൾ നടത്തുന്ന ഇവർ പറഞ്ഞ എല്ലാ കാര്യങ്ങളും ഞങ്ങൾ കേട്ടുകൊണ്ടിരിന്നില്ലേ? അങ്ങോട്ടു പറയുമ്പോൾ സഹിഷ്ണുതയോടുകൂടി അതു കേൾക്കാനുള്ള മനോഭാവം നിങ്ങൾക്കും ഉണ്ടാകണം. സി.പി.ഐ.(എം.)-ന് അകത്ത് സംഘടനാ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ, ആ സംഘടനാ തെരഞ്ഞെടുപ്പിനെ അപഹസിച്ചുകൊണ്ട് സംസാരിക്കുന്നവർ, അവരുടെ പാർട്ടിയിൽ ജനാധിപത്യം ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്? കോൺഗ്രസ്സ് പാർട്ടിയിൽ ഇലക്ഷൻ നടത്തിയിട്ട് എത്ര കാലമായി? കോൺഗ്രസ്സ് പാർട്ടിയിലെ തെരഞ്ഞെടുപ്പ് ഗണപതിയുടെ കല്യാണം പോലെയാണ്. കോൺഗ്രസ്സ് പാർട്ടിയിൽ സംഘടനാ തെരഞ്ഞെടുപ്പ് നടത്തിയത് എപ്പോഴാണെന്നറിയാമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു കുട്ടി ജനിക്കുന്നതിനുമുമ്പായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിങ്ങളുടെ ഇലക്ഷനും ഞങ്ങളുടെ സെലക്ഷനും രണ്ടും തുല്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സി.പി.എം. ആഭ്യന്തര ജനാധിപത്യമുള്ള ഒരു പാർട്ടിയാണ്. അതു സംബന്ധിച്ച് ഇവിടെ കഥകൾ ഉണ്ടാക്കി പ്രചരിപ്പിച്ച് സി.പി.എം.-ൽ കുഴപ്പമാണെന്നു വരുത്തേണ്ടതു അവരുടെ ആവശ്യമാണ്. അതവർ ചെയ്തു കൊള്ളട്ടെ. അവരുടെ പാർട്ടിയിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ് സി.പി.ഐ.(എം.)

മി. ഡെപ്യൂട്ടി സ്പീക്കർ: അതവരുടെ ജോലിയാണല്ലോ? അതു രാഷ്ട്രീയ പാർട്ടികളുടെ ലക്ഷ്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങളുടെ പാർട്ടി വല്ലാത്ത ഒരു പാർട്ടിയാണ്. അതുകൊണ്ടുതന്നെ അപ്പുറത്തുള്ള ആളുകൾ ഈ വിമർശനങ്ങൾ നടത്തിയതുകൊണ്ടോ കുറെ പത്രക്കാർ ഞങ്ങൾക്കെതിരായി ചാടിയതുകൊണ്ടോ സി.പി.ഐ.(എം.) കേരളത്തിൽ തകരാൻ പോകുന്നില്ല. അതിന്റെ ശക്തിയാണ് കേരളത്തെ ഇന്നത്തെ രൂപത്തിൽ നിർത്തിയിരിക്കുന്നത്. നിങ്ങളുടെ അന്ധമായ മാർക്സിസ്റ്റ് വിരോധം ഉപേക്ഷിക്കണം. കമ്മ്യൂണിസ്റ്റു വിരുദ്ധ രാഷ്ട്രീയം ഇനി ഇന്ത്യൻ രാഷ്ട്രീയത്തിൽ നടപ്പാക്കാൻ സാധിക്കുകയില്ല. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാത്ത ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയത്. അതുകൊണ്ട് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

VIII. വ്യക്തിപരമായ വിശദീകരണം

ശ്രീ. എ. എൻ. രാജൻ ബാബു: സർ, കഴിഞ്ഞ ദിവസം ശ്രീ. കോവൂർ കുഞ്ഞുമോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ എന്നെക്കുറിച്ച് വ്യക്തിപരമായ പരാമർശം നടത്തിയത് സംബന്ധിച്ച് ഞാൻ പേഴ്സണൽ എക്സ്പ്ലനേഷന് നോട്ടീസ് കൊടുത്തിട്ടുണ്ടായിരുന്നു. അതനുവദിക്കണം. അദ്ദേഹം പറഞ്ഞത് സുനാമി ദുരന്തം നടന്ന സമയത്ത് ഞാൻ സ്ഥലത്തില്ലായിരുന്നു എന്നാണ്. എറണാകുളത്തുണ്ടായിരുന്ന ഞാൻ ഇതറിഞ്ഞ് രണ്ട് മണിക്കൂറിനുളളിൽ മുഖ്യമന്ത്രിയോടൊപ്പം അവിടെ എത്തിയതാണ്. അതിനുശേഷം അന്ന് കുന്നുകൂടിയ മൃതശരീരങ്ങൾ മോർച്ചറിയിലാക്കുന്നില്ലെന്നും പറഞ്ഞ് അവിടെ ജനങ്ങൾ സമരം ചെയ്തപ്പോൾ തിരുവല്ല, കോഴഞ്ചേരി, റാന്നി, മല്ലപ്പളളി, കൊട്ടാരക്കര മുതലായ എല്ലാ പ്രദേശങ്ങളിലേയും മോർച്ചറിയിലേയ്ക്ക് മൃതശരീരങ്ങൾ മാറ്റുന്നതിനുവേണ്ടിയുളള പ്രവർത്തനം നടത്തിയതാണ്. അദ്ദേഹം പറയുന്നത് ജനകീയ പ്രശ്നങ്ങളിൽ നിന്ന് ഞാൻ ഒളിച്ചോടി എന്നാണ്. കരുനാഗപ്പളളി നിയോജക മണ്ഡലത്തിൽ രണ്ട് പ്രാവശ്യം ഒഴിച്ച് ബാക്കി എല്ലാ സമയത്തും എല്ലാ മന്ത്രിമാരും എം.എൽ.എ.-മാരും എൽ.ഡി.എഫ്.-ലുളള സി.പി.ഐ.-ക്കാരും ഉണ്ടായിരുന്നു. ഇത്രയുംകാലം നടത്തിയിട്ടില്ലാത്ത പുരോഗമന പ്രവർത്തനങ്ങൾ ആ മണ്ഡലത്തിൽ നടത്തിയിട്ടുണ്ട്. ഹൈക്കോടതിയിൽ സ്റ്റേ ചെയ്തു കിടക്കാതെ ഈ ഗവൺമെന്റ് വന്ന് ആറ് മാസത്തിനകം പന്ത്രണ്ടരക്കോടി രൂപ ചെലവ് വരുന്ന അഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങാൻ പരിശ്രമിച്ചത് എം.എൽ.എ. എന്ന നിലയിൽ ഞാനാണ്. അതുപോലെ മൂന്നു കോടി രൂപ കൊടുത്തതും എഞ്ചിനീയറിംഗ് കോളേജിന്റെ പണി ആരംഭിച്ചതും ഈ ഗവൺമെന്റിന്റെ കാലത്താണ്. (ബഹളം)............. ഞാൻ കോടതിയിൽ പോകുന്ന എന്നുള്ളതാണ് പറയുന്നത്. അഭിഭാഷകവൃത്തി എന്റെ സേവനരംഗമാണ്. രാഷ്ട്രീയം തൊഴിലാക്കാൻ ഞാൻ പഠിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. സമരത്തിന്റെ കാര്യം.........................(ബഹളം).................

ഡെ. സ്പീക്കർ: അത് പറഞ്ഞല്ലോ..............

ശ്രീ. എ. എൻ. രാജൻ ബാബു: അന്ന് ഞാൻ യു.ഡി.എഫ്. യോഗത്തിൽ സംബന്ധിക്കുകയായിരുന്നു. കെ. എസ്. ആർ. ടി. സി. സമരത്തെക്കുറിച്ച് ഒരു മണിക്ക് വിവരമറിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ച് പറയുകയും അവിടെ നിന്ന് റിക്കാർഡുകൾ കൊണ്ടുപോയത് കരുനാഗപ്പളളി കെ. എസ്. ആർ. ടി. സി. ഓഫീസിൽ തിരിച്ചുകൊടുക്കാൻ ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഉത്തരവിടുകയും ആ ഉത്തരവുകൊണ്ട് ആ പ്രശ്നം പരിഹരിക്കുകയുമാണുണ്ടായത്. അതുകൊണ്ട് അദ്ദേഹത്തിന്റെ അടിസ്ഥാനരഹിതമായ പരാമർശങ്ങൾ എക്സ്പഞ്ച് ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. ഡെ. സ്പീക്കർ: ശരി.

ശ്രീ. കെ. എൻ. എ. ഖാദർ: ഞാൻ പേഴ്സണൽ എക്സ്പ്ലനേഷൻ എഴുതി കൊടുത്തിട്ടുണ്ട്..................................(ബഹളം)...............................

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പേഴ്സണൽ എക്സ്പ്ലനേഷന് എഴുതി തന്നിട്ടില്ല. അത് നീക്കം ചെയ്യണമെന്നേ പറഞ്ഞിട്ടുളളൂ. അത് പരിശോധിക്കാൻ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

IX. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ജനുവരി മാസം 27-ാം തീയതി ഈ സഭയിൽ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തെക്കുറിച്ച് കഴിഞ്ഞ മൂന്നു [1.30 pm.] ദിവസം നടന്ന ചർച്ചകളിൽ പങ്കെടുത്ത എല്ലാ പേരോടും ഞാൻ നന്ദി പറയുകയാണ്. ഈ ചർച്ചയിൽ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ പ്രായോഗികമായി സ്വീകരിക്കാവുന്ന നിർദ്ദേശങ്ങളൊക്കെ ഗവൺമെന്റ് സ്വീകരിക്കും. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിമർശനം നടത്തിയവരുണ്ട്. ആ വിമർശനങ്ങളിലെ നന്മയും കാണാൻ ഗവൺമെന്റ് പരമാവധി ശ്രമിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം അഞ്ച് പ്രാവശ്യം പ്രതിപക്ഷ നേതാക്കളുമായി ചർച്ച ചെയ്തു. ഗവൺമെന്റിനെ അനുകൂലിക്കുന്നവരുടെ മാത്രമല്ല ഗവൺമെന്റിനെ എതിർക്കുന്നവരുടെ അഭിപ്രായത്തേയും അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി കാണണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതുകൊണ്ടുതന്നെ ഈ ചർച്ചയിൽ വിമർശന രൂപത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളിൽ എവിടെയെങ്കിലും കുറവ് വന്നിട്ടുണ്ടോ, പോരായ്മകൾ വന്നിട്ടുണ്ടോ ഉണ്ടെങ്കിൽ അത് തിരുത്താൻ നിങ്ങളുടെ വിമർശനങ്ങൾ സഹായകരമായിത്തീർന്നു എന്നനിലയിൽത്തന്നെ അതിനെ സ്വീകരിക്കുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞാൻ ഈ സ്ഥാനത്തേയ്ക്ക് വന്ന പ്രത്യേക സാഹചര്യം എല്ലാപേർക്കും അറിയാം. ശ്രീ. എ. കെ. ആന്റണി രാജിവെച്ചു മാറിയ സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ് എ. കെ. ആന്റണി ഗവൺമെന്റിന്റെ തുടർച്ച തന്നെയാണ്. 2001-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾക്ക് മുന്നിൽ യു.ഡി.എഫ്. ഇറക്കിയിട്ടുള്ള പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻവേണ്ടി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തിയ ആ പ്രവർത്തനങ്ങൾ തുടരുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. വികസന അജണ്ടയായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് മുഖ്യമായി മുന്നോട്ടു വച്ചത്. ആ വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് മൂന്ന് വർഷം നടത്തിയിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ മുന്നിൽ സമയം വളരെ പരിമിതമാണ്. അതുകൊണ്ടുതന്നെ പരിമിതമായ സമയത്തിനുള്ളിൽ യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറ്റാൻ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കാൻ എത്രമാത്രം കഴിയുമെന്നുള്ളതാണ് നമ്മളെ സംബന്ധിച്ചിടത്തോളമുള്ള മുഖ്യപ്രശ്നം. നൂറ് ദിവസത്തേയ്ക്ക് ഒരു പരിപാടി തയ്യാറാക്കി ആ പരിപാടിയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചുവെന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. പക്ഷേ ചുരുങ്ങിയ സമയമേ നമ്മുടെ മുമ്പിലുള്ളൂവെന്നുള്ള ഉത്തമ ബോദ്ധ്യത്തോടുകൂടി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടിയുള്ള ഒരു പരിപാടിയാണ് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങി വച്ച കാര്യങ്ങൾ പൂർത്തീകരിക്കുക, ഗവൺമെന്റിന്റെ ഭരണയന്ത്രം പരമാവധി വേഗത്തിൽ ചലിപ്പിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുക എന്നുള്ളതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നൂറ് ദിവസത്തെ പരിപാടിയുടെ വിജയം നമുക്ക് ആത്മവിശ്വാസമുണ്ടാക്കിയിട്ടുണ്ട്. നൂറ് ദിവസത്തെ കർമ്മ പരിപാടിയുടെ വിജയത്തിന്റെ ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

നേട്ടമായി അവകാശപ്പെടുന്നത് ഇതുമാത്രമാണ്. കാരണം ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ, ആ തീരുമാനം നടപ്പിലാക്കാൻ തീരുമാനിച്ചാൽ അത് ജനങ്ങളുടെ സഹകരണത്തോടെ, ഉദ്യോഗസ്ഥൻമാരുടെ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കാൻ സാധിക്കുമെന്നൊരു ഉത്തമ വിശ്വാസം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. കെട്ടിക്കിടക്കുന്ന ഫയലുകളിൽ 76.47 ശതമാനത്തോളം തീർപ്പ് ആക്കാൻ സാധിച്ചു. ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞു ഫയലുകളുടെ എണ്ണം വർദ്ധിച്ചുവെന്ന്. അങ്ങ് പറഞ്ഞത് ശരിയാണ്. ഫയലുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഫയലുകൾ ഇല്ലാത്ത ഒരു സെക്രട്ടേറിയറ്റ് എന്നുള്ളതല്ല ഞങ്ങളുടെ ലക്ഷ്യം. ജനങ്ങളുടെ പ്രശ്നങ്ങൾ സെക്രട്ടേറിയറ്റിൽ വളരെ നാളുകൾ കെട്ടിക്കിടക്കരുതെന്നുള്ളതാണ് ലക്ഷ്യം. അല്ലാതെ ഞങ്ങളങ്ങോട്ട് വന്ന് ഫയലുകളെല്ലാം തീർത്ത് ഫയൽരഹിത സെക്രട്ടേറിയറ്റാക്കുക അങ്ങനെയുള്ള പരിപാടിയൊന്നുമല്ല. അതിനുവേണ്ടി ആഗസ്റ്റ് 31-ാം തീയതിവരെയുള്ള ഫയലുകളെടുത്ത് ആ ഫയലുകളിൽ തീർപ്പുകൽപ്പിക്കാൻ സാധിക്കുന്ന ഫയലുകൾ, കോടതി തടസ്സമുള്ള, പ്രായോഗിക ബുദ്ധിമുട്ടുള്ള, തീരുമാനമെടുത്താൽ ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാകുന്ന ഫയലുകൾ മാറ്റിവയ്ച്ചു. ബാക്കിയുള്ള ഫയലുകളെല്ലാം സമയബന്ധിതമായി തീർക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 76.47 ശതമാനം ഫയലുകൾ തീർപ്പാക്കാൻ സാധിച്ചു.

ഈ 100 ദിവസങ്ങൾക്കുള്ളിൽ ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുംകൂടി 19,976 പോസ്റ്റുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു. ഇതൊക്കെ വലിയ കാര്യമാണോ എന്ന് ചോദിച്ചാൽ വലിയ കാര്യമല്ല. പക്ഷേ നമ്മുടെ നാട്ടിൽ ഇതിനുമുമ്പുള്ള കാര്യങ്ങൾ വച്ച് നോക്കുമ്പോൾ വലിയ കാര്യമാണ്. 620 ഡോക്ടർമാരെ ഈ കാലാവധിക്കുള്ളിൽ സെലക്ട് ചെയ്ത് റൂറൽ സർവ്വീസിനുവേണ്ടി അവരെ നിയോഗിച്ചു. 2209 ടീച്ചേഴ്സിനെ ഹയർ സെക്കന്ററി സ്കൂളുകളിൽ നിയമിച്ചു. ഇങ്ങനെയുള്ള കാര്യങ്ങൾ ഈ 100 ദിവസങ്ങൾക്കുള്ളിൽ ചെയ്യാൻ സാധിച്ചു. ഈ 100 ദിവസത്തെ ആത്മവിശ്വാസത്തോടെയാണ് ഈ ഒരു വർഷത്തെ പരിപാടിക്ക് രൂപം കൊടുത്തത്. അതിവേഗം ബഹുദൂരം. അതിവേഗത്തിൽ പോയാലേ ബഹുദൂരത്തിൽ എത്താൻ സാധിക്കുകയുള്ളൂ. ഞങ്ങളുടെ മുൻപിൽ കുറഞ്ഞ സമയംകൊണ്ട് നടപ്പിലാക്കേണ്ട കാര്യങ്ങൾ വളരെയേറെയുണ്ട്. അതുകൊണ്ടാണ് ഈ ഒരു വർഷത്തെ പരിപാടിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഈ ജനുവരി മാസം 1-ാം തീയതി മുതൽ ആരംഭിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. ആ സമയത്താണ് നമ്മുടെ നാടിനെ ഏറ്റവുമധികം നടുക്കിയ സുനാമി ദുരന്തം ഉണ്ടായത്. അതുകൊണ്ട് അത് മാറ്റി വച്ചു. ഗവർണ്ണറുടെ സ്പീച്ച് കഴിഞ്ഞ ബഡ്ജറ്റും വരാൻ പോകുന്നു. അതുകൂടി കഴിഞ്ഞതിനുശേഷം ഈ ഒരു വർഷത്തെ കർമ്മ പരിപാടിയുമായി മുന്നോട്ടു പോകും. ഭരണയന്ത്രം കൂടുതൽ വേഗത്തിൽ ചലിപ്പിക്കാൻ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ലഭിച്ച പൂർണ്ണമായ സഹകരണം ഈ അവസരത്തിൽ പ്രത്യേകമായിട്ട് എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനസമ്പർക്ക പരിപാടിയിൽ ഗവൺമെന്റ് ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയാണ് ചെയ്തത്. ഗവൺമെന്റും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുക എന്നുള്ള ലക്ഷ്യത്തോടെയുള്ള ഒരു പരിപാടിയാണ്. ഞാൻ അതിലും വലിയ അവകാശ

LIBRARY ARCHIVES Kerala Legislative Assembly

വാദങ്ങളൊന്നും ഉന്നയിക്കുന്നില്ല. മുഖ്യമന്ത്രി നേരിട്ട് ചെന്ന് നിവേദനം വാങ്ങിക്കുക എന്ന് പറഞ്ഞാൽ അതിന് എന്താണ് പ്രാധാന്യം? അതിൽ ഒരു വലിയ പ്രാധാന്യവും ഞാൻ കാണുന്നില്ല. പക്ഷേ ഞങ്ങൾ അതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത് ഒരു സന്ദേശ മാണ്. മുഖ്യമന്ത്രിയും മന്ത്രിമാരും ഗവൺമെന്റ് മിഷനറിയും എല്ലാം ജനങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങി ചെല്ലുന്നു. ഗവൺമെന്റ് എന്ന് പറയുന്നത് സാധാരണക്കാർക്ക് അപ്രാപ്യമായ ഒന്നാണ് എന്ന ധാരണ മാറണം. ജനസമ്പർക്ക പരിപാടിയിൽ 96,901 അപേക്ഷകൾ കിട്ടിയതിൽ 42152 അപേക്ഷകൾക്ക് നേരത്തെ തീരുമാനമായി. ഈ കാലത്തിനുള്ളിൽ 13002 അപേക്ഷകൾ കൂടി ജനസമ്പർക്ക പരിപാടി കഴിഞ്ഞ ശേഷം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. തീരുമാനം എടുത്ത കാര്യത്തിലല്ല, തീരുമാനം എടുക്കാത്ത കാര്യങ്ങളാണ് എന്നെ വളരെയധികം അലട്ടുന്നത്. കാരണം അർഹി ക്കുന്നവർക്ക് ഇന്നത്തെ നിബന്ധനകളനുസരിച്ച് ചെയ്യാൻ പറ്റാത്ത ചില പ്രത്യേക സാഹചര്യം ഉണ്ടായി. ഈ ജനസമ്പർക്ക പരിപാടിയിൽ ഏറ്റവും വലിയ ഒരു നേട്ട മായി ഞാൻ കാണുന്നത് എന്റെ അനുഭവ സമ്പത്ത് തന്നെയാണ് എനിക്ക് എന്റെ ജിവിതത്തിന്റെ ഏറ്റവും വലിയ അനുഭവമായിട്ടുള്ളത് ഈ 14 ദിവസങ്ങളാണ്. എനിക്ക് അതിൽ അഭിമാനം തോന്നുന്നു. വളരെ പാവപ്പെട്ട ആളുകൾ വന്ന് വീടി നുവേണ്ടി അപേക്ഷ തരുമ്പോൾ പഞ്ചായത്തിനാണ് ഇതിനുള്ള അവകാശം, ഗ്രാമ സഭകളിൽ കൂടി ശുപാർശ ചെയ്താണ് ഇത് വരേണ്ടത് എന്ന് പറഞ്ഞപ്പോൾ, ഗ്രാമ സഭകൾ കൂടുന്ന വിവരം പോലും അവർക്ക് അറിയാൻ പറ്റുന്നില്ല എന്നാണ് അവർ പറഞ്ഞത്. അങ്ങനെയുള്ള വിഭാഗത്തിന് മുഖ്യമന്ത്രിയെ കാണാൻ അവസരമുണ്ടാ യതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോവളത്ത് വഴി നട ക്കുന്നതിനുള്ള അവകാശം നിഷേധിച്ച് ആയിരക്കണക്കിന് ആളുകളുടെ അവകാശം നിഷേധിച്ച്, കയ്യേറിയിരിക്കുന്നതിനെപ്പറ്റി ഞാൻ അവിടെ പോയി കണ്ടെന്നും അവിടെ മുഖ്യമന്ത്രിയും കൂടി ഒന്ന് വന്ന് സ്ഥിതിഗതികൾ കാണണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് റിക്വസ്റ്റ് നടത്തിയിട്ട് ഒരു മാസമായെങ്കിലും ആ പാവങ്ങളെ ഒന്ന് കണ്ട് അവരുടെ കൂടി വിഷമതകൾ ഒന്ന് മനസ്സിലാക്കാൻ എന്തു കൊണ്ടാണോ അങ്ങ് തുനിയാതിരുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: അങ്ങ് ക്ഷമിക്കുമെങ്കിൽ അതിനെക്കുറിച്ച് ഞാൻ കുറച്ചു കഴിഞ്ഞ് പറയുന്നുണ്ട്. ഞാൻ പറഞ്ഞു തുടങ്ങിയതല്ലേയുള്ളൂ. പ്രതിപക്ഷ നേതാവ് ചോദിച്ച സ്ഥിതിക്ക് ഞാൻ അത് പറയുക തന്നെ ചെയ്യും. പക്ഷേ ഇപ്പോൾ ഞാൻ വേറൊരു പോയിന്റാണ് പറഞ്ഞുകൊണ്ടിരുന്നത്. വളരെ പാവപ്പെട്ട ആളുകളെ ഉൾപ്പെടുത്തിയിരിക്കുന്നത് എ.പി.എൽ. (Abovc proverty line) കാർഡിലാണ്. BPL (Below Proverty line) ആക്കുവാൻ സാധിക്കുന്നില്ല. അങ്ങനെയുള്ളവർക്ക് നടപടി ക്രമങ്ങളൊക്കെ ലഘൂകരിച്ചിട്ടുണ്ട്. ഇപ്പോൾ റേഷനരിയേക്കാൾ വില കുറഞ്ഞ അരി കിട്ടുന്നതിന് എ.എ.വൈ. സംവിധാനം ഉണ്ട്. അതിനുവേണ്ടി അഭ്യർത്ഥനയുമാ യിട്ട് വരികയാണ്. പക്ഷേ അതിനും ചില നടപടി ക്രമങ്ങളുണ്ട്. ആ നടപടി ക്രമ ങ്ങളൊക്കെ മറി കടന്നുകൊണ്ട് ഞാൻ ചില ഉത്തരവുകൾ കൊടുത്തു. എനിക്കെതിരായിട്ട് ചില പത്രങ്ങളൊക്കെ എഴുതിയിട്ടുണ്ട്. റേഷനരിപോലും വാങ്ങാൻ കഴിവില്ലാത്ത പാവപ്പെട്ടവർക്ക് വില കുറഞ്ഞ അരി കൊടുക്കാനായിട്ട് ഉത്തരവിട്ടതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ എന്നെ വിമർശിക്കുന്നെങ്കിൽ വിമർശിക്കട്ടെ. ഞാൻ അത് കേൾക്കാൻ തയ്യാറാണ്. പക്ഷേ സമ്പന്നർക്ക് വേണ്ടിയിട്ടല്ല ഞാൻ ഉത്തരവിട്ടത്. നമ്മുടെ സമൂഹത്തിലെ ഏറ്റവും അധികം വേദന അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എനിക്ക് ഇത് ചെയ്യാൻ സാധിച്ചു. ഇവിടെ ചികിത്സാ സഹായത്തെക്കുറിച്ച് പറഞ്ഞു. അതിന് മുഖ്യമന്ത്രി പോകേണ്ട കാര്യമില്ല. ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇവിടെ തീരുമാനം എടുത്ത കാര്യങ്ങളിലല്ല പ്രശ്നം കിടക്കുന്നത്. തീരുമാനം എടുക്കാത്ത കാര്യങ്ങളുണ്ട്. നിങ്ങൾ ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. ചികിത്സാ സഹായം കൊടുക്കാൻ മുഖ്യമന്ത്രി കളക്ടറേറ്റിൽ പോകേണ്ട ആവശ്യമില്ല. അതിൽ ഞാൻ കൂടുതൽ അവകാശവാദം ഉന്നയിക്കുന്നില്ല. ചെയ്യാൻ പറ്റാത്ത കാര്യങ്ങളെക്കുറിച്ച് എനിക്കുള്ള അറിവാണ് എന്റെ ഏറ്റവും വലിയ അനുഭവ സമ്പത്ത്. ഇവിടെ നടപടിക്രമങ്ങളുടെ പേരിലും ചട്ടങ്ങളുടെ പേരിലും അർഹിക്കുന്നവർക്ക് പലതും ചെയ്യാൻ സാധിക്കുന്നില്ല. എനിക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങൾ, ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നില്ല. ഓരോ ജനസമ്പർക്ക പരിപാടി കഴിഞ്ഞും വന്നിട്ട് പിന്നീട് കൂടുന്ന ക്യാബിനറ്റിൽ അതിൽ ആവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അത്രയും സംതൃപ്തിയുണ്ട്. അതുകൊണ്ട് എല്ലാം ആയി എന്ന് ഞാൻ പറയുന്നില്ല.

കോടിയേരി ബാലകൃഷ്ണൻ: പാവപ്പെട്ട ആളുകളുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ പ്രസക്തമാണ്. അതിൽ രണ്ടുതരം കാർഡ് സമ്പ്രദായമാണ് പ്രശ്നമുണ്ടാക്കിയിരിക്കുന്നത്. രണ്ടുതരം കാർഡ് വേണ്ട എന്നുള്ള തീരുമാനം എടുക്കാൻ എന്തുകൊണ്ട് ഗവൺമെന്റിന് സാധിക്കുന്നില്ലേ? അങ്ങനെ ചെയ്തുകൂടേ?

ശ്രീ. ഉമ്മൻചാണ്ടി: എ.പി.എൽ. (Above proverty line) കാർഡും ബി.പി.എൽ. (Below Poverty line) കാർഡും അങ്ങനെ രണ്ടുതരം കാർഡാണുള്ളത്. സമ്പന്നൻമാർക്ക് എന്തിനാണ് പാവപ്പെട്ടവരുടെ ആനുകൂല്യം കൊടുക്കുന്നത്? പക്ഷേ ഇന്ന് എ.പി.എൽ.-ൽ കിടക്കുന്ന ഒരു വിഭാഗം ആളുകൾ ബി.പി.എൽ.-നേക്കാൾ താഴെ ഉള്ളവരാണ്. അതിന് മാറ്റംവരുത്തേണ്ടതാണ്. എനിക്ക് അത് നേരിട്ട് ബോദ്ധ്യപ്പെട്ടു. അതിനെക്കുറിച്ച് ഗൗരവമായിട്ട് ആലോചിക്കുന്നുണ്ട്. ജനസമ്പർക്ക പരിപാടി എന്ന് പറഞ്ഞാൽ ചെയ്ത കാര്യങ്ങളിലല്ല അതിന്റെ പ്രാധാന്യം, ചെയ്യാൻ പറ്റാത്ത കാര്യങ്ങൾക്കാണ് പ്രാധാന്യം. അങ്ങ് ഇവിടെ പറഞ്ഞ കാര്യം പ്രസക്തമാണ്. പ്രസക്തമാണെന്നു പറഞ്ഞാൽ രണ്ടു കാർഡും കൂടി ഒന്നാക്കാൻ പറ്റില്ല. എ.പി.എൽ. കാർഡ് അവിടെ നിൽക്കട്ടെ. പക്ഷേ അർഹിക്കുന്നവരെ നമുക്ക് BPL-ലേക്ക് കൊണ്ടുവരണം. റേഷനരിയേക്കാൾ വിലകുറച്ചു കിട്ടുന്ന അരി റേഷൻ വാങ്ങാൻ പറ്റാത്തവർക്ക് എത്തിച്ചുകൊടുക്കാൻ സാധിക്കണം. ശ്രീ. രാജേന്ദ്രൻ ഇന്നലെ എന്നെ പരിഹസിച്ചുകൊണ്ട് പറഞ്ഞു. അത് തമാശയായിട്ടായിരുന്നു എങ്കിൽ എനിക്കതിൽ വിരോധമില്ല. ഞാൻ ആ പരിഹാസം പാവപ്പെട്ടവർക്കു വേണ്ടി കേൾക്കാൻ തയ്യാറാണ്. ഇന്ന് ശ്രീ. സുപാൽ ഇവിടെ രണ്ടു കാര്യങ്ങൾ പറഞ്ഞു. ഒന്ന്, ലാന്റ് കിട്ടിയത് താലൂക്ക് മാറിപ്പോയി എന്ന്. ഇത് കേട്ടാൽ തോന്നും ഞാൻ ഉത്തരവിട്ടത് പുനലൂർ താലൂക്ക് എന്നുള്ളത് പത്തനാപുരം താലൂക്ക് ആയിപ്പോയി എന്ന്. ശ്രീ. സുപാൽ ഒരു കാര്യം ഓർക്കണമായിരുന്നു സ്ഥലം ഉള്ളിടത്തല്ലേ കൊടുക്കാനൊക്കൂ. വർഷങ്ങളായിട്ട് ഈ സ്ഥാപനത്തിന് സ്ഥലം ഇല്ലാതെ കിടക്കുകയാണ്. ആ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജനസമ്പർക്ക പരിപാടിയിൽ എന്റെ ശ്രദ്ധ ചെലുത്തി, ഗവൺമെന്റ് ലാന്റ് അലോട്ട് ചെയ്യണമെന്നാണ് പറഞ്ഞത്. ശരിയാണോ എന്ന് ശ്രീ. സുപാൽ പറയട്ടെ, ഇന്ന സ്ഥലം വേണമെന്ന് പറഞ്ഞില്ല.

ശ്രീ. പി. എസ്. സുപാൽ: അതെ അവിടെ സ്ഥലം വാങ്ങുന്നതിനുവേണ്ടി കുളത്തുപ്പുഴയിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് വേഗത്തിലാകുന്നില്ല അതുകൊണ്ടാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അങ്ങ് അതിനുപകരം സ്ഥലം അനുവദിച്ചത് പത്തനാപുരം നിയോജകമണ്ഡലത്തിലാണ്. അതാണ് ഞാൻ പറഞ്ഞ കാര്യം.

ശ്രീ. ഉമ്മൻ ചാണ്ടി: എന്നോട് മി. സുപാൽ വന്ന് ആവശ്യപ്പെട്ട സ്ഥലത്താണ് കൊടുത്തത്. ആ സ്റ്റേജിൽ വന്ന് എന്നോട് ആവശ്യപ്പെടുന്നു. ഞാൻ സ്റ്റേജിൽ നിന്നുകൊണ്ട് വിളിച്ചു പറഞ്ഞു ലാന്റ് അലോട്ട് ചെയ്യാൻ. ലാന്റ് അലോട്ട് ചെയ്തു. ഗവൺമെന്റ് ലാന്റ് പ്രൈവറ്റ് ഭൂമി എനിക്ക് അലോട്ട് ചെയ്യാൻ പറ്റുമോ?

ശ്രീ. പി. എസ്. സുപാൽ: എം. ആർ.എസ്. സ്ഥിതിചെയ്യുന്ന കുളത്തുപ്പുഴയിൽ ഒരു ഫാം ഉണ്ട്. അവിടെ സ്ഥലം അനുവദിച്ചു എന്നാണ് ഞാൻ കുതിയത്. പക്ഷേ അങ്ങ് അനുവദിച്ചത് പത്തനാപുരം മണ്ഡലത്തിലാണ്. അങ്ങ് മനസ്സിലാക്കേണ്ടത് വർഷങ്ങളായി കുളത്തുപ്പുഴയിലാണ് എം.ആർ.എസ്.-ന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അത് ഊർജ്ജിതപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ടാണ് അങ്ങേക്ക് നിവേദനം തന്നത്. പക്ഷേ അങ്ങ് എന്റെ മണ്ഡലത്തിൽ ആ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുപകരം ചെയ്തത് പത്തനാപുരം നിയോജകമണ്ഡലത്തിൽ അതിനുവേണ്ടി സ്ഥലം വാങ്ങിച്ചു. അതുകൊണ്ട് എന്താ പ്രയോജനം?

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ ആകെ ചെയ്തത് എന്താ? അങ്ങയെകൂടെ നിർത്തി സെക്രട്ടേറിയറ്റിലേക്ക് വിളിച്ചിട്ട് ഞാൻ തിരിച്ച് തിരുവനന്തപുരത്തേക്ക് വരുമ്പോഴത്തേക്ക് ആ ലാന്റ് അലോട്ട് ചെയ്യണമെന്ന് അവിടെ ആ സ്റ്റേജിൽ നിന്നുകൊണ്ട് പറഞ്ഞു. ശ്രീ. ബാബു ദിവാകരനും അവിടെ ഉണ്ടായിരുന്നു.

(ബഹളം..............................ബഹളം)

ശ്രീ. പി. എസ്. സുപാൽ: ദയവു ചെയ്ത് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പരാമർശം അങ്ങ് നടത്തരുത്. എനിക്ക് ആ കാര്യത്തിൽ അങ്ങയോട് തർക്കമില്ല.

(ബഹളം..............................ബഹളം)

ശ്രീ. ഉമ്മൻചാണ്ടി: എന്നോട് ലാന്റ് അനുവദിക്കണമെന്ന് പറഞ്ഞു. ഞാൻ ആ സ്റ്റേജിൽ നിന്നുകൊണ്ടുതന്നെ ഫോൺ ചെയ്തു. ഇവിടെ കിടന്ന റിക്വസ്റ്റ് അനുസരിച്ചല്ലേ ഫയൽ പ്രോസസ്സ് ചെയ്യുകയുള്ളൂ. ഞാൻ പത്തനാപുരത്ത് കൊടുക്കണമെന്നോ, കുളത്തുപ്പുഴ കൊടുക്കണമെന്നോ പറഞ്ഞില്ല. കളക്ടറെ വിളിച്ചു ചോദിച്ചു. അപ്പോൾ കളക്ടർ പറഞ്ഞു ഗവൺമെന്റിലാണ് പെന്റിംഗ്, ഗവൺമെന്റിൽ എവിടെയാണെന്നു ചോദിച്ചപ്പോൾ അത് റവന്യൂവിലാണ്, അഗ്രികൾച്ചറൽ ലാന്റാണ് എന്നു പറഞ്ഞു. അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ് അറിഞ്ഞോ എന്നു ചോദിച്ചപ്പോൾ അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ് ക്ലിയർ ചെയ്തതാണെന്ന് കളക്ടർ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം.............................ബഹളം)

ശ്രീ. ബിനോയ് വിശ്വം: എന്റെ ചോദ്യം ലളിതമാണ്. ബഹുമാനപ്പെട്ട അങ്ങ് മറുപടി പറയണം. പുതുപ്പള്ളി മണ്ഡലത്തിൽ ഒരു സ്കൂളിനുവേണ്ടി കോട്ടയം മണ്ഡലത്തിൽ സ്ഥലം കൊടുത്താൽ അങ്ങ് സമ്മതിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: ഞാനല്ല കൊടുത്തത്, ഇത് എം.ആർ. എസ്. എന്ന ഒരു സ്ഥാപനത്തിന് വർഷങ്ങളായിട്ട് ലാന്റ് കിട്ടാതെ കിടക്കുകയാണ് എം. എൽ. എ. വന്ന് എന്നോട് പറയുകയാണ്, അപ്പോൾ അലോട്ട് ചെയ്യാൻ പറഞ്ഞു. നിങ്ങൾ റിക്വസ്റ്റ് ചെയ്യുന്നിടത്തല്ലേ കൊടുക്കാൻ പറ്റൂ.

(ബഹളം.............................ബഹളം)

ഗവൺമെന്റ് ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക, പ്രശ്നങ്ങൾക്ക് തീരുമാനം വേഗത്തിൽ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ജനസമ്പർക്ക പരിപാടി നടത്തിയത്. ആ പരിപാടിയുടെ ഒരു ഘട്ടം കഴിഞ്ഞു. ഇനി 'സുതാര്യ കേരളം' എന്ന പേരിൽ ജനങ്ങളുമായി ആഴ്ചയിൽ ഒരിക്കൽ ബന്ധപ്പെടുന്നതിനുള്ള ഒരു പരിപാടി ദൂരദർശൻ, എ.ഐ.ആർ. വഴി നടത്താനായിട്ട് ഉദ്ദേശിക്കുന്നു. ജനങ്ങളുമായിട്ട് ബന്ധപ്പെടുന്നതിനുള്ള പരിപാടി....

(ബഹളം.............................ബഹളം)

ശ്രീ. ടി. കെ. ദേവകുമാർ: പ്രതിപക്ഷ എം. എൽ. എ.-മാരും പ്രതിപക്ഷ എം.പി.-മാരും കൂടി അങ്ങയെ കാണാൻ വന്നപ്പോൾ അവിടെവച്ച് ഞങ്ങൾക്ക് കാണാൻ അവസരം കിട്ടിയില്ല. അങ്ങ് അന്ന് അവിടെ വച്ച് തന്ന ഉറപ്പ് എന്നുപറയുന്നത് ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാരോടും എം.പി.-മാരോടും തിരുവനന്തപുരത്തുവെച്ച് കോൺഫറൻസ് വിളിച്ച് അതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം കേൾക്കുമെന്നാണ്. അങ്ങിപ്പോൾ സുന്ദര കേരളവും വേഗത കേരളവുമായി പോയപ്പോഴും ഞങ്ങളോട് ഒന്നും ചോദിച്ചില്ലല്ലോ അത് ഈ സഭ കൂടി അറിയുന്നത് നല്ലതല്ലേ?

ശ്രീ. ഉമ്മൻചാണ്ടി: മി. ദേവകുമാർ അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. അല്ലെങ്കിൽ പറയില്ലായിരുന്നു. രാവിലെ 10.00 മണിക്കുകയറിയാൽ ഭക്ഷണം പോലും കഴിക്കാതെ അവസാനത്തെ പരാതിക്കാരനെയും കണ്ടിട്ടാണ് ഞാൻ മടങ്ങുന്നത്. കോഴിക്കോടുനിന്നും പോകുന്നത് രാത്രി 12.00 മണിക്കുശേഷമാണ്. എല്ലാവർക്കും അറിയാം. ഞാൻ എം.എൽ.എ.-മാർക്കും എം.പി.-മാർക്കും നേരിട്ട് കത്തുകൊടുത്തിരുന്നു. ഓരോ ജില്ലയിലെ എം.എൽ.എ.-മാരെയും ഇതിനിടയ്ക്ക് കാണാനും ജില്ലയിലെ പ്രശ്നങ്ങൾ സംസാരിക്കാനും ആഗ്രഹിക്കുന്നു എന്നുപറഞ്ഞ് കത്തു അയച്ചിരുന്നു. മറ്റു ജില്ലകളിലൊക്കെ പ്രതിപക്ഷ എം.എൽ.എ.-മാരടക്കം വന്നവർ സ്റ്റേജിൽ വന്ന് എന്നോട് സംസാരിച്ചിട്ടുണ്ട്. പക്ഷെ ഇത്രയും ആളുകൾ രാവിലെ തൊട്ട് ഭക്ഷണം കഴിക്കാതെ, വെള്ളം കുടിക്കാതെ നിൽക്കുമ്പോൾ അവിടെനിന്ന് ഇറങ്ങി എനിക്ക് വേറെ ഒരിടത്തേക്ക് പോകാൻ പറ്റുമോ? ഞാൻ ആ സ്റ്റേജ് വിട്ട് വേറെ എവിടെയെങ്കിലും പോയിട്ടുണ്ടെങ്കിൽ മണിക്കൂറുകൾ കാത്തുനിൽക്കുന്ന ജനങ്ങൾ ബഹളം കൂട്ടും.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം.............................ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: Please, ശ്രീ. ദേവകുമാർ Please.

ശ്രീ. ഉമ്മൻചാണ്ടി: മി. ദേവകുമാർ പറഞ്ഞതുകൊണ്ടാണ് പറയുന്നത്, നിങ്ങൾ അങ്ങേ മുറിയിൽ ഇരുന്നുകൊണ്ട് ഈ സ്റ്റേജിലേക്ക് വരാൻ തയ്യാറല്ല എന്നു പറഞ്ഞു വിട്ടു.

(ബഹളം.............................ബഹളം)

ഡോ. കെ. സി. ജോസഫ്: അന്ന് ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ ഞങ്ങൾക്ക് നോട്ടീസ് ലഭിച്ചത് 12.00 മണിക്ക് ആലപ്പുഴ കളക്ടറേറ്റിൽ വച്ച് എം.എൽ.എ.-മാരുമായിട്ട് ചർച്ച ഉണ്ടെന്നാണ്. അതനുസരിച്ച് 12.00 മണിക്ക് ഞങ്ങൾ ചെല്ലുമ്പോൾ സ്റ്റേജിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ആയിരക്കണക്കിന് ആളുകൾ പ്രതീക്ഷയോടുകൂടി നിൽക്കുകയാണ്. അതുകൊണ്ട് എം.എൽ.എ.-മാരോട് സ്റ്റേജിലേക്ക് ചെല്ലണമെന്ന് കളക്ടർ പറഞ്ഞു. ആയിരക്കണക്കിന് ആളുകൾ നോക്കി നിൽക്കുമ്പോൾ എം.എൽ.എ.-മാർ അവിടെയിരുന്ന് ചർച്ച ചെയ്യുന്നത് അവർക്ക് എന്തുമാത്രം പ്രയാസമുണ്ടാകും. അതുകൊണ്ട് ഞാൻ പറഞ്ഞു അത്തരം ഒരു ചർച്ച ശരിയല്ല. ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടുള്ള ഒരു ചർച്ചയല്ല, എം. എൽ.എ.-മാർക്ക് പ്രത്യേകമായി ഒരു ചർച്ച നടത്തണമെന്ന്, അന്നേരം അദ്ദേഹം പറഞ്ഞു എങ്കിൽ തിരുവനന്തപുരത്തു വച്ച് ചർച്ച ചെയ്യാമെന്ന്. അത്രേയുള്ളൂ. അതുമതി എന്നുപറഞ്ഞ് ഞങ്ങൾ പോയി.

ശ്രീ. ഉമ്മൻചാണ്ടി: മെമ്പർ പറഞ്ഞത് പൂർണ്ണമായിട്ടും ശരിയാണ്. പക്ഷേ മറ്റു ജില്ലകളിലൊക്കെ എം. എൽ.എ.-മാർ സ്റ്റേജിലേക്ക് വന്നു, അവിടെവച്ച് സംസാരിച്ചു, ആ ജില്ലകളിലെ കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുത്തു.

(ബഹളം.............................ബഹളം)

ഈ പറഞ്ഞതൊന്നും വലിയ കാര്യങ്ങളൊന്നുമല്ല. ഭരണയന്ത്രം കാര്യക്ഷമമാക്കി ഗവൺമെന്റ് ജനങ്ങളിലേക്ക് ഇറങ്ങുക, ഗവൺമെന്റ് കാര്യങ്ങൾ സുതാര്യമാക്കുക ഈ ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളത്. നടത്താൻ ഉദ്ദേശിക്കുന്നത്. ഗവൺമെന്റിന്റെ അതുസംബന്ധിച്ചുള്ള പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാവരോടും നന്ദി പറയുകയാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം എന്താണ് ഗവൺമെന്റിന്റെ ലക്ഷ്യം, ഗവൺമെന്റിന്റെ നയം എന്നു ചോദിച്ചു. ഈ ഗവൺമെന്റിന് വ്യക്തമായ ഒരു പ്രയോറിറ്റിയുണ്ട്. ആ പ്രയോറിറ്റിയിൽ ഒന്നാമത്തേത് ദാരിദ്ര്യ നിർമ്മാർജ്ജനം തന്നെയാണ്. നമ്മുടെ സമൂഹത്തിൽ രണ്ടു ശതമാനത്തിലധികം ആളുകൾ ഒരാളാലും നോക്കാനില്ലാതെ ഒരാളുടേയും ആശ്രയം കിട്ടാതെ ബുദ്ധിമുട്ടുന്നവർ ഉണ്ട്. നമുക്ക് ചുറ്റുമുണ്ട്. പക്ഷേ പലരും അറിയുന്നില്ല. ആശ്രയ സ്കീം ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ തുടങ്ങി. 179 പഞ്ചായത്തുകളിൽ അന്നു തുടങ്ങി. ആ പരിപാടി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലേക്കും, മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നീട്ടേണ്ടതാണ് എന്നുള്ളതാണ് നമ്മുടെ ഏറ്റവും

2/548/2012—17

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമായിട്ടുള്ള ആവശ്യം. 179 പഞ്ചായത്തുകളിൽ തുടങ്ങിവച്ചു. ഈ സമയത്തിനുള്ളിൽ 100 പഞ്ചായത്തുകളിൽ കൂടി ഉൾപ്പെടുത്തും എന്നു പറഞ്ഞു. 117 പഞ്ചായത്തുകൾ ഇപ്പോൾ ആയിട്ടുണ്ട്. അടുത്ത വർഷത്തെ സംബന്ധിച്ചിടത്തോളം 350 പഞ്ചായത്തുകളാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവശ്യം പ്ലാൻ കട്ട് വന്നപ്പോൾ തൊടാതിരുന്ന മേഖല ആശ്രയയാണ്. എന്നു മാത്രമല്ല മുമ്പോട്ടു വരുന്ന എല്ലാ പഞ്ചായത്തുകളും ഏറ്റെടുക്കണമെന്നുള്ള ആഗ്രഹത്തിന്റെ പേരിൽ കൂടുതൽ തുകയും അനുവദിച്ചു. 296 പഞ്ചായത്തുകൾ എടുത്തു. 350 പഞ്ചായത്തുകൾകൂടി ഏറ്റെടുക്കാനുള്ള നടപടികളാണ് നടക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡമുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾക്ക് തോന്നുതുപോലെയുള്ള തെരഞ്ഞെടുക്കലാണോ?

ശ്രീ. ഉമ്മൻചാണ്ടി: ബഹുമാനപ്പെട്ട മെമ്പർ ആശ്രയ സ്കീമിനെക്കുറിച്ച് ഒന്നും അറിഞ്ഞിട്ടില്ലെന്ന് മനസ്സിലാക്കുമ്പോൾ ഞാൻ ദുഃഖിക്കുകയാണ്. ഇത് തെരഞ്ഞെടുക്കലല്ല. പഞ്ചായത്തുകൾ സ്വയം മുന്നോട്ടു വരികയാണ്. ഞങ്ങൾ എടുക്കാൻ തയ്യാറാണ്. കാരണം, പഞ്ചായത്ത് ഫണ്ടിന്റെ ഒരു ഭാഗം കൂടി ഇതിനുവേണ്ടി ചെലവഴിക്കേണ്ടി വരും. അതുകൊണ്ട് ആശ്രയ സ്കീമിന് പ്ലാൻ കട്ട് ചെയ്തില്ല എന്നു മാത്രമല്ല, ഈ വർഷം കൂടുതൽ തുക മാറ്റി വയ്ക്കുകയും ചെയ്തു. പഞ്ചായത്തുകൾ മുന്നോട്ടു വന്നാൽ എടുക്കണം. കേരളത്തിലെ ഏത് പഞ്ചായത്തിനു വേണമെങ്കിലും ആകാം. കാരണം, ആരുടേയും ആശ്രയം ഇല്ലാത്ത മന്ദബുദ്ധികൾ, മനോരോഗികൾ, പ്രായമായവർ, വിധവകൾ, ഒരു വരുമാനവും ഇല്ലാത്ത ഒരു ആശ്രയവുമില്ലാത്തവർക്ക് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള സ്കീമാണ്. എത്ര സാമ്പത്തിക ബുദ്ധിമുട്ടുകൾക്കു നടുവിലും ഈ സ്കീം ഒരു പോറലുമേൽക്കാതെ മുമ്പോട്ടു കൊണ്ടുപോകും. ഈ വർഷം പ്ലാൻ കട്ടുണ്ടായിട്ടു പോലും കൂടുതൽ തുക ഈ സ്കീമിന് കൊടുത്താണ് 350 പഞ്ചായത്തുകളിലേക്ക് അടുത്ത വർഷം വ്യാപിപ്പിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഗവൺമെന്റ് പ്രാധാന്യം കൊടുക്കുന്ന അടുത്ത മേഖല കൃഷിയും പരമ്പരാഗത വ്യവസായവുമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവു പ്രധാനപ്പെട്ട രണ്ടു മേഖലകൾ, ഏറ്റവും കൂടുതൽ കുടുംബങ്ങൾ അവരുടെ ജീവിതമാർഗ്ഗമായിട്ട് ആശ്രയിക്കുന്ന മേഖലകൾ ഇവയാണ്. നിർഭാഗ്യവശാൽ ഈ രണ്ടു മേഖലകളും പല കാരണങ്ങൾകൊണ്ട് ബുദ്ധിമുട്ടുകയാണ്. കാർഷിക മേഖലയിൽ പല വിളകളും വിലയിടിവ്, വിളകളുടെ രോഗങ്ങൾ, പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ ഈ മൂന്നു കാരണങ്ങൾകൊണ്ട് പല കർഷകരും വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യമാണ്. അതുപോലെതന്നയാണ് പരമ്പരാഗത വ്യവസായവും. പല വ്യവസായങ്ങളും പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾകൊണ്ട് വളരെയധികം പ്രതിസന്ധികൾ നേരിടുകയാണ്. ഈ രണ്ടു മേഖലകളും സാമ്പത്തികമായി നിലനിർത്തുന്നതിനുള്ള ബാദ്ധ്യത നമുക്കുണ്ട്. ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തിക കഴിവുകൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ പ്രയാസമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി നമ്മൾ ഈ കാര്യത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ സഹായം തേടിക്കൊണ്ട് ഈ രണ്ടു മേഖലകളിലും പരമാവധി കാര്യങ്ങൾ ചെയ്യാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടായിരിക്കുന്നത് അടയ്ക്കാ കൃഷിക്കാർക്കും കുരുമുളക് കൃഷിക്കാർക്കുമാണ്. കുരുമുളകു കർഷകരെ സഹായിക്കുന്നതിന് കുരുമുളക് സംഭരണം പ്രഖ്യാപിച്ചിട്ട് ഒന്നര മാസമായി. മാർക്കറ്റിംഗ് ഫെഡറേഷനെ ചുമതലപ്പെടുത്തി എന്നു പറഞ്ഞു. എന്നിട്ട് ഒരു കിലോഗ്രാം കുരുമുളകു പോലും സംഭരിക്കാനുള്ള സന്മനസ്സ് കാണിച്ചിട്ടില്ല. ഉദാഹരണത്തിന് പത്താനാപുരത്ത് എന്ത് മര്യാദയാണ്............................(ബഹളം).........................

ശ്രീ. ഉമ്മൻചാണ്ടി: കുരുമുളക് സംഭരണം തുടങ്ങിയിട്ടുണ്ട്. അതിനാവശ്യമായിട്ടുള്ള തുക അനുവദിച്ചിട്ടുണ്ട്. നമുക്ക് കൊപ്ര സംഭരണത്തിന്റെ ഒരു വലിയ അനുഭവമുണ്ട്. അനേകം കോടി രൂപയുടെ തട്ടിപ്പ് നടന്നു. അതുകൊണ്ട് കുറെ നിയന്ത്രണങ്ങൾ വച്ചു. ആ നിയന്ത്രണങ്ങൾ കൂടിപ്പോയി എന്ന് കർഷകരുടെ ഭാഗത്തുനിന്നും പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ കുറെ നിയന്ത്രണങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുരുമുളകു സംഭരണത്തിൽ ഇതുവരെയുള്ള പരാതികൾക്ക് കാര്യമായ പരിഹാരമുണ്ടാകുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. പോരായ്മയുണ്ടെങ്കിൽ അങ്ങ് പറഞ്ഞ കാര്യം പ്രത്യേകം ശ്രദ്ധിക്കും. പലയിടത്തുനിന്നും പല ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പല മാറ്റങ്ങളും വരുത്തിയത്. ഇപ്പോൾ ഏതായാലും കുറെയധികം നിബന്ധനകൾക്ക് അയവു വരുത്തിയിട്ടുണ്ട്. അതുപോലെതന്നെ അടയ്ക്കാ സംഭരണത്തിന്റെ കാര്യത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. സി. കെ. നാണു: കൈത്തറി മേഖലയ്ക്ക് കൊടുക്കുമെന്ന് ഓരോ ബഡ്ജറ്റ് പ്രസംഗം വരുന്ന അവസരത്തിലും പറയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അവർ സഹായം അർഹിക്കുന്ന പാവപ്പെട്ടവരാണ്, പട്ടിണി കിടക്കുന്നവരാണ്. അവർക്ക് പണം നീക്കി വയ്ക്കുന്നുണ്ട്. എന്നാൽ അവർക്കൊന്നും കിട്ടുന്നില്ല. ഇത് പറയുമ്പോൾ കഴിഞ്ഞകാലത്ത് അവർക്കെന്തെങ്കിലും കൊടുത്തോയെന്ന് ഒന്നു വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: കൈത്തറി വ്യവസായത്തെക്കൂടി ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന് കൊടുത്ത നിവേദനത്തിൽ പറഞ്ഞിട്ടുണ്ട്. അങ്ങ് ഇവിടെ പറഞ്ഞ കുടിശ്ശികയുടെ കാര്യത്തിൽ, ഫയൽ നോക്കാതെ പറയാൻ ഒക്കുകയില്ല. കൈത്തറി മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്ന മേഖലയാണ്. അതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങളുമായി മുമ്പോട്ടു പോകുന്നു ....(ബഹളം)............................ബീഡി വ്യവസായവും പെടും.

അടുത്ത പ്രധാനപ്പെട്ട കാര്യം കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും വന്നിട്ടുള്ള നേട്ടങ്ങളാണ്. നമ്മൾ അതിൽ വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. ഇൻഡ്യയിൽ തന്നെയല്ല, യൂറോപ്യൻ സ്റ്റാൻഡേർഡ് വച്ചു നോക്കിയാൽപോലും നമുക്ക് പല നേട്ടങ്ങളും ഈ രണ്ടു മേഖലയിലും ഉണ്ടായിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾകൊണ്ട് വിദ്യാഭ്യാസരംഗത്തും ആരോഗ്യ രംഗത്തും ക്വാളിറ്റി നിലനിർത്താൻ നമ്മൾ ബുദ്ധിമുട്ടുകയാണ്. ആരോഗ്യ രംഗത്തെ ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് പ്രതിപക്ഷ ഉപനേതാവ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗം തുടങ്ങിയത്. കാരണം വളരെയേറെ അപാകതകളും പോരായ്മകളുമുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷന് പണം അനുവദിക്കുമ്പോൾ അവർ മുഖ്യമായും പ്രിലിമിനറി നീഡ്സിനെക്കുറിച്ചാണ് നോക്കുന്നത്. പ്രിലിമിനറി നീഡ്സെന്ന് പറയുമ്പോൾ മറ്റ് സംസ്ഥാനങ്ങളെല്ലാം ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും വളരെ പിന്നിലാണ്. കേരളം ഇക്കാര്യത്തിൽ വളരെ മുന്നിലാണ്. വിദ്യാഭ്യാസത്തിന് പ്രൈമറി സ്കൂളുകളിൽ കുട്ടികളെ അയയ്ക്കുക, പെൺകുട്ടികളെ സ്കൂളുകളിലേയ്ക്ക് അയയ്ക്കുക, സ്കൂളുകൾ ഉണ്ടാക്കുക ഇവയൊക്കെയാണ് മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത്. അതുപോലെയാണ് ആരോഗ്യരംഗത്തെ കാര്യങ്ങളും. മറ്റു സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ. ഈ രണ്ടു മേഖലകളിലും നമുക്ക് സെക്കന്റ് ജനറേഷൻ പ്രശ്നങ്ങളാണുള്ളത്. അതായത് ഫസ്റ്റ് സ്റ്റേജ് കഴിഞ്ഞു. പ്രിലിമിനറി സ്റ്റേജിൽ നമ്മൾ ലക്ഷ്യങ്ങൾ പൂർണ്ണമായി നേടിക്കഴിഞ്ഞു. ഇവിടെ മുഴുവൻ കുട്ടികളും സ്കൂളുകളിൽ പോകുന്നുണ്ട്. സാക്ഷരതയിൽ നമ്മൾ ഒന്നാമതായി എത്തിയിരിക്കുന്നു. നമുക്കിവിടെ സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികളാണ്. ഇത് കിട്ടത്തക്കവിധത്തിൽ പ്രത്യേക പരിശീലനം വേണം. ഇതുപോലെയുള്ള കാര്യങ്ങളാണ്. അതുകൊണ്ട് പ്ലാനിംഗ് കമ്മീഷനിലും ബാംഗ്ളൂരിൽ കൂടിയ ദക്ഷിണേന്ത്യയിലെ മുഖ്യമന്ത്രിമാരുടെ യോഗത്തിലും നമ്മൾ സ്ട്രെസ്സ് ചെയ്യുന്നത് കേരളത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിക്കണമെന്നാണ്. കേരളത്തിന്റെ സെക്കന്റ് ജനറേഷൻ പ്രോബ്ലംസ് പഠിച്ച് അതിനാവശ്യമായിട്ടുള്ള സഹായം നൽകണമെന്നാണ് നമ്മൾ സ്ട്രെസ്സ് ചെയ്യുന്നത്. ഈ രണ്ട് മേഖലകളിലും നമുക്ക് ക്വാളിറ്റി നിലനിർത്തിക്കൊണ്ട് നമ്മുടെ പുതിയ ജനറേഷന് ഏറ്റവും പ്രയോജനകരമായ അവസരങ്ങൾ ഉണ്ടാക്കാനുള്ള പരമാവധി ശ്രദ്ധയുമായി നമ്മൾ മുന്നോട്ടുപോയേ പറ്റൂ. ഗവൺമെന്റ് ശ്രദ്ധിക്കുന്ന മൂന്നാമത്തെ മേഖല ഇതാണ്. ഇത് മൂന്നും കഴിഞ്ഞാണ് നമുക്ക് പുതിയ നിക്ഷേപങ്ങളും പുതിയ സാദ്ധ്യതകളും തെരയേണ്ടത്. എല്ലാപേരും അംഗീകരിക്കുന്ന സംഗതിയാണ്. ഗവൺമെന്റിന്റെ കടത്തെക്കുറിച്ച് എന്തുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞില്ല എന്നുള്ളത്. വേണമെങ്കിൽ പറയാമായിരുന്നു. ബഡ്ജറ്റ് വരുന്നുണ്ട്. ബഡ്ജറ്റിൽ ആ വക കാര്യങ്ങളൊക്കെ വളരെ വ്യക്തമായിട്ട് വരുന്ന സാഹചര്യത്തിൽ ഇതിനെക്കുറിച്ച് പരാമർശം നടത്തിയിട്ടില്ല. പക്ഷേ ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഗവൺമെന്റിന്റെ തുക ഇൻവെസ്റ്റ് ചെയ്ത് നമുക്ക് ഇവിടെ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ പറ്റുമോ? ഇവിടെ പുതിയ അവസരങ്ങൾ ഉണ്ടാക്കാൻ പറ്റുമോ? സാധിക്കില്ലല്ലോ? അതുകൊണ്ട് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, സ്വകാര്യ വ്യക്തികളിൽനിന്നും, എൻ.ആർ.ഐ.ക്കാരിൽ നിന്നുമുള്ള ഇൻവെസ്റ്റ്മെന്റ് ഇവിടെ കൊണ്ടുവന്ന് പുതിയ സംരംഭങ്ങൾ തുടങ്ങിയേ മതിയാകൂ. Infrastructure, Tourism, Information Technology, High quality Education, High quality health care ഇതുപോലെയുള്ള മേഖലകളിൽ നമുക്ക് വികസന സാദ്ധ്യതയും നിക്ഷേപ സാദ്ധ്യതയും വളരെ വലുതാണ്. ആ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നോട്ട് പോകാൻ ശ്രമിക്കണം. അതാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇതുപോലെയുള്ള കാര്യങ്ങളിൽ പ്രതിപക്ഷത്തിന്റെകൂടി സഹകരണമാണ് ഞങ്ങൾ ആത്മാർത്ഥമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നത്. അതുണ്ടാകണം. നിക്ഷേപത്തിന് അനുകൂലമായ investment friendly atmosphere ആണ് കേരളത്തിലുണ്ടാകേണ്ടത്. ഒരുകാലത്ത് തൊഴിലാളികളെ കുറ്റം പറഞ്ഞിരുന്നു. ഇന്നിപ്പോൾ തൊഴിലാളികളെ ആർക്കും കുറ്റം പറയാൻ സാധിക്കില്ല. തൊഴിൽ സമരങ്ങൾകൊണ്ട് ഇവിടെ ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്നു എന്ന് ആർക്കും പറയാനാകില്ല. സാമ്പത്തികമായ പരിമിതികൾ പിന്നീട് വന്നു. ഇന്നിപ്പോൾ സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക പരിമിതികളുണ്ടെങ്കിലും ഇവിടെ ഇൻവെസ്റ്റ്മെന്റിന് തയ്യാറായിട്ട് ധാരാളം ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ അതിനും ബുദ്ധിമുട്ടില്ല. ഒരു ഉറച്ച തീരുമാനത്തോടെ, നമുക്ക് ആരായിത്തീരണം, ഈ കേരളം എന്തായിതീരണം എന്ന് തീരുമാനിക്കേണ്ടത് നമ്മളാണ്. എല്ലാ അനുകൂല സാഹചര്യങ്ങളും ഉണ്ടായിരിക്കുകയാണ്. കേരളം എന്തായി തീരണമെന്ന് നമ്മൾ തീരുമാനിക്കേണ്ട സ്ഥിതിയിലാണ് എത്തിയിരിക്കുന്നത്. അതിനനുകൂലമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് നിങ്ങളുടെ പൂർണ്ണമായ സഹകരണം അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചു. ഇന്നൊരു ചോദ്യമായിട്ട് ഉന്നയിക്കുകയും ചെയ്തു. അദ്ദേഹം അന്ന് എന്റെ ബന്ധു എന്നൊക്കെ പറയാൻ നോക്കി. പക്ഷേ എന്റെ ബന്ധുക്കൾക്കാർക്കും കോവളത്തു ഹോട്ടൽ ഇല്ല. അങ്ങനെയുള്ള പ്രശ്നങ്ങളൊന്നുമില്ല. ഞാനൊരു കാര്യം പറയാം, എന്റെ ബന്ധുവല്ല, ഇനി ഞാൻ തന്നെയായാലും ഈ സംസ്ഥാനത്തിന്റെ ഒരു സെന്റ് ഭൂമിപോലും അല്ലെങ്കിൽ പൊതുജനങ്ങളുടെ ആവശ്യത്തിനുള്ള ഒരു സെന്റ് ഭൂമിയും ഒരാളേയും കയ്യേറാൻ സമ്മതിക്കില്ല. ഞാൻ പ്രതിപക്ഷ നേതാവിന് വ്യക്തമായിട്ടുള്ള ഉറപ്പു തരുന്നു. ഈ സഭയ്ക്ക് ഉറപ്പ് തരാൻ ആഗ്രഹിക്കുകയാണ്. എന്റെ ബന്ധു വേണ്ട, എന്റെ തന്നെ ആയിക്കോട്ടെ, ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ അതിനകത്ത് ഒരു വിട്ടുവീഴ്ചയും ചെയ്യില്ല. പക്ഷേ അങ്ങ് അവിടെപ്പോയി അപ്രഖ്യാപിതമായ സമരമൊക്കെ നടത്തി, സമരം നടത്താനിടയായ സാഹചര്യമെന്താണ്, അങ്ങയെ പ്രേരിപ്പിച്ച ഘടകമെന്താണ്? പ്രതിപക്ഷനേതാവൊക്കെ സമരം നടത്തുമ്പോൾ നേരത്തെ പ്രഖ്യാപിച്ചിട്ടാണ് നടത്താറുള്ളത്. അതൊന്നുമില്ലാതെ സമരം നടത്തിയതെന്തിനാണെന്ന് എനിക്കറിയില്ല. പക്ഷേ അങ്ങ് ഒരു കാര്യം അറിയണം, ഈ ഹോട്ടലിന് രണ്ട് അനുമതി കൊടുത്തു. രണ്ട് അനുമതിയും അങ്ങയുടെ പാർട്ടി നിയന്ത്രിക്കുന്ന തിരുവനന്തപുരം കോർപ്പറേഷനാണ് കൊടുത്തത്. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഈ രണ്ട് ഉത്തരവും തിരുവനന്തപുരം നഗരസഭയാണ് കൊടുത്തത്. ആര് കൊടുത്താലും എന്ത് കൊടുത്താലും പൊതുജനങ്ങളുടെ പൊതുവായിട്ടുള്ള ഏതെങ്കിലും അവകാശം നിഷേധിക്കാനോ ഗവൺമെന്റിന് അവകാശപ്പെട്ട ഒരു ഇഞ്ച് ഭൂമി നഷ്ടപ്പെടാനോ സമ്മതിക്കില്ല. പക്ഷേ അതുപോലെതന്നെ................(ബഹളം).......................

ശ്രീ. പിരപ്പൻകോട് മുരളി: ഞങ്ങൾ പറഞ്ഞത് അവിടുത്തെ പുറമ്പോക്ക് കയ്യേറ്റത്തെക്കുറിച്ചാണ്. ഹോട്ടൽ ഉടമയ്ക്ക് കൊടുത്തതിനെക്കുറിച്ചല്ല പറഞ്ഞത്. എനിക്ക് കിട്ടിയ ഉത്തരമുണ്ട്. വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന കോവളം കടൽത്തീരത്ത് സ്വകാര്യ ഹോട്ടൽ ഉടമകൾ നിയമവിരുദ്ധമായി നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ട്. അതുപോലെ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് കോവളത്തിന്റെ പ്രകൃതിസൗന്ദര്യം നിലനിർത്താൻ നടപടി സ്വീകരിക്കുമോ? അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് ജില്ലാകളക്ടറും തദ്ദേശ സ്വയംഭരണ വകുപ്പും അറിയിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ആനയെ കാണാൻ വെള്ളെഴുത്തോ എന്ന് ചോദിക്കുന്നതുപോലെ ഈ കടൽഭിത്തിയുടെ പുറത്ത് മണൽ വാരിയിട്ട് പുതിയ റിസോർട്ടുകൾ പണിയുകയാണ്. അതാണ് ഞങ്ങൾ ചോദിച്ചത്. അഞ്ചര കിലോമീറ്റർ പൊതു റോഡ് കയ്യേറിയിരിക്കുകയാണ്. ഹോട്ടലിന് കൊടുത്തതല്ല. ഹോട്ടലിന് നിയമാനുസൃതം കൊടുത്തതാണോ അല്ലയോ എന്നത് വേറെ പരിശോധിക്കണം. പക്ഷേ അവിടുത്തെ പുറമ്പോക്ക് കയ്യേറ്റം, തറയിൽ കിടന്നവൻ കട്ടിലിൽ വീഴില്ല. പുറമ്പോക്കിന്റെ കാര്യമാണ് ഞങ്ങൾ പറയുന്നത്.

ശ്രീ. ഉമ്മൻചാണ്ടി: പുറമ്പോക്ക് ഭൂമിയാണ് ഗവൺമെന്റിന്റെ ഭൂമി.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): മുഖ്യമന്ത്രി പറഞ്ഞതിനൊപ്പം ഞാൻ ഒരു കാര്യംകൂടി ചേർക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷൻ അനുമതി കൊടുത്തിരിക്കുന്നത് Permitting floating cottages on the canal. പുറമ്പോക്ക് കനാലിൽ ഫ്ളോട്ടിംഗ് കോട്ടേജ് നിർമ്മിക്കുന്നതിന് വേണ്ടിയാണ് തിരുവനന്തപുരം കോർപ്പറേഷൻ അനുമതി കൊടുത്തിരിക്കുനന്നത്. മാത്രമല്ല 2000-ൽ then Chief Engineer, Irrigation ഇത് കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷന് റെക്കമെന്റ് ചെയ്തിട്ടുമുണ്ട്. ഇത് രണ്ടും നിങ്ങളുടെ ഭരണകാലത്താണ്........................ ....(ബഹളം).....................

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ പറഞ്ഞല്ലോ, പുറമ്പോക്ക് എന്നു പറഞ്ഞാൽ ഗവൺമെന്റിന്റെ ഭൂമിയാണ്. ഒരിഞ്ച് ഭൂമിപോലും ഒരാളേയും കയ്യേറാനോ കൈവശപ്പെടുത്താനോ ഗവൺമെന്റ് അനുവദിക്കില്ല. ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ജില്ലാകളക്ടറോട് അതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരുന്നു, ഒരിഞ്ച് ഭൂമി ഗവൺമെന്റിന് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാക്കാൻ ഞാൻ സമ്മതിക്കില്ല. അതിനെക്കുറിച്ച് ഒരു ആശങ്കയും വേണ്ട ഞാൻ ഈ സഭയിൽ വ്യക്തമായിട്ട് ഉറപ്പ് തരുന്നു. അതുപോലെതന്നെ നിയമം കയ്യിലെടുക്കാനും ആരെയും അനുവദിക്കില്ല. അതിനകത്ത് ഒരു സംശയവും വേണ്ട.........................(ബഹളം)......................

അതിലൊക്കെ നിയമപരമായ നടപടിയെടുക്കും. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ല. ഇവിടെ കോവളത്തെ ഹോട്ടലിന്റെ കാര്യത്തെക്കുറിച്ചും കൊട്ടാരത്തിന്റെ കാര്യത്തെക്കുറിച്ചും പറഞ്ഞു. കൊട്ടാരത്തിന്റെ കാര്യത്തിലും വ്യക്തമായ തീരുമാനമെടുത്തിട്ടുണ്ട്. ആ കൊട്ടാരവും കൊട്ടാരവുമായി ബന്ധപ്പെട്ട ഭൂമിയും കേരള സർക്കാരിന്റേതാണ്. അത് ഗവൺമെന്റിന്റെ കൈവശത്താണ്. അക്കാര്യത്തിലൊന്നും ഒരു സംശയവും വേണ്ട. കോവളം കൊട്ടാരവും അതുമായി ബന്ധപ്പെട്ട സ്ഥലവും ഗവൺമെന്റിന്റെ അധീനതയിലാണ്. കോടതിയിൽ കേസുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ട എല്ലാ നടപടികളുമെടുത്തിട്ടുണ്ട്. ഇത് പറയുമ്പോൾ ഒരു കാര്യം കൂടി ഞാൻ ചേർത്തു പറയുന്നു. ഗവൺമെന്റിന് അവകാശപ്പെട്ട കൊട്ടാരവും സ്ഥലവും ഏറ്റെടുത്തതിന് ശേഷം ഐ.റ്റി.ഡി.സി.-യിൽനിന്ന് വാങ്ങിയിട്ടുള്ള അവർക്ക് അവകാശപ്പെട്ട സ്ഥലത്ത് നിയമാനുസൃതമായി പ്രവൃത്തിക്കാനുള്ള അവകാശമുണ്ട്. ആ അവകാശം ഗവൺമെന്റ് ഉറപ്പാക്കിക്കൊടുക്കും. ഇതിനകത്ത് ഗവൺമെന്റിന് ഒരു മടിയുമില്ല. ആരെങ്കിലും ആക്ഷേപം പറയുമോ എന്നൊന്നും ഞങ്ങൾ കണക്കാക്കുകയില്ല. ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കും. അതിനകത്ത് ഒരു വിട്ടുവീഴ്ചയും ഉണ്ടാവുകയില്ല. അതുപോലെതന്നെ അവർക്ക് അവകാശപ്പെട്ട സ്ഥലത്ത് നിയമാനുസൃതമുള്ള പ്രവർത്തനങ്ങൾ നടത്താം. നിയമവിരുദ്ധമായ പ്രവർത്തനങ്ങളാണെങ്കിൽ ഒരിക്കലും അനുവദിക്കുകയില്ല. അവിടെ ടോൾ പിരിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ആ പരാതി കിട്ടി. ഉന്നത ഉദ്യോഗസ്ഥൻമാരെ വിട്ട് അന്വേഷിച്ചപ്പോൾ സംഗതി ശരിയാണെന്ന് തെളിഞ്ഞു. ആ നിമിഷം മുതൽ അത് നിർത്തലാക്കി. ഇതുപോലുള്ള കാര്യങ്ങൾക്കൊന്നും ഒരു വിട്ടുവീഴ്ചയും ഉണ്ടാവുകയില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ലോട്ടറി നിരോധിച്ചതിനെക്കുറിച്ച് പലരും പരാമർശിച്ചു. അത് വന്ന സാഹചര്യം ഏതാണെന്നുള്ളത് എല്ലാവർക്കും അറിയാമല്ലോ. ഓൺലൈൻ ലോട്ടറി ഈ സംസ്ഥാനത്ത് തുറന്നുകൊടുക്കാൻ നമുക്ക് സാധ്യമല്ല. അങ്ങനെ ഒരു തീരുമാനം എടുക്കുന്നതിന് 25-ാം തീയതി ഗവൺമെന്റിന്റെ മുമ്പിൽ രണ്ട് മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ ഓൺലൈൻ അടക്കമുള്ള എല്ലാ ലോട്ടറികൾക്കും വേണ്ടി കേരളം തുറന്നിട്ടു കൊടുക്കുക. അല്ലെങ്കിൽ എല്ലാ ലോട്ടറിയും നിരോധിക്കുക. അത് നിരോധിക്കുന്ന അവസരത്തിൽത്തന്നെ പറഞ്ഞു നിയമപരമായി കേരള ഭാഗ്യക്കുറിയെ തിരിച്ചുകൊണ്ടുവരാനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന്. ഞങ്ങൾ തീരുമാനിച്ചിട്ടുതന്നെയുണ്ട്. ഈ തീരുമാനം പ്രഖ്യാപിക്കുന്നതിനുമുമ്പ്, ഇപ്പോൾ ഇവിടെ പലരും അത് പാർട്ടിയുമായി ആലോചിച്ചില്ല, യു.ഡി.എഫ്.-ൽ ആലോചിച്ചില്ല എന്നൊക്കെ പറഞ്ഞു. ശരിയാണ്. ഞങ്ങൾ ഇത് ഒരു ഭരണപരമായ നടപടിയായെ കണ്ടുള്ളൂ. രാഷ്ട്രീയമായ ഒരു തീരുമാനമായിട്ട് കണ്ടില്ല. കേരള ഭാഗ്യക്കുറി എന്നന്നേക്കുമായി നിരോധിക്കാനുള്ള തീരുമാനമാണെങ്കിൽ അതിനൊരു പൊളിറ്റിക്കൽ തീരുമാനം വേണം. അത് ചർച്ച ചെയ്യേണ്ടിടത്തെല്ലാം ചർച്ച ചെയ്യണം. പക്ഷേ ഞങ്ങളുടെ തീരുമാനം 25-ാം തീയതി ഈ ഒരു സാഹചര്യത്തിൽ നിന്നു രക്ഷപ്പെടുന്നതിന് ഭരണപരമായ തീരുമാനം എടുക്കുകയെന്നതായിരുന്നു. ഞങ്ങൾ അത് എടുത്തു. ആരോടും ആലോചിച്ചില്ല. ക്യാബിനറ്റിൽ മാത്രമെ ആലോചിച്ചിട്ടുള്ളൂ. ഞാൻ തുറന്നു സമ്മതിക്കുന്നു. അത് ആലോചിക്കാതിരുന്നത് സമയക്കുറവ് കൊണ്ടോ, വേണ്ടായെന്ന് കരുതിയിട്ടോ അല്ല. ഇതൊരു ഭരണപരമായ തീരുമാനമാണ്. അതിന് എന്തൊക്കെയാണ് നിങ്ങൾ പറഞ്ഞത്. എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ തുഗ്ലക്കിന്റെ എന്നോ, ഏതാണ്ടൊക്കെ പറഞ്ഞല്ലോ. ആയിക്കോളൂ. പക്ഷേ നിങ്ങൾ ഒന്നു ധരിക്കണം. ഈ നാടിന്റെ ഏറ്റവും വലിയ സാമൂഹിക വിപത്താകുന്ന ഓൺലൈൻ ലോട്ടറിയെ എന്തു വിലകൊടുത്തും ഇവിടെ നടത്തില്ല എന്നുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥതയാണ് ഞങ്ങൾ കാണിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഓൺലൈൻ ലോട്ടറിക്ക് ഞങ്ങൾ ആരും അനുകൂലമല്ല. ഓൺലൈൻ ലോട്ടറിക്കുവേണ്ടി ഇപ്പോഴും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാജരാകുന്നത് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലുള്ള വക്കീലന്മാരാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. മുൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഒരു നടപടിയും ഇന്നുവരെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഇത് പ്രൊഫഷണൽ എത്തിക്സിന് എതിരാണ് അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇത് അങ്ങ് പരിശോധിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, ആര് ഹാജരായാലും ശരി ഓൺലൈൻ ലോട്ടറി കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടായിരിക്കുന്നിടത്തോളം കാലം നടത്താൻ അനുവദിക്കുകയില്ല. ഇവിടെ ശ്രീ. സുപാൽ ഇന്നു പ്രസംഗം തുടങ്ങിയത് പെൺവാണിഭത്തെക്കുറിച്ചാണ്. ഇന്നലെ കൊട്ടിയത്തെ കാര്യത്തിന് ഞാൻ മറുപടി പറഞ്ഞു. ഏത് വടിയെടുത്തും ഗവൺമെന്റിനെ അടിക്കാൻ തിടുക്കം കാട്ടിയിട്ട് വടി കൊടുത്തു അടിമേടിക്കുകയാണ് നിങ്ങൾ ചെയ്തത്. ഞാൻ ഒന്നേ പറയുന്നുള്ളൂ. പെൺവാണിഭം രാഷ്ട്രീയവൽക്കരിക്കരുത്. ഞാൻ നിങ്ങളോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ കൊട്ടിയം സംഭവമെങ്കിലും എല്ലാവരുടേയും കണ്ണുകൾ തുറപ്പിക്കണം. തെറ്റു ചെയ്തവരോട് നിങ്ങൾ ചെയ്തത് തെറ്റാണെന്നു പറയാൻ സമൂഹത്തിന് സാധിച്ചിരുന്നെങ്കിൽ ആ കുട്ടി മരിക്കുന്ന സാഹചര്യം ഉണ്ടാകുമായിരുന്നില്ല. അതിനുപകരം ഒരു സൈഡിൽകൂടി അതിന്റെ പ്രചരണം പോകുന്നു, തെറ്റ് ചെയ്യുന്നവരെ നിങ്ങൾ തെറ്റാണ് ചെയ്യുന്നത്. ഇത് ശരിയല്ല. എന്നു പറഞ്ഞ് ഉപദേശിക്കാൻപോലും സാധ്യമല്ലാത്ത ഒരു സ്ഥിതിവിശേഷമാണുണ്ടാക്കിയത്. അതുകൊണ്ട് ഇനിയെങ്കിലും നമുക്ക് ഇതുപോലുള്ള പ്രശ്നങ്ങളുടെ ആ തിന്മ, ആ തെറ്റ് അതു നമുക്ക് ആവർത്തിക്കാതിരിക്കാൻ ശ്രമിക്കണം. ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ഞാൻ ഉറപ്പു പറയുകയാണ്. ഇതുപോലുള്ള സംഭവങ്ങൾക്കെതിരെ നിയമനടപടികൾ ശക്തമായിട്ട് ഉണ്ടാകും. പക്ഷേ അതിന്റെ പേരിൽ ആരെയെങ്കിലും ദ്രോഹിക്കാനോ നശിപ്പിക്കാനോ ഗവൺമെന്റുണ്ടാവുകയില്ല. തെറ്റ് ചെയ്താൽ തെറ്റിനെ തെറ്റ് എന്ന് പറഞ്ഞുകൊണ്ട് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ഒരു വീഴ്ചയും ഉണ്ടാവുകയില്ല. കൊട്ടിയം സംഭവം എല്ലാവരുടേയും കണ്ണുതുറപ്പിക്കണം. തെറ്റ് ചെയ്തത് ആര് എന്നു കണ്ട് അവരെ കുറ്റക്കാരായി കണ്ടുകൊണ്ട് നിങ്ങൾ തെറ്റ് ആവർത്തിക്കരുത്, ശരിയല്ലെന്നു സമൂഹം പറയാനുള്ള അവസരം ഉണ്ടായിരുന്നെങ്കിൽ ഈ നിർഭാഗ്യകരമായ സ്ഥിതിവിശേഷം ഉണ്ടാകുമായിരുന്നില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഈ സംഭവത്തിൽ 24 പ്രതികൾ ഉണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരുന്നത്. അത് ഈ സഹോദരന്റെ കൂടെ ബാക്കിയുള്ള എല്ലാവരും സഹോദരങ്ങളാണോ? ഈ സഹോദരന്റെ കാര്യം മനസ്സിലായി. ബാക്കിയുള്ള ആ 24 പേർ എവിടെ? ഇപ്പോൾ ഒരു കൊല്ലമായില്ലേ, അവരെ എന്തു ചെയ്തു? ഞങ്ങളുടെ ഇൻഫർമേഷൻ നാളെയോ നാളെക്കഴിഞ്ഞോ തരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, എനിക്ക് അങ്ങ് ചോദിച്ച ഈ ചോദ്യത്തിന് ഈ സഭയിൽ മറുപടി പറയാൻ സാധിക്കുകയില്ല. ഞാൻ എല്ലാ വിവരങ്ങളും അങ്ങയോട് നേരിട്ട് പറയാം. എല്ലാ വിവരങ്ങളും എന്റെയടുത്തുണ്ട്. ഈ സഭയിൽ അങ്ങ് ചോദിച്ച ചോദ്യത്തിന് മറുപടി പറയാൻ പറ്റുന്നില്ല. ഞാൻ വീണ്ടും ആവർത്തിക്കുന്നു തെറ്റ് ചെയ്തത് ആര് എന്നു കണ്ട് അവരെ ഉപദേശിക്കാൻ സാധിച്ചിരുന്നെങ്കിൽ ആ കുട്ടി മരിക്കുന്ന സാഹചര്യം ഉണ്ടാകുമായിരുന്നില്ല. പക്ഷേ ഇന്നത്തെ സമൂഹത്തിന്റെ വ്യവസ്ഥ വ്യത്യസ്തമാണ്. അതുകൊണ്ട് തെറ്റിൽ നിന്ന് തെറ്റിലേക്ക് പോയി വഴുതി വീണ് ഒന്നും അറിയാത്ത ഒരു കുട്ടി അവസാനം സ്വന്തം സഹോദരന്റെ കൈകളാൽ കൊല്ലപ്പെടുന്ന സാഹചര്യമാണുണ്ടായത്. ഇവിടുത്തെ ചർച്ചയിൽ യു. ഡി. എഫ്.-ന്റെ ഭാഗത്തുനിന്നു ചില ഡിസെന്റിംഗ് നോട്ടുകൾ വന്നു. ഞാൻ അതിന് മറുപടി പറയണമെന്ന് വിചാരിച്ചതല്ല. എന്റെ സ്നേഹിതൻ ശ്രീ. എ. സി. ഷൺമുഖദാസ് നിർബന്ധമായിട്ട് മുഖ്യമന്ത്രി പറയണം എന്നു പറഞ്ഞതുകൊണ്ട് പറയുകാണ്. ഒരു മുന്നണി രാഷ്ട്രീയത്തിൽ പാലിക്കേണ്ട അച്ചടക്കം, പാലിക്കേണ്ട ചില സാമാന്യ മര്യാദകൾ പാലിക്കാതെ വന്നപ്പോൾ മുഖ്യമന്ത്രി എന്ന നിലയിൽ എനിക്കുള്ള ജനാധിപത്യപരമായ അവകാശം ഞാൻ ഉപയോഗിച്ചു. അത് ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നു. ആ തീരുമാനത്തിൽ നിന്നു ഞാൻ പിൻമാറുന്ന പ്രശ്നമില്ല. പ്രതിപക്ഷനേതാവ് ഇന്ന് പ്രസംഗിക്കേണ്ടതായിരുന്നു. കാരണം നമ്മുടെ എല്ലാ കാലത്തെയും ചിട്ട അതാണ്. അങ്ങ് തിങ്കളാഴ്ച പ്രസംഗിച്ചപ്പോൾ ഞാൻ വിചാരിച്ചു അങ്ങ് ഇന്നു സ്ഥലത്തില്ലാത്തതുകൊണ്ടായിരിക്കുമെന്ന്. ഇന്ന് അങ്ങ് വരികയുംകൂടി ചെയ്തപ്പോൾ എനിക്ക് ചിത്രം ഒരുമാതിരി വ്യക്തമായി. അങ്ങ് ഇവിടെ സ്മാർട്ട് സിറ്റിക്ക് എതിരായിട്ടാണ് ശക്തമായി പറഞ്ഞത്. അങ്ങയുടെ പ്രസംഗത്തിന്റെ വാർത്ത കേരളത്തിൽ അല്ല ഹെഡ് ലൈൻ പിടിച്ചുപറ്റിയത്, ദുബായിലെ പത്രങ്ങളിലാണ്. അങ്ങ് അറിഞ്ഞുകൊണ്ടാണെന്ന് ധരിക്കുന്നില്ല. സ്മാർട്ട് സിറ്റിയെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ ഈ ദിവസങ്ങളിലാണ് അവർ എടുക്കുന്നത്. അവരുടെ ഇടയിൽ ആശങ്കയും ഉൽകണ്ഠയും ഉണ്ടാകത്തക്കവിധത്തിലുള്ള വാർത്തകൾ അവിടേയ്ക്ക് എത്തിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞു. ഞാൻ ഒരു കാര്യം വ്യക്തമാക്കാം. ഈ ഗവൺമെന്റ് എല്ലാം തുറന്ന് പറഞ്ഞുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ തയ്യാറാണ്. അങ്ങ് ചോദിച്ചു ചിലരുടെയൊക്കെ പോക്കറ്റ് നിറയ്ക്കാൻ വേണ്ടിയാണോ സ്മാർട്ട് സിറ്റി എന്ന്. അങ്ങയോട് ഞാൻ ഒരു കാര്യം പറയാം. ഞാൻ പൊതുരംഗത്ത് വന്നിട്ട് നാല്പതു വർഷം കഴിഞ്ഞു. എം. എൽ. എ. ആയിട്ട് മുപ്പത്തിനാല് വർഷം കഴിഞ്ഞു. ഇന്നുവരെ ഞാൻ പോക്കറ്റ് നിറച്ചിട്ടില്ലെന്ന് മാത്രമല്ല, അതിനെക്കുറിച്ച് ചിന്തിച്ചിട്ടുപോലുമില്ല. പോക്കറ്റ് നിറക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പ് പൊതുരംഗത്തു നിന്ന് മാറണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പക്ഷേ ഇവിടെ നടത്തേണ്ട ചില കാര്യങ്ങളുണ്ട്. അങ്ങ് ചോദിച്ചു. സ്മാർട്ട് സിറ്റിക്ക് ഈ സ്ഥലമൊക്കെ സൗജന്യമായി കൊടുക്കാൻ ആര് പറഞ്ഞു, ആര് അനുവദിച്ചു എന്നൊക്കെ. ഞാൻ അങ്ങയോട് പറയുന്നു അത് അവിടെ സംസാരിച്ച ഉദ്യോഗസ്ഥൻമാർ ചെയ്തതൊന്നുമല്ല. ഞങ്ങളുടെ നിർദ്ദേശാനുസരണം ചെയ്തതാണ്. ഇവിടെ ഐ. ടി. പോളിസി 2001-ൽ ഈ നിയമസഭയുടെ മേശപ്പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വച്ചിട്ടുള്ളതാണ്. 2001 ഡിസംബറിൽ നിയമസഭയുടെ മേശപ്പുറത്തു വച്ച ഐ. ടി. പോളിസിയുണ്ട്. അതിനകത്ത് ഇൻസെന്റീവ്സ് കൊടുക്കാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് കേരളത്തിൽ 41 കമ്പനികൾക്ക് 2001 ഡിസംബറിനുശേഷം ഇതുവരെ കൊടുത്തിട്ടുണ്ട്. ഇത് ആരോട് ചോദിച്ചു. ഈ നാടിനെ വിൽക്കാൻ പോവുകയാണോ എന്നൊക്കെ അങ്ങ് ചോദിച്ചില്ലേ? പക്ഷേ ഒന്നുണ്ട്. ഞങ്ങൾ ചെയ്യുന്നത് സുതാര്യമായി ചെയ്യും. അങ്ങ് പറയുന്നതിന്റെ പേരിൽ പേടിച്ചിട്ട് ചെയ്യേണ്ട ഒരു കാര്യത്തിൽ നിന്നുപോലും പുറകോട്ട് പോകില്ലായെന്ന് ഞാൻ പറയുന്നു. കാരണം അത് ഗവൺമെന്റിന്റെ കടമയാണ്. ഞാൻ അങ്ങയോട് ചോദിക്കട്ടെ. വെസ്റ്റ് ബംഗാളിൽ ഷോർട്ട് ലേക്ക് സിറ്റിയിലെ മൂന്നു കോടി രൂപ വിലവരുന്ന ലാൻഡ് 37 ലക്ഷം രൂപയ്ക്ക് കൊടുക്കാൻ ഓഫർ ചെയ്തിരിക്കുകയാണ്. നമ്മൾ അതിന്റെ പത്തിലൊന്ന് വിട്ടുകൊടുക്കുന്നില്ല. ഞാൻ അതിന്റെ എല്ലാ റെക്കാർഡുകളും വരുത്തിവച്ചിട്ടുണ്ട്. വേണമെങ്കിൽ ഞാൻ അങ്ങേയ്ക്ക് കാണിച്ചുതരാം. അവിടത്തെ ഗവൺമെന്റ് സെക്രട്ടറിയുടെ കത്തിന്റെ കോപ്പി ഉണ്ട്. 80 മുതൽ 87 ശതമാനംവരെ അവിടെ ഇൻസെന്റീവ്സ് കൊടുക്കുന്നു. ഒരു കമ്പനിക്ക് ലേക്ക് സിറ്റിയിലെ മൂന്നു കോടി രൂപയുടെ സ്ഥലം 37 ലക്ഷം രൂപയ്ക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു. നമ്മൾ ഇതിൽ പറഞ്ഞിരിക്കുന്നത് വളരെ പരിമിതമായതാണ്. ആയിരം തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ മൂന്ന് ഏക്കർ സ്ഥലം. ഇത് ഐ. ടി. പോളിസിക്ക് പുറത്തുപോകുന്ന പ്രശ്നമേയില്ല. ഐ.ടി. പോളസിക്ക് ഉള്ളിൽനിന്നുകൊണ്ടുള്ളത് മാത്രമേയുള്ളൂ. അങ്ങ് ഈ പോളിസി ഒന്നു വായിക്കണം. ഈ പോളിസിക്ക് പുറത്ത് ഞാൻ പോവുകയാണെങ്കിൽ എന്നെ വിമർശിച്ചോട്ടെ, എനിക്ക് വിരോധമില്ല. ഈ നിയമസഭയിൽ വച്ച് സുതാര്യമായ നിലയിൽ ചർച്ച ചെയ്ത് നാല് കൊല്ലക്കാലം 41 കമ്പനികൾക്ക് കൊടുത്തിട്ട് ഇപ്പോൾ സ്മാർട്ട് സിറ്റി വന്നപ്പോൾ; 1500 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് ഇവിടെ വരുന്നു, 33,000 പേർക്ക് ഡയറക്ടായും അതിന്റെ മൂന്നിരട്ടി ആളുകൾക്ക് ഇൻഡയറക്ടായും ജോലി ലഭിക്കുന്നു എന്നു കണ്ടപ്പോൾ അങ്ങ് ഇത് ഉയർത്തിപ്പിടിക്കാനും നേരത്തെ ഇവിടെ പ്രസംഗിച്ച് ദുബായിൽ ആ വാർത്ത എത്തിക്കാനുമുള്ള സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. അങ്ങയോട് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ് ഇനിയെങ്കിലും നമുക്ക് ഈ നാട് നന്നാക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. എനിക്ക് ക്രെഡിറ്റ് വേണ്ട. നമുക്ക് ഒന്നിച്ച് പങ്കിടാം. കാരണം ഈ സംസ്ഥാനത്ത് വികസന രംഗത്ത് നമ്മൾ വളരെയേറെ പുറകോട്ടുപോയി. വളരെയേറെ നഷ്ടങ്ങളുണ്ടാക്കി. ഇതുപോലുള്ള നയങ്ങൾ വെസ്റ്റ് ബംഗാളിൽ ചെയ്യാം. കേരളത്തിൽ പറ്റില്ല എന്നു പറഞ്ഞാൽ എങ്ങനെയാണ്? വെസ്റ്റ് ബംഗാളിലെ മുഖ്യമന്ത്രി ചെയ്യുന്ന കാര്യങ്ങൾ എങ്കിലും സ്വൈരമായി ചെയ്യാൻ എന്നെ നിങ്ങൾ ഒന്ന് അനുവദിക്കണേ എന്ന ഒറ്റ അഭ്യർത്ഥനയേ എനിക്ക് അങ്ങയോടുള്ളൂ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മുഖ്യമന്ത്രി വെസ്റ്റ് ബംഗാളിനേയും ചൈനയേയുമെല്ലാം ഉദാഹരണമാക്കിയിട്ടാണെങ്കിലും ഈ നാടിനെ പണയപ്പെടുത്തുന്ന, ഈ നാടിനെ വിൽക്കുന്ന സമീപനത്തോടൊന്നും യോജിക്കില്ല എന്ന് വളരെ വ്യക്തമായി പറയുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അങ്ങയോട് വീണ്ടും പറയുന്നു. ഈ നാടിനെ പണയപ്പെടുത്തുന്നതിനോ ഈ നാടിന് ദോഷം വരുന്ന എന്തെങ്കിലും ചെയ്യുന്നതിനോ ഞങ്ങളാരും കൂട്ടുനിൽക്കില്ല. ഞാൻ ഈ സഭയിൽ വച്ച് അങ്ങേയ്ക്ക് ഉറപ്പുതരുന്നു. കാരണം ഈ ചെയ്യുന്നതിന്റെയൊക്കെ ഉത്തരവാദിത്തം എനിക്കാണ്. വേറെ ആർക്കും അല്ല. അങ്ങ് എന്ത് ആക്ഷേപം വേണമെങ്കിലും പറഞ്ഞോ ആ നിമിഷം സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ഞാൻ അന്വേഷണം നടത്തിച്ചുതരാം. പക്ഷേ ആരോപണം പേടിച്ചിട്ട് ഇനിയും കേരളത്തിൽ വരുന്ന ഇൻവെസ്റ്റ്മെന്റ് വരേണ്ട എന്നു പറയാൻ ഞാൻ ഈ കസേരയിൽ ഇരിക്കില്ല എന്നു പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങേക്ക് ഏതു സമയത്തും എനിക്ക് എഴുതിത്തരാം. ഏതു വിധത്തിലുള്ള എൻക്വയറിയും നടത്താൻ ഞാൻ തയ്യാറാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞാൻ ഓൺലൈൻ ലോട്ടറിയെപ്പറ്റി ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തിരുന്നു. നിങ്ങൾ അതെല്ലാം സൗകര്യപൂർവ്വം മാറ്റിവച്ചിട്ട് ഓൺലൈൻ ലോട്ടറിക്ക് കീഴടങ്ങി. കേരളത്തെയാകെ നാറ്റത്തിലെത്തിച്ചശേഷം എഴുതിത്തന്നാൽ മതി, പറഞ്ഞാൽ മതി എന്നൊക്കെ പറഞ്ഞാൽ നിങ്ങളുടെ നേരത്തെയുള്ള അഭ്യർത്ഥനയും ആ അഭ്യർത്ഥന സ്വീകരിച്ചതിന്റെ ഫലവുമൊക്കെ എനിക്കുണ്ടല്ലോ.

ശ്രീ. ഉമ്മൻ ചാണ്ടി: ഒരു കാര്യം നൂറുവട്ടം ആവർത്തിച്ചാൽ അത് യാഥാർത്ഥ്യമാകുമെന്ന് അങ്ങ് ധരിക്കരുത്. ഓൺലൈൻ ലോട്ടറിക്കെതിരായി ഗവൺമെന്റ് എടുത്ത നിലപാടിനെ അങ്ങ് ഇപ്പോഴും ചോദ്യം ചെയ്യുകയാണോ? അങ്ങ് ലോട്ടറി കേസിൽ കക്ഷി ചേർക്കുന്നതിനുവേണ്ടി ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിന്റെ കോപ്പി ഞങ്ങളുടെ കയ്യിലുണ്ട്. അതിൽ ഓൺലൈൻ ലോട്ടറിയെക്കുറിച്ച് അങ്ങ് ഒരക്ഷരവും പറഞ്ഞിട്ടില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ധനകാര്യമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ, അദ്ദേഹം പറഞ്ഞ അബദ്ധംതന്നെ നിങ്ങളും ആവർത്തിക്കുന്നു. വക്കീലന്മാർക്കു പോലും ഉചിതമല്ലാത്ത തരത്തിൽ ഞാൻ കൊടുത്ത കേസിനെ അദ്ദേഹം വ്യാഖ്യാനിച്ചിരിക്കുകയാണ്. ഞാൻ വിശദീകരണം കൊടുക്കാൻ വന്നപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ വരുമ്പോൾ മതിയെന്നു പറഞ്ഞതുകൊണ്ടാണ്, അല്ലെങ്കിൽ ഇന്ന് ഞാൻ പറയാനിരുന്നതാണ്. അദ്ദേഹം നാളെ വരുമെന്ന് പറഞ്ഞു. ഞാൻ കൊടുത്ത പെറ്റീഷൻതന്നെ ഇവിടെ ഹാജരാക്കുന്നതും വിശദീകരിക്കുന്നതുമാണ്. അപ്പോൾ നിങ്ങൾക്ക് ഇത് ആവർത്തിച്ചതിന്റെ അബദ്ധം മനസ്സിലാകും.

ശ്രീ. ഉമ്മൻ ചാണ്ടി: ഏതായാലും ഓൺലൈൻ ലോട്ടറിയെക്കുറിച്ച് പറയാതെ കൊടുത്ത അഫിഡവിറ്റിന്റെ ....(ബഹളം)................ഓൺലൈൻ ലോട്ടറിയെക്കുറിച്ച് അങ്ങ് തന്ന കത്ത് ഗൗരവമായിട്ടെടുത്തില്ല എന്നാണോ പറയുന്നത്? ഓൺലൈൻ ലോട്ടറിക്കെതിരായി പറഞ്ഞ കാര്യങ്ങൾ വച്ചുകൊണ്ട് എന്തു വില കൊടുത്തും ഏറ്റവും അധികം വിമർശനങ്ങൾക്ക് വിധേയമായും കേരള ഭാഗ്യക്കുറി നിർത്തുകപോലും ചെയ്തുകൊണ്ട് ഓൺലൈൻ ലോട്ടറി ഇവിടെ നിരോധിക്കുന്നതിന് എടുത്ത തീരുമാനം നിസ്സാരമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞാൻ പറഞ്ഞത് നിങ്ങൾ അവസാനം രണ്ട് ലോട്ടറികളും നിരോധിച്ചതിനെ തുടർന്ന് നാട്ടിലാകെ ഉണ്ടായിട്ടുള്ള, നിങ്ങളുടെ മുന്നണിയിലും കോൺഗ്രസ്സ് പാർട്ടിയിലും ഉണ്ടായിട്ടുള്ള രോഷത്തെ തുടർന്ന് ഇപ്പോൾ ചില നടപടികളെടുത്തിട്ടുണ്ട്. അതല്ല ഞാൻ പറഞ്ഞത്. നിങ്ങൾ ഓൺലൈൻ ലോട്ടറി എന്നുകേട്ടപ്പോൾ അതിശക്തമായ നിലയിൽ രോഷം പ്രകടിപ്പിച്ചതിൽ യാതൊരു ആത്മാർത്ഥതയുമില്ല എന്ന് ഞാൻ പറഞ്ഞ കാരണം ഒരു കൊല്ലമായി ഓൺലൈൻ ലോട്ടറിക്കാരെ രക്ഷിക്കുന്നതിനായി നിങ്ങളുടെ അഡ്വക്കേറ്റ് ജനറൽ, ഡി.ജി.പി. ഇവരെല്ലാം കാണിച്ചിട്ടുള്ള താല്പര്യം എല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെകാലത്ത് മാത്രമല്ല, ബഹുമാനപ്പട്ട എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണിയുടെ കാലത്തും ഇതുപോലെ ഞങ്ങൾ ആവശ്യപ്പെട്ടു. അതെല്ലാം സ്ഫുടമായും വ്യക്തമായും കാണാൻ കഴിയുന്ന തരത്തിലുള്ള കത്തയച്ചു. അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അതുപോലെ തന്നെ ശ്രീ. ഉമ്മൻ ചാണ്ടിയോടും ഞാൻ ആവശ്യപ്പെട്ടു. കത്തയയ്ക്കാൻ പറഞ്ഞു. കത്ത് അയച്ചു. കത്തുകളൊന്നും നിങ്ങൾ സ്വീകരിച്ചില്ല എന്നു മാത്രമല്ല, സമയത്ത് സുപ്രീംകോടതിയിൽ കേസ് നടത്തുന്ന കാര്യത്തിൽത്തന്നെ വന്ന പരാജയം ഞാൻ ചൂണ്ടിക്കാണിച്ചിട്ട് എനിക്ക് അവിടെ കേസ് ഫയൽ ചെയ്യേണ്ടതായിവന്നു. ആ പരാജയത്തിന്റെയെല്ലാം പരിണിതഫലമായി സുപ്രീംകോടതിയുടെ നിർദ്ദേശം അനുസരിച്ച് നിങ്ങളുടെ ലോട്ടറിയുംകൂടി നിരോധിക്കാതെ മറ്റൊരു ലോട്ടറിയും നിരോധിച്ചുകൂടാ എന്ന നിയമം ഉപയോഗിച്ച് നിങ്ങൾ രണ്ടും നിരോധിച്ചു. അപ്പോൾ ഉണ്ടായ രോഷത്തെതുടർന്ന് നിങ്ങൾ ഇപ്പോൾ ഓൺലൈൻ ലോട്ടറിയുടെ ഭയങ്കര ശത്രുക്കളായി നടിക്കുന്നുണ്ട് എന്നുള്ളത് സത്യമാണെങ്കിലും നിങ്ങളുടെ ആത്മാർത്ഥതയെ ഞാൻ ഇപ്പോഴും ചോദ്യം ചെയ്യുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മൾ വിഷയം മാറേണ്ട. കേരളത്തിന്റെ വികസനത്തേയും കേരളത്തിന്റെ ഇൻവെസ്റ്റ്മെന്റിനേയുംകുറിച്ച് പറഞ്ഞതാണ്. അത് അങ്ങയോട് വീണ്ടും ആവർത്തിക്കുന്നു. വെസ്റ്റ് ബംഗാൾ ചെയ്യുന്ന കാര്യങ്ങളെങ്കിലും ഇവിടെ സ്വൈരമായി ചെയ്യാൻ അനുവദിക്കണമെന്ന് പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കോൺഗ്രസ്സിനകത്തെ ഗ്രൂപ്പു വഴക്കുകളെക്കുറിച്ചൊക്കെ ഇവിടെ അവസാനം പ്രസംഗിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻവരെ പറഞ്ഞു. ഞങ്ങളുടെ പാർട്ടിക്കകത്ത് അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഗ്രൂപ്പ് വ്യത്യാസങ്ങളുണ്ട്. ഇതൊക്കെ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ പത്രങ്ങളിൽ വരാറുണ്ട്. നിങ്ങളുടെ ഗ്രൂപ്പ് വഴക്കിനെക്കുറിച്ചൊന്നും ഞാൻ പരസ്യമായി പറയാൻ ആഗ്രഹിക്കുന്നില്ല. ഒരുകാര്യം ഞാൻ പറയുന്നു. ജനസമ്പർക്ക പരിപാടി എനിക്ക് വലിയ അനുഭവമാണ്. കഴിഞ്ഞ അഞ്ചുമാസത്തെ എന്റെ അനുഭവം നിങ്ങളുടെ ഗ്രൂപ്പുവഴക്ക് എത്ര മൂർച്ചിച്ചിരിക്കുന്നു എന്ന അറിയാൻകൂടി ഈ സ്ഥാനത്തിരിക്കുന്നതുകൊണ്ട് സാധിച്ചിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പക്ഷേ അതിരൂക്ഷമായ ഗ്രൂപ്പ് വഴക്കുകളും ഏറ്റുമുട്ടലുകളും വഴക്കും വക്കാണവും ഉണ്ടായിട്ടുള്ള കോൺഗ്രസ്സിൽപോലും ഇതുപോലുള്ള അനുഭവം ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ല. അതുകൊണ്ട് സ്വന്തം കണ്ണിൽ കോൽ ഇരിക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കാൻ ശ്രമിക്കരുത് എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എന്റെ സഹൃത്തുക്കൾ, മുസ്ലീംലീഗിലെ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാർ ശ്രീ. കോടിയേരി ബലകൃഷ്ണൻ പ്രസംഗിച്ചപ്പോൾ കുറച്ച് ബഹളം ഉണ്ടാക്കി. ഞാൻ അത്ഭുതപ്പെട്ടു. നിങ്ങൾ ബഹളം ഉണ്ടാക്കേണ്ട കാര്യമില്ല. യഥാർത്ഥത്തിൽ എനിക്ക് സിമ്പതിയാണ്, ഇവർ വലിയ പ്രതീക്ഷയോടുകൂടി മലപ്പുറത്ത് സമ്മേളനം വച്ചു. അവിടെ ചെന്നിട്ട് ക്ലിക്ക് പിടിക്കുന്നില്ല. അതിന്റെ നിരാശയിൽനിന്ന് എന്തെങ്കിലും പറഞ്ഞാൽ ക്ഷോഭിക്കുകയല്ല വേണ്ടത്. സഹതാപം പ്രകടിപ്പിക്കുകയാണ് വേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിനെക്കുറിച്ച് ഇതിനകത്ത് ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കില്ലെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. അങ്ങേയ്ക്കറിഞ്ഞുകൂടെ, ഭരണഘടനാപരമായിട്ടുള്ള വ്യവസ്ഥയാണ് തെരഞ്ഞെടുപ്പ്. അഞ്ചുകൊല്ലത്തിനുള്ളിൽ അത് നടന്നിരിക്കണം. അതുകൊണ്ട് അങ്ങേക്ക് ഒരു ആശങ്കയും വേണ്ട. ഭരണഘടനാപരമായി നടക്കാൻ പോകുന്ന തെരഞ്ഞടുപ്പിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ എഴുതിവയ്ക്കേണ്ട കാര്യമുണ്ടോ? എഴുതിവച്ചാലും ഇല്ലെങ്കിലും അത് നടത്തിയേ പറ്റൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സെപ്റ്റംബർ മാസത്തിൽ ഇലക്ഷൻ നടക്കണമെങ്കിൽ ആദ്യം വാർഡ് വിഭജനം നടക്കണം. വാർഡ് വിഭജനം നടക്കണമെങ്കിൽ ഓരോ പഞ്ചായത്തിലുമുള്ള വാർഡ് എത്രയെന്ന് നോട്ടിഫൈ ചെയ്യണം. ശ്രീ. ചെർക്കളം അബ്ദുള്ള ഇവിടെ മന്ത്രിയായിരുന്ന സന്ദർഭത്തിൽ ആറ് മാസം മുൻപ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമെന്ന് പറഞ്ഞിട്ട് ഇതുവരെയായിട്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചില്ല. ഇപ്പോഴുള്ള നടപടിക്രമങ്ങൾ വച്ച് നോക്കിയാൽ ഇനിയും മൂന്നു മാസം ഉണ്ടെങ്കിൽ മാത്രമേ നടപടിക്രമങ്ങൾ ആരംഭിക്കാൻ സാധിക്കൂ. ഇതിൽനിന്ന് സെപ്റ്റംബർ മാസത്തിൽ നടക്കില്ലെന്നുള്ളത് വ്യക്തമായില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മൾ ഇവിടെ ബിൽ അവതരിപ്പിക്കുന്നതുതന്നെ വളരെ വേഗത്തിൽ പാസ്സാക്കാനും തീരുമാനം എടുക്കുന്നതിനുംവേണ്ടിയാണ്. വാർഡുകളുടെ എണ്ണം നിശ്ചയിക്കാൻ, അതിനെത്തുടർന്നുള്ള നടപടിക്രമങ്ങൾ തീരുമാനിക്കാൻ വേണ്ടിയിട്ടുള്ള നിയമം നാളെ ഇവിടെ ചർച്ചയ്ക്ക് വരികയാണ്. ഇവിടെ പാസാകുമല്ലോ. നിയമം നിയമത്തിന്റെ വഴിക്ക് പോകും തെരഞ്ഞെടുപ്പ് സമയത്തുതന്നെ നടക്കും. എന്തെങ്കിലും സംശയം ശ്രീ. കോടിയേരി ബാലകൃഷ്ണന് ഉണ്ടെങ്കിൽ അത് മാറ്റാൻകൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അഴിമതിക്കെതിരെ ശക്തമായിട്ടുള്ള നടപടി ഈ സർക്കാർ സ്വീകരിക്കും. അഴിമതി ഇല്ലാതാക്കുന്നതിന് ഇന്നുള്ള നടപടിക്രമങ്ങൾ ഫലപ്രദമാണോ എന്നുള്ള കാര്യം സംശയമാണ്. അഴിമതി നടത്തിയതിനുശേഷം അഴിമതി കണ്ടുപിടിക്കുക എന്നുള്ളത് നൂറിൽ ഒന്നോ അല്ലെങ്കിൽ ആയിരത്തിൽ ഒന്നോ ആയിരിക്കും കിട്ടാൻ പോകുന്നത്. അതുകൊണ്ട് അഴിമതി നടക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് പരമാവധി കാര്യങ്ങൾ സുതാര്യമായി നടത്തുക, അഴിമതിക്കാർ എന്ന് വളരെ അറിയപ്പെടുന്ന ആളുകളെ പ്രധാനപ്പെട്ട പോസ്റ്റുകളിൽ ഇരുത്താതിരിക്കുക, അങ്ങനെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് അഴിമതിക്കെതിരെ ശക്തമായിട്ടുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. വികസന പ്രവർത്തനങ്ങളിൽ, പുതിയ നിക്ഷേപ സമാഹരണ രംഗങ്ങളിൽ, വിവിധ രംഗങ്ങളിൽ നമ്മുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പ്രതിപക്ഷത്തിന്റെ സഹകരണം

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്ന് ഞാൻ നേരത്തെ ആവശ്യപ്പെടുകയുണ്ടായി. ഇന്ന് ലോകമാകെ മാറുകയാണ്. വളരെ വേഗത്തിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ മാറ്റങ്ങളോട് പ്രതികരിക്കുവാൻ നമ്മൾ വളരെ മടിച്ചു. വളരെ വൈകി. നമ്മുടെ അനുഭവങ്ങൾവച്ചു പറയുകയാണ്. നിങ്ങൾക്കറിയാമല്ലോ. ഓരോരോ കാര്യങ്ങളിലും ഇവിടെ മാറ്റങ്ങൾ വരുമ്പോൾ അറച്ചു നിൽക്കുകയാണ്. ഇതിന്റെ നഷ്ടങ്ങൾ എത്രയോ വലുതാണ്. ഏറ്റവും ഒടുവിൽ വന്നിട്ടുള്ളത് കമ്പ്യൂട്ടറാണ്. കമ്പ്യൂട്ടറില്ലാത്ത കാര്യത്തെക്കുറിച്ച് ചിന്തിക്കാൻ പറ്റുമോ? പത്ത് കൊല്ലത്തിനപ്പുറത്ത് ഇവിടെ കമ്പ്യൂട്ടർവിരുദ്ധ സമരമായിരുന്നു. ലോകത്തൊട്ടാകെ വരുന്ന മാറ്റങ്ങളോട് നമ്മൾ പ്രതികരിക്കാൻ വൈകുന്നു. ഇനിയെങ്കിലും ഈ നഷ്ടം വരാതിരിക്കാൻ നമുക്ക് ലോകത്ത് നടക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട് പോകണം. അതിന് കേരളത്തിന്റെ കാര്യങ്ങളിൽ ഇങ്ങോട്ട് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള പ്രഗൽഭരായിട്ടുള്ള ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിന്റെ വികസനത്തെക്കുറിച്ച്, ടെക്നോളജി ഡെവലപ്പ്മെന്റിനെക്കുറിച്ച് അങ്ങനെ വിവിധ മേഖലകളിലുള്ള കേരളത്തിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് രൂപരേഖയുണ്ടാക്കാൻ, അത് നടപ്പിലാക്കുന്ന കാര്യങ്ങളെക്കുറിച്ചൊക്കെ ആലോചിക്കാൻ പ്രഗൽഭരായിട്ടുള്ള ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അഡ്വൈസറി കമ്മിറ്റി ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. വിദേശത്ത് വളരെയേറെ കഴിവുള്ള മലയാളികൾ വിവിധ മേഖലകളിൽ പ്രഗൽഭരായിട്ടുള്ളവരുണ്ട്. ഓരോരോ മേഖലകളിലും പ്രഗൽഭരായിട്ടുള്ളവർ, അവർ പ്രവർത്തിക്കുന്ന രംഗങ്ങളിൽ അവരുടെ പ്രാഗൽഭ്യം തെളിഞ്ഞിട്ടുള്ള, നമ്മുടെ നാടിനുതന്നെ അഭിമാനിക്കാൻ സാധിക്കുന്ന പ്രഗൽഭരായിട്ടുള്ള ആളുകളെ ഓരോരോ മേഖല തിരിച്ച് ലിസ്റ്റുണ്ടാക്കണം. കേരളത്തിന്റെ ഓരോ പ്രശ്നങ്ങൾ വരുമ്പോഴും അവരുമായി കൺസൾട്ട് ചെയ്ത് അവരുടെകൂടി സഹകരണത്തോടെ ലോകത്തൊന്നാകെ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിന്റെ വികസന രംഗത്തേക്ക് ഓടി അടുക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നതിന്, അങ്ങനെ ഒരു സംവിധാനം ഉണ്ടാക്കുന്നതിന് ആലോചനയുണ്ട്. ഇക്കാര്യങ്ങളിലെല്ലാം നിങ്ങളുടെ സഹായവും സഹകരണവും ഉണ്ടാകണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു. മൂന്നു ദിവസം നടന്ന ചർച്ചയിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ഗവൺമെന്റ് ഗൗരവമായിത്തന്നെയെടുക്കും. ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ. പി. എസ്. സുപാൽ, ബിനോയ് വിശ്വം, മാങ്കോട് രാധാകൃഷ്ണൻ, പി. നാരായണൻ, എൻ. രാജൻ, കെ. പി. മോഹനൻ. എ.സി. മൊയ്തീൻ, പി. സി. ജോർജ്ജ്, കെ. പി. സതീശ്ചന്ദ്രൻ, സാജുപോൾ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, കെ. കെ. ജയചന്ദ്രൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, വി. ചെന്താമരാക്ഷൻ, ടി. കെ. ബാലൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ തങ്ങളുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....................................

പ്രതികൂലിക്കുന്നവർ.....................................

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയം അംഗീകരിക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ.................................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: (സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—80

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്
3. ,, കെ. അച്ചുതൻ
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, പി. കെ. കെ. ബാവ
11. ,, ടി. വി. ചന്ദ്രമോഹൻ
12. ,, കെ. എ. ചന്ദ്രൻ
13. ,, എം. എ. ചന്ദ്രശേഖരൻ
14. ,, ഡൊമിനിക് പ്രസന്റേഷൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പി. പി. ജോർജ്
17. ,, ജോർജ് ജെ. മാത്യു
18. ശ്രീമതി കെ. ആർ ഗൗരിയമ്മ
19. ശ്രീ. എം. എം. ഹസ്സൻ
20. ,, വി. കെ. ഇബ്രാഹിംകുഞ്ഞ്
21. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. ഇസഹാക്ക് കുരിക്കൾ
23. ,, ഉമ്മൻചാണ്ടി
24. ,, എം. കെ. പോൾസൺ മാസ്റ്റർ
25. ,, ജോസഫ് എം. പുതുശ്ശേരി
26. ,, പി. ജെ. ജോയി
27. ,, ജി. കാർത്തികേയൻ
28. ,, കെ. എൻ. എ. ഖാദർ
29. ,, കെ. കെ. നായർ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി
33. ,, ലൂഡി ലൂയിസ്
34. ,, സി. മമ്മുട്ടി
35. ,, കെ. എം. മാണി
36. ,, കെ. മുഹമ്മദാലി
37. ,, ഇ. ടി. മുഹമ്മദ് ബഷീർ
38. ,, കെ. മോഹൻകുമാർ
39. ,, എ. കെ. മണി
40. ,, സി. മോയിൻകുട്ടി
41. ,, ആര്യാടൻ മുഹമ്മദ്
42. ,, സി. പി. മുഹമ്മദ്
43. ,, എം. മുരളി
44. പ്രൊഫ. എ. ഡി. മുസ്തഫ
45. ശ്രീ. ടി. എച്ച്. മുസ്തഫ
46. ,, കെ. നാരായണകുറുപ്പ്
47. ,, എഴുകോൺ നാരായണൻ
48. ,, വി. ജെ. പൗലോസ്

LIBRARY ARCHIVES Kerala Legislative Assembly

49. ശ്രീ. അടൂർ പ്രകാശ്

50. ,, ടി. എൻ. പ്രതാപൻ

51. ,, ജി. പ്രതാപവർമ്മ തമ്പാൻ

52. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

53. ശ്രീമതി രാധാരാഘവൻ

54. ശ്രീ. എം. വി. രാഘവൻ

55. ,, എ. എൻ. രാജൻ ബാബു

56. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ

57. ,, യു. സി. രാമൻ

58. ,, തമ്പാനൂർ രവി

59. ,, റോഷി അഗസ്റ്റിൻ

60. ,, ടി. പി. എം. സാഹിർ

61. ,, എൻ. ശക്തൻ

62. ,, പി. ശങ്കരൻ

63. ,, കെ. ശങ്കരനാരായണൻ

64. ശ്രീമതി മാലേത്ത് സരളാദേവി

65. ശ്രീ. വി. ഡി. സതീശൻ

66. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

67. ശ്രീ. കെ. കെ ഷാജു

68. ശ്രീമതി ശോഭനാ ജോർജ്

69. ശ്രീ. നാലകത്ത് സൂപ്പി

70. ,, കെ. സുധാകരൻ

71. ,, ഡി. സുഗതൻ

72. ,, എ. സുജനപാലൻ

73. ,, സി. എഫ്. തോമസ്

74. പ്രൊ. കെ. വി. തോമസ്

75. ശ്രീ. പി. ടി. തോമസ്

2/548/2012—18

LIBRARY ARCHIVES Kerala Legislative Assembly

76. ശ്രീ. തോമസ് ചാഴികാടൻ
77. ,, എം. എ. വാഹീദ്
78. ,, കെ. സി. വേണുഗോപാൽ
79. ,, കെ. പി. വിശ്വനാഥൻ
80. ,, വക്കം പുരുഷോത്തമൻ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, ബിനോയ് വിശ്വം
8. ,, വി. കെ. ചന്ദ്രൻ
9. ,, വി. ചെന്താമരാക്ഷൻ
10. ,, ടി. കെ. ദേവകുമാർ
11. ,, പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ,, കെ. കെ. ജയചന്ദ്രൻ
15. ,, എം. വി. ജയരാജൻ
16. ഡോ. കെ. സി. ജോസഫ്
17. ശ്രീ. എം. കുമാരൻ
18. ,, കെ. വി. കുഞ്ഞിരാമൻ
19. ,, കോവൂർ കുഞ്ഞുമോൻ
20. ,, വി. കെ. സി. മമ്മത്കോയ
21. ,, മത്തായി ചാക്കോ
22. ,, കെ. പി. മോഹനൻ
23. ,, എ. സി. മൊയ്തീൻ
24. ,, പിരപ്പൻകോട് മുരളി
25. ,, സി. കെ. നാണു
26. ,, പി. നാരായണൻ

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. കെ. രാധാകൃഷ്ണൻ
28. ,, എൻ. രാജൻ
29. ,, കെ. പി. രാജേന്ദ്രൻ
30. ,, രാജു എബ്രഹാം
31. ,, ടി. പി. രാമകൃഷ്ണൻ
32. ,, സാജു പോൾ
33. ,, കെ. പി. സതീശ് ചന്ദ്രൻ
34. ,, എ. സി. ഷൺമുഖദാസ്
35. ,, പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ—80

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. നന്ദി പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ഫെബ്രുവരി മാസം 3-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly